# ഖുർആൻ

## അത്ഭുതങ്ങളുടെ അത്ഭുതം

അഹ്മദ് ദീദാത്ത്

# ഖുർആൻ

## അത്ഭുതങ്ങളുടെ അത്ഭുതം

വിവർത്തനം: ഉദിനൂർ മുഹമ്മദ് കുഞ്ഞി

qur'an - albudhangalude albudham
(malayalam)
author:
ahanmmed deedath
translator:
udinoor muhammed kunji
typesetting :
creative media
cover :
yoonus
printing:
anaswara, cochin

## താളുകളിലൂടെ


1. ഖുർആൻ, അത്ഭുതങ്ങളുടെ അത്ഭുതം 11
2. ശാസ്ത്രവും ഖുർആനിക വെളിപാടുകളും 23
3. രേഖപ്പെടുത്തലിൽ പരമാതുല്യമായ ഖുർആൻ 33
4. അത്ഭുതമുളവാക്കുന്ന ടെലഗ്രാമുകളുടെ ഗ്രന്ഥം 56
5. ദൈവം,ഗുണങ്ങളിൽ അതുല്യൻ 71
6. തർക്ക പരിഹാരം 77

# വിവർത്തകക്കുറിപ്പ്

ബൈബിളിലും ഇതര മതഗ്രന്ഥങ്ങളിലും അഗാധമായ പാണ്ഡിത്യം നേടി, ലോകത്തുടനീളം അനേകം മുസ്‌ലിമേതര സദസ്സുകളിൽ ഇസ്‌ലാമിക പ്രഭാഷണങ്ങളും താരതമ്യ മതസംവാദങ്ങളും നടത്തിയ പ്രതിഭാധനായ വാഗ്മിയാണ് അഹ്മദ് ദീദാത്ത്. ഇസ്‌ലാമിനെ അനാവരണം ചെയ്യുന്ന അദ്ദേഹം രചിച്ച പതിനഞ്ചോളം കൃതികളും, പ്രഭാഷണങ്ങളുടെയും സംവാദങ്ങളുടെയും ഓഡിയോ വീഡിയോ കാസറ്റുകളും, ലോകവ്യാപകമായി പ്രചുരപ്രചാരം സിദ്ധിച്ചവയാണ്.

1918ൽ ഗുജറാത്തിൽ ജനിച്ച ദീദാത്ത് പിതാവിനോടൊപ്പം ഒമ്പതാമത്തെ വയസ്സിൽ ദക്ഷിണാഫ്രിക്കയിലെത്തിച്ചേർന്നു. യുവാവായ ദീദാത്ത് അവിടെ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളുടെ ആവശ്യകത മനസ്സിലാക്കി അതിനായുള്ള പ്രയത്നങ്ങളിലേർപ്പെട്ടു. ഡർബനിൽ 1957ൽ ഇസ്‌ലാമിക് പ്രൊപഗേഷൻ സെന്റർ ഇന്റർനാഷനൽ സ്ഥാപിച്ചു അതിന്റെ മേധാവിയായി വിവിധ പ്രബോധന സംരംഭങ്ങളിലേർപ്പെട്ടു. അദ്ദേഹത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങൾക്കു ലഭിച്ച അംഗീകാരത്തിന്റെ ഫലമായി 1986ൽ ഇസ്‌ലാമിക ലോകത്തെ അത്യുന്നത ബഹുമതിയായ ഫൈസൽ പുരസ്കാരം നൽകി ആദരിക്കപ്പെട്ടു.

അദ്ദേഹത്തിന്റെ മുഹമ്മദ് ദ ഗ്രേറ്റസ്റ്റ് എന്ന കൃതി ഈ വിനീതൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ അൽ ഖുർആൻ ദ മിറേക്കൽ ഓഫ് മിറേക്കൽസ്ന്റെ വിവർത്തനമാണ് മാന്യ വായനക്കാരുടെ കൈകളിലിരിക്കുന്നത്.

പ്രപഞ്ച സംവിധാനത്തിന്റെ ഉപജ്ഞാതാവായ ദൈവം മാനവരാശിയുടെ മാർഗ്ഗദർശനത്തിനായി അവതരിപ്പിച്ച ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. ലോക ജനത, 1400 വർഷങ്ങൾക്ക് മുമ്പ് മരുഭൂമിയിലെ നിരക്ഷരനായ മുഹമ്മദി(സ) ൽ നിന്നും ഈ ഗ്രന്ഥത്തിലൂടെ ദൈവിക വചനങ്ങൾ ശ്രവിച്ചപ്പോൾ അവിടെ ഒരത്ഭുതം സംഭവിക്കുകയായിരുന്നു. അറബിയിലെ അനനുകരണീയമായ സാഹിതീ ഭാഷയിൽ വിരചിതമായ ഖുർആൻ ആ ഭാഷയിലെ സാഹിത്യാത്ഭുതമായി അന്നും ഇന്നും നിലകൊള്ളുന്നു. പിന്നീടു സ്ഥിരീകരിക്കപ്പെട്ട ഭാവി സംഭവങ്ങൾ പ്രവചിക്കുന്നതും ശാസ്ത്രീയ തത്വങ്ങൾ പ്രതിപാദിക്കുന്നതുമായ ഖുർആനിലെ പരാമർശങ്ങൾ അതിന്റെ അനേകം അത്ഭുതങ്ങളിൽ ഒന്നു മാത്രമാണ്. തലമുറകളായി, വ്യക്തിതലത്തിലും സാമുദായിക തലത്തിലും, ഖുർആനിന്റെ നിർദ്ദേശങ്ങളെ പിന്തുടർന്നു ജീവിച്ച മുസ്‌ലിംകളെ, വിദ്യാഭ്യാസവൽക്കരിക്കുന്നതിലും ആത്മീയമായും മാനസികമായും ശാരീരികമായും പരിപൂർണ്ണമായും പുരോഗതി പ്രാപിച്ച മനുഷ്യരാക്കുന്നതിലും അത് പൂർണ്ണമായും വിജയിച്ചു. ദൈവിക വിധിവിലക്കുകളെ അനുസരിച്ചു കൊണ്ട് ഇഹപരവിജയം കരസ്ഥമാക്കാൻ മനുഷ്യനെ സജ്ജമാക്കുന്ന ഈ ഗ്രന്ഥം മദ്യപാനം, ചൂതാട്ടം, സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം, മത തീവ്രവാദം, ഏകാധിപത്യം, അമിത ഉപഭോഗം, പരസ്ത്രീ സംസർഗ്ഗം, കരകുറ്റ കൃത്യങ്ങൾ എന്നിവ വിപാടനം ചെയ്യുന്നതിലും വളരെ ഫലവത്തായ പങ്കുവഹിച്ചു എന്നുള്ളത് ചരിത്ര യാഥാർത്ഥ്യമാണ്.

മുമ്പ് മനുഷ്യർക്കജ്ഞാതമായതും ശാസ്ത്രപരിണാമവും നിഗമനങ്ങളും പൂർണ്ണമായും ശരിവെച്ചതുമായ വിശ്വ പ്രകൃതിയെക്കുറിച്ചുള്ള ഖുർആനിലെ അനേകം പ്രതിപാദ്യങ്ങൾ ദീദാത്ത് ഈ കൃതിയിലൂടെ വ്യക്തമാക്കുന്നു. ശാസ്ത്രവിജ്ഞാനം ആർജ്ജിക്കേണ്ടത് മുസ്‌ലിംകളുടെ മതപരമായ കർത്തവ്യമാണെന്ന ഖുർആന്റെ അനുശാസനത്തെക്കുറിച്ച് ബോധവൽക്കരിക്കുന്ന അദ്ദേഹം ഖുർആനിലെ പരാമർശങ്ങളെ വിമർശിക്കുന്നവരും ദുർവ്യഖ്യാനം ചെയ്തവരുമായ പാശ്ചാത്യ പണ്ഡിതരെ വസ്തുനിഷ്ഠമായി ഖണ്ഡിക്കുന്നു. ഖുർആനിന്റെ അതുല്യമായ രചനാരീതിയെയും ദൈവത്തിന്റെ ഗുണങ്ങളിലെ അതുല്യതയെയും സ്പഷ്ടമാക്കുന്ന അദ്ദേഹം അതിന്റെ വാക്യങ്ങളും പദസമുച്ചയങ്ങളും മാത്രമല്ല, രചനാരീതി പോലും അനുകരിച്ചു കൊണ്ട് ക്രിസ്തീയ സുവിശേഷങ്ങൾ ഖുർആന്റെ ശൈലിയിൽ നിർമ്മിച്ചതിനെ അനാവൃതമാക്കുന്നു. വിശുദ്ധഖുർആനിനെപ്പോലെ ഒരു ഗ്രന്ഥമോ അതിലെ ഒരു വാക്യമെങ്കിലുമോ അവതരിപ്പിക്കാൻ ലോകം വെല്ലുവിളിക്കപ്പെട്ടുവെങ്കിലും പതിനാലു നൂറ്റാണ്ടുകളായി അങ്ങിനെയൊന്ന് ഉണ്ടാക്കപ്പെട്ടിട്ടില്ല എന്നതും ഈ കൃതിയിലൂടെ വിശദമാക്കുന്നു.

എന്റെയും ഈ കൃതി പ്രസിദ്ധീകൃതമാക്കാൻ സഹകരിച്ച എല്ലാവരുടെയും സേവനങ്ങളെ അവന്റെ അനന്ത കാരുണ്യങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്, ഉൽകൃഷ്ട പ്രതിഫലധാതാവായ അല്ലാഹുവിന്ന് വിനയാന്വിതം സമർപ്പിക്കുന്നു. ഡോ: നാസർ എഫ്. അകീൽ, എം. എം. അക്ബർ (ഡയരക്ടർ, നിച്ച് ഓഫ് ട്രൂത്ത്), എ. മുഹിയുദ്ദീൻ മാസ്റ്റർ പരപ്പനങ്ങാടി, എഞ്ചിനീയർ മുഹമ്മദ് അശ്റഫ് സാഹിബ്, എന്നിവരോടും ഇതിലെ ഖുർആൻ വാക്യങ്ങൾ ഭാഷാന്തരം ചെയ്ത ടി.പി. അബ്ദുൽ റസാഖ് ബാഖവി അവർകളോടും രചനാരംഗത്ത് എനിക്ക് പ്രേരകമായി വർത്തിച്ച എല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ആത്യന്തിക സത്യം അന്വേഷിക്കുന്ന നിഷ്പക്ഷമതികൾക്ക് ഖുർആനിലെ പ്രതിപാദ്യങ്ങളുടെ ആധികാരികതയും അതിന്റെ അമാനുഷികതയും ബോധ്യപ്പെടാൻ ഈ കൃതി പ്രചോദകമായെങ്കിൽ ഈ ഉദ്യമം സഫലമായി.

**ഉദീനൂർ മുഹമ്മദ് കുഞ്ഞി** **01.08.2001**

അദ്ധ്യായം 1

# ഖുർആൻ, അത്ഭുതങ്ങളുടെ അത്ഭുതം

قُل لَّئِن اجْتَمَعَتِ الْإِنسُ وَ الْجِنُّ عَلَىٰ أَن يَأْتُوا۟
بِمِثْلِ هَـٰذَا الْقُرْءَانِ لَا يَأْتُونَ بِمِثْلِهِۦ وَ لَوْ كَانَ بَعْضُهُمْ
لِبَعْضٍ ظَهِيرًا

(നബിയേ,) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നു*കളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും **

*വിശുദ്ധ ഖുർആൻ (17:88)*

## അത്ഭുതമെന്നാലെന്ത് ?

അത്ഭുതമെന്നാൽ എന്താണെന്ന് വ്യക്തമായി മനസ്സിലാക്കുന്നത് ഉചിതമാകുമെന്ന് ഞാൻ കരുതുന്നു. ചില നിർവചനങ്ങൾ: പ്രകൃതി നിയമങ്ങൾക്ക് വിശദീകരിക്കാൻ കഴിയാത്ത, മാനുഷികമെന്നോ ദൈവിക കൃത്യമെന്നോ ധരിക്കാവുന്ന ഒരു സംഭവം. ആദര സമന്വിതമായ അത്ഭുത മുളവാക്കുന്ന വ്യക്തി അല്ലെങ്കിൽ സംഭവം.

* ജിന്ന് മനുഷ്യനെപോലെ ദൈവിക മാർഗ്ഗദർശനത്തെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്ന അഗ്നിയാൽ സൃഷ്ടിക്കപ്പെട്ട അദൃശ്യരായ ജീവ വർഗ്ഗം.

** ഖുർആന്റെ ദൃഷ്ടാന്തം നിലകൊള്ളുന്നത് അതിന്റെ സൌന്ദര്യത്തിലും പ്രകൃതിയിലും അത് പ്രഖ്യാപിക്കപ്പെട്ട സാഹചര്യങ്ങളിലുമാണ്. ലോകത്ത് ഖുർആന്റെ ആധികാരികതയെക്കുറിച്ച് സംശയാലുക്കളായവരെ അത് പോലൊരു ഗ്രന്ഥം അവതരിപ്പിക്കാൻ വെല്ലുവിളിച്ചെങ്കിലും അങ്ങനെയൊന്ന് കൊണ്ടു വരാൻ അവർക്ക് സാധിച്ചില്ല. ഇന്ന് 1400 വർഷങ്ങൾക്ക് ശേഷവും മൂലവാക്യങ്ങൾ ദൂഷിതമാകാതെ ശുദ്ധമായി നിലനിൽക്കുന്ന ഒരേ ഒരു വെളിപാട് പുസ്തകം ഖുർആൻ മാത്രമാണ്.

മാനുഷിക കഴിവുകൾക്കതീതമായ, അസാധ്യമെന്ന് കരുതപ്പെടുന്ന ഒരു കൃത്യം. അസാധ്യത വർദ്ധിക്കുന്തോറും, അത്ഭുതത്തിന്റെ അളവും വർധിക്കുന്നു എന്നതാണ് യുക്തിസഹം. ഉദാഹരണത്തിന് നമ്മുടെ കൺമുമ്പിൽ വെച്ച് മരണപ്പെടുന്ന ഒരാളെക്കുറിച്ച് അയാൾ മരണപ്പെട്ടതായി യോഗ്യനായ ഒരു വൈദ്യൻ സാക്ഷ്യപ്പെടുത്തി എന്നിരിക്കട്ടെ; പിന്നീട് ഒരു യോഗി അല്ലെങ്കിൽ ദിവ്യൻ ആ ജഡത്തോട് എഴുന്നേൽക്കൂ എന്ന് ആജ്ഞാപിക്കുന്നു. എല്ലാവരെയും ആശ്ചര്യഭരിതരാക്കി ആ മനുഷ്യൻ എഴുന്നേറ്റ് നടന്നാൽ നാം അതിനെ അത്ഭുതം എന്ന് വിശേഷിപ്പിക്കുന്നു. മരിച്ച ആളിന്റെ ഉയിർത്തെഴുന്നേൽപ് ജഡം മോർച്ചറിയിൽ സൂക്ഷിച്ച് മൂന്ന് ദിവസം കഴിഞ്ഞാണ് സംഭവിച്ചത് എങ്കിൽ നാം അതിനെ അതിലും വലിയ അത്ഭുതമെന്ന് വാഴ്ത്തുന്നു. മരിച്ച ആളുടെ ജഡം ജീർണ്ണിച്ചു നശിച്ചതിന് ശേഷം പതിറ്റാണ്ടുകൾ അല്ലെങ്കിൽ നൂറ്റാണ്ടുകൾക്ക് ശേഷമാണ് ഉയർത്തെഴുന്നേൽപ്പിക്കുന്നതെങ്കിൽ നാമതിനെ അവയെക്കാളെല്ലാം മഹത്തായ അത്ഭുതമെന്ന് വിശേഷിപ്പിക്കുന്നു.

## പൊതു സ്വഭാവം

പുരാതന കാലം തൊട്ട് ദൈവത്തിന്റെ ഇച്ഛക്കും പദ്ധതികൾക്കും അനുസൃതമായി അവരുടെ നടപടികൾ രൂപപ്പെടുത്താൻ ജനങ്ങളിലേക്ക് എപ്പോഴെല്ലാം അവന്റെ മാർഗ്ഗദർശകരായ പ്രതിനിധികൾ പ്രത്യക്ഷപ്പെട്ടുവോ, അപ്പോഴെല്ലാം അതിന്റെ ഗുണത്തിന്റെ അടിസ്ഥാനത്തിൽ ദൈവിക സന്ദേശം സ്വീകരിക്കുന്നതിന്ന് പകരം, അമാനുഷിക ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തണമെന്നതായിരുന്നു അവർ ആവശ്യപ്പെട്ടുകൊണ്ടിരുന്നത്. ഉദാഹരണത്തിന്, യേശു അദ്ദേഹത്തിന്റെ ജനതയായ ഇസ്രാഈൽ സന്തതികളോട് അവരുടെ പെരുമാറ്റവും ജീവിതരീതിയും നന്നാക്കണമെന്നും നിയമ സിദ്ധാന്തത്തിനനുസൃതമായ രൂപഭദ്രതാവാദം (രൂപത്തിന് പ്രാധാന്യം നൽകുന്ന സിദ്ധാന്തം) കൈവെടിഞ്ഞ് ദൈവത്തിന്റെ കൽപനകളെയും നിയമങ്ങളെയും അതിന്റെ യഥാർത്ഥ ചൈതന്യത്തോടെ സ്വാംശീകരിക്കണമെന്നും ഉദ്ബോധനം നടത്തി. അദ്ദേഹത്തിന്റെ നിർവ്യാജത തെളിയിക്കാൻ അദ്ദേഹം അത്ഭുതങ്ങൾ പ്രകടിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ക്രിസ്തീയ ഗ്രന്ഥങ്ങൾ രേഖപ്പെടുത്തിയ പോലെ:





''അപ്പോൾ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോടു: ഗുരോ, നീ ഒരു അടയാളം ചെയ്തു കാണ്മാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അവൻ അവരോടു ഉത്തരം പറഞ്ഞത്: ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനോ പ്രവാചകന്റെ അടയാളമല്ലാതെ അതിന്ന് അടയാളം ലഭിക്കയില്ല."

*ബൈബിൾ (മത്തായി 12:3839)*

ഈയവസരത്തിൽ യേശു ജൂതന്മാർക്ക് അങ്ങനെയൊരു വിരുന്നൊരുക്കാൻ തയ്യാറായിരുന്നില്ലെങ്കിലും യഥാർത്ഥത്തിൽ സുവിശേഷപുസ്തകത്തിന്റെ വിവരണത്തിൽ നിന്നും നമുക്ക് മനസ്സിലാവുന്നത് അദ്ദേഹം അനേകം അത്ഭുതങ്ങൾ പ്രകടിപ്പിച്ചിരുന്നു എന്നാണ്. ബൈബിൾ നിറയെ അവരുടെ ദൈവം പ്രവാചകന്മാരെ അധികാരപ്പെടുത്തിയ അമാനുഷിക സംഭവങ്ങളാൽ നിറഞ്ഞതാണ്. യഥാർത്ഥത്തിൽ ഈ അടയാളങ്ങളും ''വിസ്മയങ്ങളും'' "അത്ഭുതങ്ങളും" ദൈവത്തിന്റെ കൃത്യങ്ങളായിരുന്നു. അവന്റെ മനുഷ്യരായ പ്രതിനിധികളിലൂടെ അവരുടെ കരങ്ങളാൽ നിർവ്വഹിക്കപ്പെട്ടത് കൊണ്ട്, നാമവയെ പ്രവാചകരുടെ അഥവാ യേശുവിന്റെ, മോശെയുടെ (അവരുടെ മേൽ ദൈവീക ശാന്തിയുണ്ടാവട്ടെ), പേരിനോട് ചേർത്ത് പറയുന്നു.

## കുത്തുവാക്ക് തുടരുന്നു

യേശു ജനിച്ചതിന് 600 വർഷങ്ങൾക്ക് ശേഷം ദൈവദൂതൻ മുഹമ്മദ്(സ) അറേബ്യയിലെ മക്കയിൽ ജനിച്ചു. 40-ാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ ദൗത്യമെന്താണെന്ന് പ്രഖ്യാപിച്ചപ്പോൾ, സഹദേശ വാസികളായ മക്കയിലെ മുശ്രിക്കുകൾ (ബഹുദൈവ വിശ്വാസികൾ) ജൂതന്മാരെ പോലെ അത്ഭുത ദൃഷ്ടാന്തങ്ങൾക്കായുള്ള അപേക്ഷ നടത്തി. പാഠപുസ്തക ശൈലിയിൽ പറഞ്ഞാൽ അറബികൾ ക്രിസ്ത്യൻ രേഖകളിൽ നിന്നും ഒരു കടലാസ് കടമെടുത്തു. ചരിത്രത്തിന് ആവർത്തിക്കുന്ന ഒരു സ്വഭാവുണ്ടല്ലോ!

وَ قَالُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَـٰتٌ مِّن رَّبِّهِۦ

അവർ (അവിശ്വാസികൾ) പറഞ്ഞു: 'ഇവന്നു രക്ഷിതാവിങ്കൽ

നിന്ന് എന്തുകൊണ്ട് ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കപ്പെടുന്നില്ല?'

*വിശുദ്ധ ഖുർആൻ (29:50)*

## അടയാളങ്ങൾ ! എന്തടയാളങ്ങൾ?

"അത്ഭുതങ്ങൾ? അവൻ ആക്രോശിക്കുന്നു,നിങ്ങളിലെന്ത് അത്ഭുതമാണ് ഉണ്ടാവുക? നിങ്ങൾ തന്നെ അവിടെയുണ്ടല്ലോ? ദൈവം നിങ്ങളെ സൃഷ്ടിച്ചു, അൽപം കളിമണ്ണിൽനിന്നും നിങ്ങളെ രൂപപ്പെടുത്തി, നിങ്ങളൊരിക്കൽ ബാലനായിരുന്നു; അതിനും കുറച്ചു വർഷങ്ങൾക്കു മുമ്പ് നിങ്ങൾ തീരെ ഉണ്ടായിരുന്നില്ല. നിങ്ങൾക്ക് സൗന്ദര്യമുണ്ട്, ശക്തിയുണ്ട്, ചിന്തകളുണ്ട്. നിങ്ങളിൽ പരസ്പരാനുകമ്പയുണ്ട്, ഇനി നിങ്ങൾക്ക് വയസ്സായി മുടിക്ക് നര ബാധിക്കും. നിങ്ങളുടെ ശക്തി ദൗർബല്യത്തിനു വഴിമാറും. മരണത്തോടടുക്കുന്ന അവസ്ഥക്ക് ശേഷം നിങ്ങൾ മരണപ്പെട്ടു തീരേ ഇല്ലാതായിത്തീരും. നിങ്ങളിൽ പരസ്പരാനുകമ്പയുണ്ട്: ഇതെന്നെ വളരെയേറെ സ്പർശിച്ചു: അല്ലാഹു നിങ്ങളെ പരസ്പര സഹാനുഭൂതിയോടെയല്ല സൃഷ്ടിച്ചതെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ഇതൊരു മഹത്തായ, നേരായ ചിന്തയാണ്,വസ്തുതകളുടെ യാഥാർത്ഥ്യത്തിലേക്ക് നേരിട്ടുള്ള ഒരെത്തിനോട്ടം".

On Heroes Hero-Worship and the Heroic in History – By Thomas Carlyle.

## എന്നെ ഏറ്റവും സ്പർശിച്ചു

ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷ പഠനം നടത്തിയ തോമസ് കാർലൈലിന് ഹൃദയഹാരിയായി തോന്നിയത് നിങ്ങളിൽ പരസ്പര സഹാനുഭൂതിയുണ്ട് എന്ന വചനമായിരിക്കാമെന്ന് ഞാനനുമാനിക്കുന്നു. അദ്ദേഹത്തിന്റെ വൈകാരികതക്ക് പ്രേരിപ്പിച്ച വചനം ഇതായിരിക്കാം:

*Translation By A.Yusuf Ali*

``And among his signs is this, that he created for you mates from among yourselves, That ye may dwell in tranquility with them. and he has put love and mercy between your (hearts): Verily in that are signs for those who reflect".

*(Holy Quran 30:21)*

"നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവൻെറ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്".

*(വിശുദ്ധ ഖുർആൻ 30:21)*

*Translation By Rev. J.M.Rodwell*

``And one of his signs it is, that he hath created wives for you of your own species,That ye may dwell with them, and hath put love and tenderness between you. Herein truly are signs for those who reflect".

"നിങ്ങളുടെ വർഗ്ഗത്തിൽ നിന്ന് തന്നെ നിങ്ങൾക്ക് വേണ്ടി ഇണകളെ സൃഷ്ടിച്ചത് അവന്റെ അത്ഭുതങ്ങളിലൊന്നത്രെ, നിങ്ങളവരോടൊപ്പം പാർക്കാൻ വേണ്ടി, (അവൻ) നിങ്ങളിൽ പരസ്പരം സ്നേഹവും വാത്സല്യവും നിവേശിപ്പിച്ചിരിക്കുന്നു. പര്യാലോചിക്കുന്നവർക്ക് യഥാർത്ഥത്തിൽ ഇതിൽ അടയാളങ്ങളുണ്ട്."

*Translation By N.J.Dawood*

``By another sign he gave you wives from among yourselves, That ye might live in joy with them, and planted love and kindness into your hearts. Surely there are signs in this for thinking men".

"വേറൊരടയാളത്തിൽ അവൻ നിങ്ങളിൽ നിന്ന് തന്നെ ഇണകളെ നൽകി, നിങ്ങളവരോടൊപ്പം ആനന്ദത്തോടെ ജീവിക്കാൻ, നിങ്ങളുടെ ഹൃദയങ്ങളിൽ സ്നേഹവും ദയയും നിക്ഷേപിച്ചു, നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്കിതി ൽ അടയാളങ്ങളുണ്ട്"

ആദ്യത്തെ പരിഭാഷ ഒരു മുസ്ലിമായ യൂസുഫലിയുടേതാണ്, രണ്ടാമത്തേത് ഒരു ക്രിസ്തീയ പുരോഹിതനായ റോഡ്‌വെലിന്റേതാണ്, അവസാനത്തേത് ഇറാഖി ജൂതനായ ദാവൂദിന്റേതും, അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെടാത്തത് കൊണ്ട് നിർഭാഗ്യവശാൽ തോമസ് കാർലൈലിന് ഇവയൊന്നും വായിച്ചു മനസ്സിലാക്കാൻ സാധിച്ചിരിക്കില്ലല്ലോ? 1840ൽ അദ്ദേഹത്തിന് ലഭിച്ച ഒരേ ഒരു പരിഭാഷയെക്കുറിച്ച് അതേ പുസ്തകത്തിന്റെ 85ാം പേജിൽ പറയുന്നു.

“ഖുർആൻ നമുക്കും വായിക്കാം; നമ്മുടെയിടയിലുള്ള സേലി നാൽ (ജോർജ്ജ് സേൽ) രചിക്കപ്പെട്ട അതിന്റെ പരിഭാഷ ഏറ്റവും കളങ്കഹീനമായ ഒന്നാണ് എന്നറിയപ്പെടുന്നു”.

## ലക്ഷ്യത്തിലാണ് കളങ്കം

കാർലൈൽ തന്റെ സഹദേശവാസികളോട് വളരെയധികം കരുണ യുള്ളവനാണ്. വിശുദ്ധ ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷക്ക് വഴിതെളിച്ച ജോർജ്ജ് സേലിന്റെ ലക്ഷ്യങ്ങൾ സന്ദേഹത്തിന്റേതായിരുന്നു. ഇസ്‌ലാമിന്റെ വിശുദ്ധ ഗ്രന്ഥത്തോടുള്ള ശത്രുത അദ്ദേഹം രഹസ്യ മാക്കുന്നില്ല. 1734ൽ തന്റെ പരിഭാഷയുടെ മുഖവുരയിൽ മുഹമ്മദി നെയും അദ്ദേഹത്തിന്റെ കള്ളപ്രമാണങ്ങളെയും തുറന്നു കാട്ടുകയാ ണ് തന്റെ പ്രതിജ്ഞാപൂർവ്വമായ അഭിലാഷം എന്ന് അദ്ദേഹം അറിയി ക്കുകയും ചെയ്യുന്നു.

“തികച്ചും കള്ളമെന്ന് വ്യക്തമായ ഒരു പ്രമാണത്തിലെ ഏതെങ്കി ലും അപകടത്തെ ആരാണ് ഭയപ്പെടുക?. പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാ നികൾക്ക് മാത്രമാണ് ഖുർആനിനെ വിജയകരമായി വിമർശിക്കാൻ സാധിച്ചിട്ടുള്ളത്, ഈശ്വരാനുഗ്രഹമാണ് അതിനെ കീഴ്പെടുത്താ നുള്ള മഹിമ കരുതി വെച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു.”

*ജോർജ്ജ് സേൽ*

അങ്ങനെ തന്റെ മുൻവിധിയോടെയുള്ള പരിഭാഷക്കായി അദ്ദേഹത്തിന്റെ യത്നം തുടങ്ങി. കാർലൈലിനെ ഏറ്റവും സ്വാധീനിച്ച വാക്യത്തിൽ നിന്നും സേൽ എത്ര നിഷ്കപടനും പാണ്ഡിത്യമുള്ള വനുമാണെന്ന് നിങ്ങൾക്ക് വിധിക്കാൻ കഴിയും. ഒരു മുസ്‌ലിമിന്റെയും ക്രിസ്ത്യാനിയുടെയും ജൂതന്റെയും പരിഭാഷയുമായി അദ്ദേഹത്തി ന്റെ പരിഭാഷയെ താരതമ്യം ചെയ്തു നോക്കാം.

*Translation By George Sale*

``And of his signs another is, that he had created for you, out of your-selves, wives that YE MAY COHABIT WITH THEM, and hath put love and compassion between you".

“അവന്റെ അടയാളങ്ങളിൽ മറ്റൊന്നാണ് ,നിങ്ങളിൽ നിന്ന് തന്നെ





നിങ്ങൾക്കായി ഭാര്യമാരെ സൃഷ്ടിച്ചത്, നിങ്ങളവരുമായി ദാമ്പത്യഭാവ ത്തിൽ വസിക്കുന്നതിന്ന് വേണ്ടി, (അവൻ) നിങ്ങൾക്കിടയിൽ സ്നേഹവും കരുണയും നിവേശിപ്പിച്ചിരിക്കുന്നു”.

നമ്മുടെ ജീവിതപങ്കാളികളെയോ ഭാര്യമാരെയോ ലൈംഗിക ഉപകരണങ്ങൾ മാത്രമാണെന്ന് വിവരിക്കാൻ, ജോർജ്ജ് സേൽ ആ കാലത്തെ സ്ത്രീ വിദ്വേഷിയായ ഒരു നീചനാണെന്ന് ഞാൻ കരുതുന്നില്ല. അദ്ദേഹം തന്റെ വാഗ്ദാനങ്ങൾ നിറവേറ്റു കയായിരുന്നു. കാർലൈൽ അത് അവഗണിക്കുകയും ചെയ്തു. അദ്ദേഹം തെറ്റിച്ചു പരിഭാഷപ്പെടുത്തിയ അറബിയിലെ(ലി തസ്കു നൂ) എന്ന പദത്തിന് സമാധാനം കണ്ടെത്തുന്നതിന്ന് വേണ്ടി സമാശ്വസി പ്പിക്കാൻ, ആത്മസംയമനത്തിന്, സ്വാസ്ഥ്യം കണ്ടെത്താൻ എന്നെ ല്ലാമുള്ള അർത്ഥമാണ്, അല്ലാതെ അവനുമായി ദാമ്പത്യഭാവത്തിൽ വസിക്കാൻ വേണ്ടി എന്നല്ല. COHABIT എന്നാൽ നിയമപരമായി കല്യാണം കഴിച്ചില്ലെങ്കിലും രതിബന്ധത്തിലേർപ്പെട്ടു ജീവിക്കുക (Readers Digest Universal Dictionary) എന്നതാണ്.

ഖുർആനിക മൂലവാക്യങ്ങളിലെ ഓരോ പദവും അതി സൂക്ഷ്മതയോടെ തിരഞ്ഞെടുത്ത്, രൂപപ്പെടുത്തി, കൃത്യസ്ഥാനത്ത് നിർണ്ണയിച്ചത് സർവ്വജ്ഞനായ ദൈവം തന്നെയാണ്. അവ ദൈവത്തിന്റെ കൈവിരലടയാളങ്ങൾ അഭിവ്യഞ്ജിപ്പിക്കുന്നതും, ദൈവത്തിൽ നിന്നുള്ള അത്ഭുതങ്ങളുമാണ്. എന്നിട്ടും ആത്മീയ പക്ഷപാതിത്ത്വമുള്ളവർ...

## അടയാളമാവശ്യപ്പെടുന്നു

എന്തടയാളങ്ങൾ? അവരുടെ സ്വന്തം വിവേകരഹിതമായ മനസ്സുകൾ പ്രേരണ നൽകുന്ന പ്രത്യേകതരത്തിലുള്ള അത്ഭുതങ്ങ ളോ അടയാളങ്ങളോ ആണ് അവരുദ്ധേശിക്കുന്നത്. ദൈവത്തിനെല്ലാം സാധ്യമാണ്. പക്ഷേ അവൻ മനുഷ്യരുടെ ഭോഷത്തരങ്ങളെ പ്രസാദി പ്പിക്കുകയില്ല, അല്ലെങ്കിൽ അവരുടെ നീതീകരണമില്ലാത്ത ആവശ്യ പ്പെടലുകൾക്ക് വഴങ്ങുകയില്ല. അവന്റെ അടയാളങ്ങൾ വ്യക്തമായി വിശദീകരിക്കാനും അവ നിരാകരിച്ചാലുള്ള അനന്തര ഫലങ്ങളെക്കു റിച്ച് മുന്നറിയിപ്പ് നൽകാനും അവൻ അവന്റെ ദൂതനെ അയച്ചിട്ടുണ്ട്.

അത് പോരേ? അവരുടെ അഭ്യർത്ഥനയുടെ പൊരുൾ ഇപ്രകാരമാണ്. വ്യക്തമായി പറഞ്ഞാൽ അവർ മുഹമ്മദി(സ)നോട് ചോദിച്ചതെന്തെന്നാൽ, 'സ്വർഗ്ഗം വരേയുള്ള ഒരു ഏണിവെച്ച് അവർ കാൺകെ ദൈവത്തിൽ നിന്നൊരു പുസ്തകം താഴേക്ക് കൊണ്ട് വരിക, എങ്കിൽ ഞങ്ങൾ വിശ്വസിക്കാം അല്ലെങ്കിൽ അതാ, ആ കാണുന്ന പർവ്വതത്തെ സ്വർണ്ണമാക്കി മാറ്റൂ, എങ്കിൽ ഞങ്ങൾ വിശ്വസിക്കാം അതുമല്ലെങ്കിൽ മരുഭൂമിയിൽ നിന്നും ഒരു പുഴ പ്രവഹിപ്പിക്കൂ, എങ്കിൽ ഞങ്ങൾ വിശ്വസിക്കാം എന്നാണ്.

മുശ്‌രിക്കുകളുടെ (ബഹുദൈവാരാധകർ) ന്യായരഹിതവും വിശ്വാസരഹിതവുമായ അഭ്യർത്ഥനക്കെതിരെ മുഹമ്മദിന്റെ (സ) സൗമ്യവും മധുരോതരവുമായ ന്യായവാദം കേൾക്കൂ. ഞാനൊരു മാലാഖയാണെന്ന് നിങ്ങളോട് പറഞ്ഞോ? ദൈവത്തിന്റെ ഖജനാവുകൾ എന്റെ പക്കലാണുള്ളതെന്ന് പറഞ്ഞോ? എനിക്ക് വെളിപ്പെടുത്തപ്പെട്ടത് ഞാൻ പിൻതുടരുന്നു എന്ന് മാത്രം.

അവിശ്വാസികൾക്ക് നൽകാൻ തന്റെ നാഥൻ അദ്ദേഹത്തോട് ആജ്ഞാപിച്ച ഏറ്റവും മഹിതമായ ഉത്തരം ശ്രദ്ധിക്കൂ!

قُلْ إِنَّمَا الْآيَٰتُ
عِندَ اللَّهِ وَ إِنَّمَآ أَنَا۠ نَذِيرٌ مُّبِينٌ

നീ പറയുക: ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽ മാത്രമാകുന്നു ഞാൻ വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാകുന്നു.

*വിശുദ്ധ ഖുർആൻ ( 29:50)*

അവരുടെ വിവേകരഹിതമായ വിഗ്രഹാരാധനാ മനോഭാവം കാംക്ഷിക്കുന്ന പ്രത്യേകതരം അടയാളം അല്ലെങ്കിൽ അത്ഭുതം എന്ന കാപട്യപരമായ ആവശ്യത്തിന്റെ ഉത്തരം വിശുദ്ധ ഖുർആൻ തന്നെയാണെന്ന് വ്യക്തമാക്കാൻ തുടർന്നുള്ള വാക്യത്തിൽ തിരുനബിയോട് കൽപിക്കുന്നു.

വാസ്തവത്തിൽ എല്ലാ അത്ഭുതങ്ങളും അടയാളങ്ങളാണ്, അവരുടെ അവിശ്വാസവും നാസ്തികത്വവുമാണ് ഒരു അടയാളമാവശ്യപ്പെടാൻ അവരെ പ്രേരിപ്പിക്കുന്നത്. അവർ വീണ്ടും വീണ്ടും





ഖുർആൻ പരിശോധിക്കട്ടെ.

أَوَ لَمْ يَكْفِهِمْ أَنَّآ أَنزَلْنَا عَلَيْكَ الْكِتَٰبَ

നാം* നിനക്ക് വേദഗ്രന്ഥം ഇഃറക്കിത്തന്നിരിക്കുന്നു എന്നതു തന്നെ അവർക്കു (തെളിവിന്) മതിയായിട്ടില്ലേ?

يُتْلَىٰ عَلَيْهِمْ إِنَّ فِي ذَٰلِكَ
لَرَحْمَةً وَذِكْرَىٰ لِقَوْمٍ يُؤْمِنُونَ

അതവർക്ക് ഓതിക്കേൾപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ അനുഗ്രഹവും ഉൽബോധനവുമുണ്ട്.

*വിശുദ്ധ ഖുർആൻ ( 29:51)*

## രണ്ട് തെളിവുകൾ

വിശുദ്ധ ഖുർആനിന്റെ ദൈവികമായ ഗ്രന്ഥകർതൃത്വത്തിനും അത്ഭുതകരമായ പ്രകൃതിക്കും തെളിവായി സർവ്വശക്തൻ തന്നെ രണ്ട് ന്യായവാദങ്ങൾ പുറപ്പെടുവിക്കുന്നു.

1) നാം (സർവ്വശക്തനായ ദൈവം) നിനക്ക് ഗ്രന്ഥം വെളിപ്പെടുത്തി തീർത്തും വിദ്യഭ്യാസമില്ലാത്ത ഒരു വ്യക്തിയായ നിനക്ക്, എഴുതാനും വായിക്കാനുമറിയാത്ത, സ്വന്തം പേരെഴുതി ഒപ്പിടാൻ പോലും അറിയാത്ത പ്രവാചകന്ന്. മുഹമ്മദിന്റെ(സ) വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ച് തോമസ് കാർലൈൽ തന്നെ പ്രമാണീകരിക്കട്ടെ.

"വേറെയൊരു സാഹചര്യം നാം മറക്കരുത്, അദ്ദേഹത്തിന് പാഠശാലാ പഠനം അശേഷം ഉണ്ടായിരുന്നില്ല. തന്നെയുമല്ല, പരിശുദ്ധ ഖുർആന്റെ ഉള്ളടക്കം ഒരിക്കലും രചിക്കാൻ സാധിക്കാത്ത തനിക്ക് അതിന്റെ ഗ്രന്ഥകർത്താവാകാനും സാധിക്കില്ല എന്ന മുഹമ്മദിന്റെ അവകാശവാദത്തിന്റെ സത്യാവസ്ഥ ദൈവീക ഗ്രന്ഥകർത്താവ് (സർവ്വശക്തനായ ദൈവം) സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു"ഹ.

* (നാം എന്നത് ബഹുമാനത്തെയും ആഭിജാത്യത്തെയും കുറിക്കുന്നു, എണ്ണത്തെയല്ല. ഹീബ്രുഅടക്കമുള്ള പൌരസ്ത്യ ഭാഷകളിലെ വ്യാകരണ രൂപമാണത്.)

وَمَا كُنتَ تَتْلُواْ مِن قَبْلِهِ مِن كِتَٰبٍ وَلَا تَخُطُّهُ بِيَمِينِكَ إِذًا لَّٱرْتَابَ ٱلْمُبْطِلُونَ

"ഇതിനുമുമ്പ് നീ വല്ല ഗ്രന്ഥവും പാരായണം ചെയ്യുകയോ, നിൻെറ വലതുകൈകൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ സത്യനിഷേധികൾക്ക് സംശയിക്കാമായിരുന്നു."

*വിശുദ്ധ ഖുർആൻ (29:48 )*

ഖുർആന്റെ ഗ്രന്ഥകർത്താവ് നമ്മോട് വിചിന്തനം ചെയ്യാനാവശ്യപ്പെടുന്ന മുഹമ്മദ് വിദ്യഭ്യാസമുള്ളൊരു മനുഷ്യ നായിരുന്നുവെങ്കിൽ, അദ്ദേഹത്തിന് എഴുതാനും വായിക്കാനും അറിയാമായിരുന്നുവെങ്കിൽ, ചന്ത സ്ഥലത്തെ വായാടികൾ വിശുദ്ധ ഖുർആൻ ദൈവിക വചനങ്ങളാണെന്ന അവകാശവാദം സംശയമുണർത്തുന്നു എന്ന ന്യായീകരണത്തിന് മുതിരുമായിരുന്നു. മുഹമ്മദ്(സ) വിദ്യാഭ്യാസമുള്ള വ്യക്തിയായിരുന്നെങ്കിൽ ഖുർആൻ ജൂത ക്രിസ്ത്യാനികളുടെ കൃതികളിൽ നിന്നും പകർത്തപ്പെട്ടതാണെന്നോ, അരിസ്റ്റോട്ടിലിനെയോ പ്ലാറ്റോയെയോ അദ്ദേഹം പഠിച്ചറിഞ്ഞതാണെന്നോ, തൗറാത്ത്, സബൂർ, ഇഞ്ചീൽ* എന്നിവ വായിച്ചറിഞ്ഞതാണെന്നോ അവയിൽ നിന്നുള്ളതെല്ലാം പുതിയ രീതിയിൽ ഖുർആനിൽ ക്രോഡീകരിച്ചതാണെന്നോ അവർ ആരോപിക്കുമായിരുന്നു. എങ്കിൽ പൊങ്ങച്ചം പറയുന്ന വർക്ക് അതൊരു വാദമുഖമാകുമായിരുന്നു. പക്ഷേ, ബലഹീനമായ ഈ തെളിവുകൾ പോലും ദോഷൈകദൃക്കുകൾക്കും അവിശ്വാസികൾക്കും നിഷേധിക്കപ്പെട്ടിരിക്കുന്നു.** ഇത് ആരും ചെവിക്കൊള്ളാത്ത ഒരഭിപ്രായമാണ്.

2) ഈ ഗ്രന്ഥം തന്നെ ദൈവിക ഗ്രന്ഥകർതൃത്വത്തെ പ്രമാണീകരിച്ചു കൊണ്ടുള്ള തെളിവുകൾ ചുമക്കുന്നു. ഏത് കോണിലൂടെയും ഈ ഗ്രന്ഥത്തെ പഠിക്കുക, സൂക്ഷ് മപരിശോധന നടത്തുക. നിങ്ങളുടെ സംശയങ്ങൾ വാസ്തവമാണെങ്കിൽ നിങ്ങൾക്കെന്ത്

* മോശെ, ദാവീദ്, യേശു (അവരുടെ മേൽ ദൈവീക ശാന്തിയുണ്ടാവട്ടെ) എന്നി വരിലൂടെ അവതരിപ്പിക്കപ്പെട്ട യഥാർത്ഥ വെളിപാടു പുസ്തകങ്ങൾ അറബി ഭാഷയിൽ ഈ പേരുകളിലറിയപ്പെടുന്നു.

** ക്രൈസ്തീയ പത്താം നൂറ്റാണ്ട് വരെ ബൈബിൾ അറബി ഭാഷയിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടിരുന്നില്ല. അത് കൊണ്ട് ക്രൈ.വ.1000 ത്തിന് മുമ്പ് ജീവിച്ച ഒരറബിയും ബൈബിൾ തന്റെ സ്വന്തം ഭാഷയിൽ കണ്ടിരിക്കാനിടയില്ല.





കൊണ്ട് ഗ്രന്ഥകർത്താവുയർത്തുന്ന വെല്ലുവിളി ഏറ്റെടുത്തു കൂടാ?

أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ وَلَوْ كَانَ مِنْ عِندِ غَيْرِ ٱللَّهِ لَوَجَدُواْ فِيهِ ٱخْتِلَٰفًا كَثِيرًا

അവർ ഖുർആനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്ത വരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു.

*വിശുദ്ധ ഖുർആൻ (4:82)*

## ഉറച്ച നിലപാട്

മനുഷ്യനായൊരു ഗ്രന്ഥകർത്താവ് രണ്ട് ദശകത്തിലധികം അയാളുടെ അധ്യാപനങ്ങളിലും ശിക്ഷണങ്ങളിലും ധാർമ്മികോദ്ബോധനങ്ങളിലും അടിയുറച്ചു നിലകൊള്ളുകയെന്നത് ഊഹാതീതമാണ്. ദൈവത്തിൽ നിന്നും ആദ്യത്തെ ഉദ്ബോധനം ലഭിച്ച 40ാം വയസ്സ് മുതൽ 63ാം വയസ്സിലെ അദ്ദേഹത്തിന്റെ അന്ത്യനിമിഷം വരെയുള്ള 23വർഷങ്ങളിൽ വിശുദ്ധ പ്രവാചകൻ ഇസ്ലാമിക അദ്ധ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്തു. ആ 23 വർഷക്കാലയളവിൽ അദ്ദേഹം കടന്നുപോയത് ജീവിതത്തിലെ സംഘർഷഭരിതമായ ദൈവിക പരീക്ഷണങ്ങളിലൂടെയായിരുന്നു. അത്തരമൊരു ദൗത്യത്തിനിടയിൽ സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ഏതൊരാളും മാന്യമായ വിട്ടുവീഴ്ചകൾ ചെയ്യാൻ നിർബന്ധിതനാകും. അവ പരസ്പരവിരുദ്ധമായിരിക്കുന്നതിൽ അയാൾ നിസ്സഹായനായിരിക്കുകയും ചെയ്യും. ഏതൊരാൾക്കും എപ്പോഴും ഒരേ കാര്യം തന്നെ എഴുതാൻ കഴിയില്ല. വിശുദ്ധ ഖുർആനിന്റെ സന്ദേശം അതിന്റെ ഉള്ളടക്കം മുഴുവനുമായും പൊരുത്തപ്പെടുന്നതാണ്. എന്നാൽ അവിശ്വാസികളുടെ എതിർപ്പുകൾ വെറും വിവാദപ്രിയവും, മർക്കടമുഷ്ടിപരവും, അവരുടെ തന്നെ ഏറ്റവും നല്ല തെളിവുകൾക്കും, വിധികൾക്കുമെതിരായതല്ലേ?

കൂടാതെ വിശുദ്ധ ഖുർആൻ വിശ്വ പ്രകൃതിയെക്കുറിച്ച് അനേകം കാര്യങ്ങൾ പ്രതിപാദിക്കുന്നു. അവ മുമ്പ് മനുഷ്യർക്ക് അജ്ഞാതമായവയും ശാസ്ത്ര പരിണാമവും നിഗമനങ്ങളും പൂർണ്ണമായും സ്ഥിരീകരിച്ചവയുമാണ്. ഒരു അഭ്യസ്ഥവിദ്യനായ മനുഷ്യൻ

ആ മേഖലയിൽ തീർച്ചയായും നിരങ്കുശവും പരസ്പര വിരുദ്ധവുമായ ഊഹങ്ങളവലംബിച്ചു പരാജിതനാകുമായിരുന്നു.!

### സ്വയം തെളിവു നൽകുന്ന സാക്ഷ്യം

ദോഷദർശന സ്വഭാവമുള്ളവരും ബാലിശ പ്രകൃതമുള്ളവരുമായ ഏതാനുമാളുകൾ പ്രവാചകനിൽ നിന്നും അത്ഭുതമാവശ്യപ്പെട്ടപ്പോൾ ഖുർആൻ ചൂണ്ടിക്കാണിക്കാൻ നബിയോട് ആജ്ഞാപിക്കുകയുണ്ടായി. അത്യുന്നതനിൽ നിന്നുള്ള സന്ദേശമാണത്. അവനിൽ നിന്നുള്ള അത്ഭുതവും അത്ഭുതങ്ങളിലെ അത്ഭുതവുമാണ്. സ്വയം സത്യസന്ധത പുലർത്തുന്ന, സാഹിത്യപരവും ആത്മീയവുമായ ഉൾക്കാഴ്ചയുള്ള വിവേകികളായ ജനങ്ങൾ ഖുർആൻ അകൃത്രിമമായ അത്ഭുതമാണെന്ന് സമ്മതിക്കുകയും ചെയ്തു. വിശുദ്ധ ഖുർആൻ പറയുന്നു.

بَلْ هُوَ ءَايَٰتُۢ بَيِّنَٰتٌ فِى صُدُورِ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ
وَمَا يَجْحَدُ بِـَٔايَٰتِنَآ إِلَّا ٱلظَّٰلِمُونَ

എന്നാൽ ജ്ഞാനം* നൽകപ്പെട്ടവരുടെ ഹൃദയങ്ങളിൽ അത് സുവ്യക്തമായ ദൃഷ്ടാന്തങ്ങളാകുന്നു. അക്രമികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ** നിഷേധിക്കുകയില്ല.

*വിശുദ്ധ ഖുർആൻ (29:49)*

* ജ്ഞാനം കൊണ്ടുദ്ദേശിക്കുന്നത് സത്യത്തിന്റെ മൂല്യം വിവേചിച്ചറിയുന്നതിലുള്ള കഴിവും പൂർവ്വീക ഗ്രന്ഥങ്ങളിലുള്ള പരിചയവുമാണ്. സാഹിത്യപരവും ആത്മീയവുമായ ഉൾകാഴ്ചയെയും അത് സൂചിപ്പിക്കുന്നു. ആ ഗുണങ്ങളാലനുഗ്രഹീതരായവർക്ക് ദൈവത്തിന്റെ വെളിപാടുകളും അടയാളങ്ങളും സ്വയം സാക്ഷ്യങ്ങളാണ്. അവ അവരുടെ ഹൃദയങ്ങളെയും മനസ്സുകളെയും വിവേകത്തെയും പുകഴ്ത്തുന്നു.

** ഇപ്പോൾ ന്യായവാദം കുറേ അകലെയുള്ള ഒരു അവസ്ഥയിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. അത്തരം നിഷേധം അന്യായത്തിന്റെ ലക്ഷണമാണ്. എല്ലാ സത്യസന്ധരായ മനുഷ്യരെയും ബോദ്ധ്യപ്പെടുത്തുന്ന സ്പഷ്ടമായ അടയാളങ്ങൾക്കെതിരെയുള്ള മന:പൂർവ്വമുള്ള വിപരീത ബുദ്ധിയുമാണ്.





അദ്ധ്യായം 2

## ശാസ്ത്രവും ഖുർആനിക വെളിപാടുകളും

### വെറുപ്പില്ലാത്ത സ്തുത്യുപഹാരം

ലോകത്ത് ആയിരം ദശലക്ഷത്തോളം മുസ്ലിംകൾ വിശുദ്ധ ഖുർആൻ ദൈവിക വചനമാണെന്നും അത് അത്ഭുതമാണെന്നും സംശയരഹിതമായി അംഗീകരിക്കുന്നു. അഭ്യർത്ഥിക്കാതെ ശത്രുക്കളെന്ന് സമ്മതിക്കുന്നവർ തന്നെ സ്തുതികളർപ്പിക്കുമ്പോൾ എന്ത് കൊണ്ട് അവർക്കങ്ങനെ ആയിക്കൂടാ ?

മുഹമ്മദ് ആന്റ് മുഹമ്മദാനിസം എന്ന കൃതിയിൽ ആർ. ബോസ്വോർത്ത് സ്മിത്ത് ഖുർആനെക്കുറിച്ച് അഭിപ്രായപ്പെടുന്നു.

(a) “രചനാരീതിയുടെ വിശുദ്ധി, വിവേകം, സത്യം എന്നിവയാലുള്ള ഒരത്ഭുതം”

വേറെ ഒരു ഇംഗ്ലീഷുകാരനായ എ.ജെ. ആർബെറി അദ്ദേഹത്തിന്റെ വിശുദ്ധ ഖുർആൻ പരിഭാഷയുടെ മുഖവുരയിൽ പറയുന്നു.

(b) ‘‘എപ്പോഴെല്ലാം ഖുർആന്റെ സങ്കീർത്തനങ്ങൾ ഞാൻ കേൾക്കുന്നുവോ അതെനിക്ക് ഒഴുകുന്ന സ്വരമാധുര്യത്തിൻ കീഴിൽ സംഗീതം കേൾക്കുന്നത് പോലെയാണ്. അവിടെയുള്ള ശബ്ദം എല്ലായ്പോഴും ഒരു മദ്ദളത്തിന്റെ ദൃഢമായ താളം പോലെയുള്ളതാണ് , അത് എന്റെ ഹൃദയത്തിന്റെ സ്പന്ദനം പോലെയാണ്”.

ഈ വാക്കുകളിൽ നിന്നും ആമുഖത്തിന്റെ ബാക്കി ഭാഗത്തിൽ നിന്നും അദ്ദേഹം ഒരു മുസ്ലിമാണെന്ന് ധ്വനിപ്പിക്കുന്നുണ്ടെങ്കിലും ഖേദകരമെന്ന് പറയട്ടെ അദ്ദേഹം മുസ്ലിമാകാതെ തന്നെ മരണപ്പെട്ടു.

മറ്റൊരു ബ്രിട്ടീഷുകാരനായ മർമദൂക് പിക്താൽ അദ്ദേഹത്തിന്റെ ഖുർആൻ പരിഭാഷയുടെ ആമുഖത്തിൽ വർണ്ണിക്കുന്നു.

(c) “അനുകരിക്കാനാവാത്ത ആ സ്വരലയം, നിശ്ചയമായും അതിന്റെ ശബ്ദം മനുഷ്യനെ കണ്ണീരിലേക്കും പരമാനന്ദത്തിലേക്കും നയിക്കുന്നു”.

ഈ ഗ്രന്ഥകാരൻ ഖുർആൻ പരിഭാഷപ്പെടുത്തുന്നതിന് മുമ്പ് ഇസ്‌ലാം സ്വീകരിച്ചു. ഇങ്ങനെയൊരു അഭിപ്രായം അദ്ദേഹമെഴുതിയത് മതംമാറ്റത്തിന്റെ മുമ്പാണോ ശേഷമാണോ എന്നറിയാനുള്ള മാർഗ്ഗമില്ല.

(d) “ലോകത്ത് ബൈബിളിന് ശേഷം* അതാണ് (ഖുർആൻ) ഏറ്റവും ആദരിക്കപ്പെടുന്നതും സുശക്തവുമായ മതഗ്രന്ഥം.”

J.Christy Wilson – Introducing Islam - New York 1950

(e) “മുഹമ്മദീയരുടെ ബൈബിളാണ് ഖുർആൻ. അത് ജൂതരുടെ പഴയനിയമത്തെക്കാളും ക്രിസ്തീയ പുതിയനിയമത്തെക്കാളും മറ്റേതൊരു വിശുദ്ധ ഗ്രന്ഥത്തേക്കാളും കൂടുതലായി ആദരിക്കപ്പെടുന്നു”

J.Shillidy, D.D., - The lord Jesus in the Koran, Surat 1913, P111

മുകളിലുള്ള ലിസ്റ്റിൽ വളരെ എളുപ്പത്തിൽ നമുക്ക് ഒരു ഡസനോ അതിലധികമോ പ്രശംസാവചനങ്ങളുടെ ഉദാഹരണങ്ങൾ എടുത്തുകാട്ടാം. ശത്രുക്കളും മിത്രങ്ങളും ഒരു പോലെ ദൈവത്തിന്റെ അന്ത്യവും ആത്യന്തികവുമായ വെളിപാടുകളായ വിശുദ്ധ ഖുർആന്റെ മേൽ ഉൾപകയില്ലാത്ത പ്രശംസകൾ ചൊരിയുന്നു. മുഹമ്മദി(സ)ന്റെ സമകാലികർ അതിന്റെ സൗന്ദര്യത്തിലും, മഹിമയിലും അതിന്റെ ഉദ്ബോധനത്തിന്റെ ഉൽകൃഷ്ടതയിലും അതിന്റെ സന്ദേശത്തിന്റെ ഉദാരതയിലും ദൈവത്തിന്റെ കരകൗശലം ദർശിച്ചു കൊണ്ട് ഇസ്‌ലാം സ്വീകരിച്ചു. അവിശ്വാസികളും നാസ്തികരും എല്ലാ പ്രശംസകളോടും സാക്ഷ്യങ്ങളോടും അവയെല്ലാം ആത്മനിഷ്ഠമായ വിചാരങ്ങ ളാണെന്ന് പറഞ്ഞേക്കാം. അറബി അറിയില്ല എന്ന മുൻവിധിയിലും അവൻ അഭയം കണ്ടെത്തിയേക്കാം. അവൻ ഇങ്ങനെ പറയുന്നത് കേൾക്കാം നിങ്ങൾ

* (ഇസ്‌ലാമിനെതിരേ ഒരു ക്രിസ്തീയ വിമർശകനിൽ നിന്നും വരുന്നത് കൊണ്ട് ഖുർആനിനെ രണ്ടാം സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിനെ നാം എതിർക്കേണ്ടതില്ല)





കാണുന്നത് ഞാൻ കാണുന്നില്ല. നിങ്ങൾക്ക് തോന്നുന്നത് എനിക്ക് തോന്നുന്നില്ല. ദൈവം നിലനിൽക്കുന്നുവെന്നും അവനാണ് അവന്റെ സന്ദേശവാഹകൻ മുഹമ്മദി(സ)ന് ഖുർആനാകുന്ന ആ സുന്ദരമായ സന്ദേശത്തിലൂടെ ദിവ്യജ്ഞാനം നൽകിയതെന്നും ഞാനെങ്ങനെയറിയാൻ ?

തുടർന്ന അവൻ പറയും. അതിന്റെ തത്വശാസ്ത്രത്തിന്റെ സൗന്ദര്യത്തോടോ, അതിന്റെ അനുഭവസിദ്ധമായ സദാചാരസംഹിതയോടോ ഉന്നതമായ ധർമ്മനീതിയോടോ ഞാൻ വിമുഖനല്ല. മുഹമ്മദ് നിഷ്കളങ്കനായ ഒരു മനുഷ്യനാണെന്നും അദ്ദേഹം മാനവപുരോഗതിക്ക് അനേകം സുന്ദരമായ സന്മാർഗ്ഗദർശനങ്ങൾ നൽകിയെന്നും സമ്മതിക്കാൻ ഞാൻ തയ്യാറാണ്. നിങ്ങൾ മുസ്‌ലിംകൾ അവകാശപ്പെടുന്നത് പോലെ അദ്ദേഹത്തിന്റെ പ്രമാണവചനങ്ങൾക്കുള്ള അലൗകികമായ അധികാരത്തെയാണ് എനിക്ക് അംഗീകരിക്കാൻ കഴിയാത്തത്.

## യുക്തമായ ന്യായവാദം

ഇത്തരം അനുകമ്പാപൂർവ്വമെങ്കിലും സന്ദേഹപൂർണ്ണമായ മനസ്ഥിതിയുള്ളവനോട് ഖുർആന്റെ ഗ്രന്ഥകർത്താവ് അവന്റെ സംശയങ്ങൾ ദൂരീകരിക്കാൻ വിവിധ വാദഗതികൾ നിരത്തുന്നു. അതിസമൃദ്ധമായ ശാസ്ത്രവിജ്ഞാനമുണ്ടെന്നും ബുദ്ധിരാക്ഷസന്മാരാണെന്നും കരുതുന്ന യുക്തിവാദികൾക്കും നാസ്തികർക്കും ദോഷൈകദൃക്കുകൾക്കും ഈ അഭിപ്രായം മനസ്സിൽ പതിയുകയില്ല. കുറുകിയ ശരീരത്തിൽ അമിത വലിപ്പമുള്ള തല പോലെ മറ്റു ഭാഗങ്ങളുടെ പിൻബലത്താൽ ഒരു ദിക്കിലേക്ക് മാത്രം അസാധാരണ വളർച്ച പ്രാപിച്ച കുള്ളന്മാരെ പോലെയാണവർ. പരമോന്നതനായ സ്രഷ്ടാവ് അത്തരക്കാരെ ചോദ്യം ചെയ്യുന്നു.

ദൈവത്തിന്റെ ചോദ്യം അവനോടുന്നയിക്കുന്നതിന് മുമ്പ് എനിക്കുള്ള ജിജ്ഞാസയെ ഞാൻ തന്നെ തൃപ്തിപ്പെടുത്തട്ടെ. കൈവെള്ളയിലിട്ട് ഒരു വസ്തുവിനെ സൂക്ഷ്മപരിശോധന നടത്തുന്നത് പോലെ നമ്മുടെ പ്രപഞ്ചത്തെ അതിശക്തമായ ദൂരദർശിനി ഉപയോഗിച്ചു പഠിക്കുന്ന ജ്യോതിശാസ്ത്രജ്ഞരേ, എന്നോടു പറയൂ

എങ്ങനെയായിരുന്നു ഈ പ്രപഞ്ചത്തിന്റെ ഉത്ഭവം? ആത്മീയമായ ഉൾക്കാഴ്ച ഇല്ലാത്തവരാണെങ്കിലും അവരുടെ വിജ്ഞാനം പങ്കുവെക്കുന്നതിൽ മഹാമനസ്കത കാണിച്ചു കൊണ്ടവർ പറയുന്നു. ആയിരം കോടി വർഷങ്ങൾക്കു മുമ്പ് നമ്മുടെ പ്രപഞ്ചം ഒറ്റ കഷ്ണമുള്ള പദാർത്ഥമായിരുന്നു. ആ ബൃഹത്തായ പദാർത്ഥ പിണ്ഡത്തിന്റെ മധ്യത്തിൽ വമ്പിച്ച സ്ഫോടനമുണ്ടായി. ഭീമാകാരമായ പദാർത്ഥ കഷ്ണങ്ങൾ എല്ലാ ഭാഗത്തേക്കും പറക്കാൻ തുടങ്ങി. ഈ മഹാസ്ഫോടനത്തിൽ നമ്മുടെ സൗരയൂഥവും താര സമൂഹങ്ങളും നിലവിൽ വന്നു. അത് മുതൽ ബഹിരാകാശത്ത് പ്രഥമ സ്ഫോടനത്താലുളവായ മൗലിക ചലനശക്തിക്ക് പ്രതിബന്ധമൊന്നുമുണ്ടായില്ല. നക്ഷത്രങ്ങളും ഗ്രഹങ്ങളും അവിടെ അവയുടെ ഭ്രമണപഥത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്നു.... സൂറ: യാസീനിലെ വരികളിൽ നിന്നും ഞങ്ങളുടെ ഭൗതികവാദികളായ സ്നേഹിതന്മാർ രഹസ്യമായി അവരുടെ ജ്ഞാനം ഉൾകൊണ്ടതാണോ എന്ന് തോന്നുമാറ് അവ എന്റെ ഓർമ്മയെ ഇക്കിളിപ്പെടുത്തിയത് ഈ സന്ദർഭത്തിലാണ്.

وَالشَّمْسُ تَجْرِى لِمُسْتَقَرٍّ لَّهَا ذَٰلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ
وَالْقَمَرَ قَدَّرْنَٰهُ مَنَازِلَ حَتَّىٰ عَادَ كَالْعُرْجُونِ الْقَدِيمِ
لَا ٱلشَّمْسُ يَنۢبَغِى لَهَآ أَن تُدْرِكَ الْقَمَرَ وَلَا الَّيْلُ سَابِقُ
النَّهَارِ وَكُلٌّ فِى فَلَكٍ يَسْبَحُونَ

സൂര്യൻ അതിന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവ്വജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്. ചന്ദ്രന് നാം ചില ഘട്ടങ്ങൾ നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ അത് പഴയ ഈത്തപ്പഴക്കുലയുടെ വളഞ്ഞ തണ്ടുപോലെ ആയിത്തീരുന്നു. സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ (നിശ്ചിത) ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു.

*വിശുദ്ധ ഖുർആൻ (36:38 –40)*

നിരീശ്വരവാദിയായ ശാസ്ത്രജ്ഞൻ തുടരുന്നു. നമ്മുടേത് വികസിക്കുന്ന പ്രപഞ്ചമാണ്. താരസമൂഹങ്ങൾ നമ്മിൽ നിന്നും വളരെ വേഗം അകലുകയാണ്. അവ പ്രകാശത്തിന്റ വേഗതയിലെത്തിക്കഴിഞ്ഞാൽ പിന്നെ നമുക്കതിനെ കാണാൻ കഴിയില്ല. നാം ബൃഹത്തും പൂർവ്വാധികം മെച്ചപ്പെട്ടതുമായ ടെലസ്കോപ്പുകൾ പണിയണം. അല്ലെങ്കിൽ നമുക്കവ അജ്ഞാതമാവും.





എപ്പോഴാണ് നിങ്ങൾ ഈ യക്ഷിക്കഥ മെനഞ്ഞെടുത്തത്.? നാം ചോദിക്കുമ്പോൾ നമ്മുടെ സ്നേഹിതൻ നമുക്ക് ഉറപ്പുതരുന്നു. ഇവ യക്ഷിക്കഥകളല്ല, ശാസ്ത്രസത്യങ്ങളാണ്. ശരി, നിങ്ങൾ ഉണ്ടെന്ന് പറയുന്ന വസ്തുതകളെ നാം അംഗീകരിക്കുന്നു. പക്ഷേ നിങ്ങളെപ്പോഴാണ്  ഈ വസ്തുതകൾ യാദൃച്ഛികമായി കണ്ടുപിടിച്ചത് ?, ഇന്നലെ മാത്രം! അയാൾ പറയുന്നു. അമ്പതു വർഷം മാനവ ചരിത്രത്തിലെ ഇന്നലെ എന്നേ വിശേഷിപ്പിക്കാവൂ. 1400 വർഷങ്ങൾക്ക് മുമ്പ് മരുഭൂമിയിലെ അക്ഷരമറിയാത്ത ഒരു അറബിക്ക് നിങ്ങളുടെ മഹാവിസ്ഫോടനത്തെക്കുറിച്ചോ വികസിക്കുന്ന പ്രപഞ്ചത്തെക്കുറിച്ചോ നിങ്ങൾക്കുണ്ടായ അറിവുണ്ടാകുമോ? നാം ചോദിച്ചാൽ ഇല്ല, ഒരിക്കലുമില്ല എന്ന് അവൻ പൊങ്ങച്ചമനോഭാവത്തോടെ പ്രത്യുത്തരം നൽകുന്നു. ഇനി നമുക്ക് നിരക്ഷരനായ പ്രവാചകന്ന് അദ്ദേഹത്തിന്റെ പ്രചോദനങ്ങളിൽ നിന്നുൽഭൂതമായ വാക്കുകൾ ശ്രദ്ധിക്കാം.

أَوَلَمْ يَرَ الَّذِينَ كَفَرُوٓاْ أَنَّ السَّمَٰوَٰتِ
وَ الْأَرْضَ كَانَتَا رَتْقًا فَفَتَقْنَٰهُمَا

ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും, എന്നിട്ട് നാം അവയെ വേർപ്പെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ?

*വിശുദ്ധ ഖുർആൻ (21:30)*

وَهُوَ الَّذِى خَلَقَ الَّيْلَ وَ النَّهَارَ وَ الشَّمْسَ وَ الْقَمَرَ كُلٌّ
فِى فَلَكٍ يَسْبَحُونَ

അവനത്രെ രാത്രി, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടിച്ചത്. ഓരോന്നും ഓരോ ഭ്രമണപഥത്തിലൂടെ നീന്തി (സഞ്ചരിച്ചു) ക്കൊണ്ടിരിക്കുന്നു.

*വിശുദ്ധ ഖുർആൻ (21:33)*

## മഹാവിസ്ഫോടന സിദ്ധാന്തം ( Big Bang Theory)

അവിശ്വാസികൾ അഥവാ അംഗീകരിക്കാൻ വിസമ്മതിച്ചവർ, എന്ന ഉദ്ധരണിയിലൂടെ നിങ്ങളെയാണ് ഖുർആൻ സംബോധനം ചെയ്യുന്നത്, നിങ്ങളെയെന്നാൽ ശാസ്ത്രത്തിന്റെ വക്താക്കളെയാണുദ്ദേശിക്കുന്നത്. അവർ ഗോളശാസ്ത്രജ്ഞന്മാരും ജ്യോതിശാസ്ത്രജ്ഞന്മാരുമാണ്. അവരാണ് ഈ ആശ്ചര്യകരമായ കണ്ടുപിടുത്തങ്ങൾ നടത്തിയതും അവ മാനവകുലത്തെ അറിയിച്ചതും. എന്നിട്ടും അവർ അതിന്റെ ഉപജ്ഞാതാവിനെ കണ്ടെത്തുന്നതിൽ അന്ധരാണ്. നമ്മുടെ ശാസ്ത്രങ്ങളും സർവ്വ വിജ്ഞാനകോശങ്ങളുമെല്ലാമുണ്ടായിട്ടും നമുക്ക് നമ്മുടെ നിരീക്ഷണ ശാലയിൽ ആ ദൈവികതയെ വിസ്മരിക്കാനുള്ള പ്രവണതയുണ്ടാവുന്നു എന്ന് തോമസ് കാർലൈൽ (Hero and Hero Worship-By Thomas Carlyle) പറയുന്നു.

മഹാവിസ്ഫോടനത്തിന്റെ സ്രഷ്ടാവിൽ നിന്നല്ലാതെ പിന്നെ ഭൂമിയിൽ എവിടെ നിന്നാണ് മരുഭൂമിയിലെ ഒരു ഒട്ടകക്കാരന് 14 നൂറ്റാണ്ടുകൾക്ക് മുമ്പ് നിങ്ങൾ പറയുന്ന വസ്തുതകൾ പെറുക്കികൂട്ടാൻ സാധിച്ചത്?

## ജീവന്റെ ഉത്ഭവം

എല്ലാ ജീവശക്തിയുടെ മേലും നിങ്ങളുടെ കരസ്പർശമുണ്ടെന്ന് കരുതുന്ന, എന്നിട്ടും ജീവന്റെ ഉത്ഭവസ്ഥാനത്തെ അഥവാ ദൈവത്തിന്റെ ആസ്തിക്യത്തെ നിഷേധിക്കാനുള്ള അവിവേകധൈര്യം കാണിക്കുന്ന ജീവശാസ്ത്രജ്ഞരേ, നിങ്ങൾ പറയൂ! നിങ്ങളുടെ ആത്മസ്തുതി നിറഞ്ഞ ഗവേഷണപ്രകാരം, എങ്ങനെ ആരിൽ നിന്നും ജീവൻ ഉത്ഭവിച്ചു ?

തന്റെ അവിശ്വാസിയായ ജ്യോതിശ്ശാസ്ത്രജ്ഞനായ സഹചാരിയെപ്പോലെ, അവനും പറയുന്നു. അത്, കോടാനുകോടി വർഷങ്ങൾക്ക് മുമ്പ് കടലിലുള്ള പ്രാചീന പദാർത്ഥമായ ആദിജീവകോശം (protoplasm) ഉത്പാദിപ്പിക്കാൻ തുടങ്ങി. അതിൽ നിന്നാണ് അമീബയുണ്ടായത്, അങ്ങനെയുണ്ടായ കടലിലെ ചെളിയിൽ നിന്നാണ് എല്ലാ ജീവനുള്ള വസ്തുക്കളുമുണ്ടായത്. ഒറ്റവാക്കിൽ പറഞ്ഞാൽ എല്ലാ ജീവനും കടലിൽ നിന്ന് അഥവാ വെള്ളത്തിൽ നിന്നാണുണ്ടായത്.





എല്ലാ ജീവനുള്ള വസ്തുക്കളും വെള്ളത്തിൽ നിന്നാണുണ്ടായതെന്ന് നിങ്ങൾക്കെപ്പോഴാണ് മനസ്സിലായത് ? തന്റെ സഹചാരിയായ ജ്യോതിശ്ശാസ്ത്രജ്ഞന്റേതിൽ നിന്നും വിഭിന്നമല്ല അയാളുടേത്. ഇന്നലെ നിങ്ങളുടെ ജീവശാസ്ത്രത്തിന്റെ കണ്ടെത്തലിനെക്കുറിച്ച് ഒരു പണ്ഢിതനും, തത്വശാസ്ത്രകാരനും കവിയും പതിനാലു നൂറ്റാണ്ട് മുമ്പ് ഊഹിച്ചിരിക്കാനിടയില്ല. നമ്മുടെ ജീവശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനെപ്പോലെ ഊന്നി പറയുന്നു. ‘‘ഇല്ല, ഒരിക്കലുമില്ല”. ശരി, എങ്കിൽ നിങ്ങൾ നിരക്ഷരനായ മരുഭൂമിയുടെ പുത്രനെ ശ്രവിക്കുക.

وَجَعَلْنَا مِنَ الْمَآءِ كُلَّ شَىْءٍ
حَىٍّ أَفَلَا يُؤْمِنُونَ

വെള്ളത്തിൽ നിന്ന് എല്ലാ ജീവവസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?

*വിശുദ്ധ ഖുർആൻ (21:30)*

ഇതേ പ്രസ്താവന ദൈവിക ഗ്രന്ഥത്തിൽ ഒന്നുകൂടി വിശദീകരിക്കുന്നു.

وَ اللَّهُ خَلَقَ كُلَّ دَآبَّةٍ مِّن مَّآءٍ فَمِنْهُم مَّن يَمْشِى عَلَىٰ
بَطْنِهِ وَمِنْهُم مَّن يَمْشِى عَلَىٰ رِجْلَيْنِ وَمِنْهُم مَّن يَمْشِى
عَلَىٰٓ أَرْبَعٍ يَخْلُقُ اللَّهُ مَا يَشَآءُ إِنَّ اللَّهَ عَلَىٰ كُلِّ شَىْءٍ
قَدِيرٌ

“എല്ലാജന്തുക്കളെയും അല്ലാഹു വെള്ളത്തിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. അവരുടെ കൂട്ടത്തിൽ ഉദരത്തിന്മേൽ ഇഴഞ്ഞു നടക്കുന്നവരുണ്ട്. രണ്ട് കാലിൽ നടക്കുന്നവരും അവരിലുണ്ട്. നാല് കാലിൽ നടക്കുന്നവരും അവരിലുണ്ട്. അല്ലാഹു താനുദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.”

*വിശുദ്ധ ഖുർആൻ (24:45)*

വിജ്ഞാനവാഹകരായ നിങ്ങളുടെ ഇന്നത്തെ അവിശ്വാസത്തിനുള്ള ഉത്തരമായി സർവ്വശക്തനും സർവ്വജ്ഞനുമായ പ്രപഞ്ച

സ്രഷ്ടാവിന്റെ വാക്യങ്ങളാണിതെന്ന് കണ്ടെത്താൻ നിങ്ങൾക്ക് പ്രയാസമുണ്ടാവില്ല. പതിനാലു നൂറ്റാണ്ട് മുമ്പുള്ള മരുഭൂമിനിവാസികൾക്കും അതീതമാണ് ഈ ശാസ്ത്ര യാഥാർത്ഥ്യങ്ങളുടെ പ്രാധാന്യം. അതിന്റെ ഗ്രന്ഥകർത്താവ് നിങ്ങളുമായി യുക്തിവിചാരം നടത്തുകയാണ്. ശാസ്ത്രത്തിന്റെ ആളുകളേ, നിങ്ങളെങ്ങനെ ദൈവത്തിൽ വിശ്വസിക്കാതിരിക്കും? അവന്റെ അസ്തിത്വത്തിന്റെ നിഷേധത്തിൽ നിന്നും വിട്ടുനിൽക്കേണ്ട ആദ്യ വ്യക്തി നിങ്ങളാണ്! പക്ഷേ നിങ്ങളാണല്ലോ അവസാനത്തേത്! നിങ്ങളുടെ സ്വയംബോധത്തെ തമസ്കരിക്കാൻ നിങ്ങളുടെ തന്നെ അഹംബോധത്തെ അനുവദിക്കാൻ മാത്രം എന്ത് അസുഖമാണ് നിങ്ങൾക്കുള്ളത് ?

വസ്തുക്കളുടെ പ്രകൃതിയിലേക്കുള്ള അത്ഭുതകരമായ ഉൾക്കാഴ്ച ഉണ്ടായിട്ടും സസ്യശാസ്ത്രജ്ഞരും, ജന്തുശാസ്ത്രജ്ഞരും ഊർജ്ജതന്ത്രജ്ഞനും ഒരു യജമാനനായ സ്രഷ്ടാവിനെ അംഗീകരിക്കാൻ വിസമ്മതിക്കുന്നു. എങ്കിലവർ ദൈവത്തിന്റെ വക്താവായ മുഹമ്മദി (സ) ന്റെ ഈ വാക്യാവിഷ്കാരങ്ങൾ കണക്കിലെടുക്കട്ടെ.

سُبْحَٰنَ الَّذِى خَلَقَ الْأَزْوَاجَ كُلَّهَا مِمَّا تُنۢبِتُ الْأَرْضُ
وَمِنْ أَنفُسِهِمْ وَمِمَّا لَايَعْلَمُونَ

ഭൂമി മുളപ്പിക്കുന്ന സസ്യങ്ങളിലും, അവരുടെ സ്വന്തം വർഗ്ഗങ്ങളിലും, അവർക്കറിയാത്ത വസ്തുക്കളിലുംപെട്ട എല്ലാ ഇണകളെയും സൃഷ്ടിച്ചവൻ* എത്ര പരിശുദ്ധൻ.

*വിശുദ്ധ ഖുർആൻ (36:36)*

## ദൈവത്തിന്റെ അടയാളങ്ങൾ

വിശുദ്ധ ഖുർആനാകുന്ന സ്പഷ്ടമായ ഈ ഗ്രന്ഥത്തിലെ വാക്യങ്ങൾ നിശ്ചയമായും സ്വയം വിശദീകരിക്കുന്നവയാണ്.

* ഇണകളായി സൃഷ്ടിച്ചു. സ്ത്രീ പുരുഷ ലിംഗഭേദമെന്ന നിഗൂഢതത്വം എല്ലാ സൃഷ്ടികളിലും പ്രവർത്തിക്കുന്നു. മനുഷ്യരിൽ, ജന്തുക്കളിൽ, സസ്യങ്ങളിൽ, നമുക്കറിവില്ലാത്ത ഇതര വസ്തുക്കളിലും പ്രകൃതിയിലെ തന്നെ ജോഡികളായ വിരുദ്ധ ശക്തികളും ഇതിൽ പെടുന്നു. ഉദാ: പോസിറ്റീവ് വൈദ്യുതിയും നെഗറ്റീവ് വൈദ്യുതിയും ആണവ തന്മാത്രക്ക് തന്നെ പോസിറ്റീവ് ചാർജുള്ള ന്യൂക്ലിയസ് അല്ലെങ്കിൽ പ്രോട്ടോണും, ചുറ്റും നെഗറ്റീവ് ചാർജുള്ള ഇലക്ട്രോണുകളും സ്ഥിതി ചെയ്യുന്നു. പദാർത്ഥത്തിന്റെ ഘടന തന്നെ വ്യത്യസ്ഥ ഊർജ്ജങ്ങളുടെ ജോഡികളായി പ്രമാണീകരിക്കപ്പെടുന്നു.
( വ്യാഖ്യാനം എ. യൂസുഫ് അലി )





ഖുർആനിന്റെ വിദ്യാർത്ഥികൾ എല്ലാ മനുഷ്യ കണ്ടെത്തലുകൾക്ക് പിന്നിലും ദൈവത്തിന്റെ ഒരിക്കലും പിശക് പറ്റാത്ത കരകൗശലം ദർശിച്ചു. അവന്റെ വിശ്വാസം ശക്തിപ്പെടാനും സംശയങ്ങൾ ദൂരെയാവാനും, അവന്റെ പരിപോഷകനും പരമകാരുണികനുമായ ദൈവത്തിൽ നിന്നുള്ള അടയാളങ്ങളും അത്ഭുതങ്ങളുമായിരുന്നു അവ.

إِنَّ فِى ذَٰلِكَ لَأَيَٰتٍ لِّلْعَٰلِمِينَ

തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

*വിശുദ്ധ ഖുർആൻ (30:22)*

എന്തൊരു വിരോധാഭാസം! പാണ്ഡിത്യമുള്ള ആളുകളാണ് യഥാർത്ഥത്തിൽ നിഷേധികളായിരിക്കുന്നത്. അവർക്കുള്ള വിപുലമായ ഭൗതികവിജ്ഞാനം അവരെ അഹന്തയാൽ ഊതി വീർപ്പിച്ചിരിക്കുന്നു. അവർക്ക് എല്ലാ വാസ്തവമായ വിജ്ഞാനത്തോടൊപ്പവും ഉണ്ടാകാറുള്ള പരിശുദ്ധമായ വിനയത്തിന്റെ അഭാവമുണ്ട്.ഒരാധുനിക ഫ്രെഞ്ചുകാരന്റെ വാക്കുകളിൽ :

ഈ അഭിപ്രായ പ്രകടനം (അദ്ദേഹത്തിന്റെ പ്രബന്ധം) ഖുർആന്റെ രചയിതാവ് മുഹമ്മദ്(സ) ആണെന്ന കൽപനാ സിദ്ധാന്തമുയർത്തുന്നവരുടെ വാദത്തെ സമർത്ഥിക്കാനാവാത്തതാക്കിത്തീർക്കുന്നു. ഒരു മനുഷ്യൻ നിരക്ഷരനായിട്ടും സാഹിത്യ യോഗ്യതയുടെ അടിസ്ഥാനത്തിൽ മുഴുവൻ അറബി സാഹിത്യത്തിലെയും ഏറ്റവും ഉയർന്ന പദവിയിലുള്ള രചയിതാവാകുന്നതെങ്ങിനെ?

ആ കാലത്ത് മറ്റൊരാൾക്കും രൂപപ്പെടുത്താൻ കഴിയാത്ത ശാസ്ത്ര പ്രകൃതിയിലുള്ള സത്യങ്ങൾ പ്രഖ്യാപിക്കാൻ അദ്ദേഹത്തിന് എങ്ങനെ കഴിഞ്ഞു, വിഷയസംബന്ധമായ അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളിലെല്ലാം ഒരിക്കൽ പോലും, നേരിയ പിശക് പോലും വരുത്താതെ?

Bible,Quran and Science,p.125 - Maurice Bucaille

## ആരംഭത്തിലെ പ്രചോദനം

ഖുർആൻ അത്ഭുതങ്ങളിലെ അത്ഭുതം എന്ന ഈ കൊച്ചു കൃതിയുടെ ബീജങ്ങൾ എന്നിൽ വിതച്ചത് ഇസ്‌ലാമിന്റെ സഞ്ചരിക്കുന്ന സ്ഥാനപതിയും വാഗ്വിലാസമുള്ള പ്രഭാഷകനുമായിരുന്ന മൌലാനാ

അബ്ദുൽ അലീം സിദ്ദീഖിയായിരിക്കാം. 1934- ൽ ഒരു പ്രസംഗ പര്യടനത്തിനായി അദ്ദേഹം ദക്ഷിണാഫ്രിക്ക സന്ദർശിച്ചപ്പോൾ ഞാനൊരു സ്കൂൾ വിദ്യാർത്ഥിയായിരുന്നു. പണ്ഡിതോചിതമായ അദ്ദേഹത്തിന്റെ നിരവധി പ്രഭാഷണങ്ങളിൽ മുസ്‌ലിംകളുടെ ശാസ്ത്രസംസ്കരണം എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുന്നത് ഞാൻ കേട്ടു. അനന്തരം പാകിസ്താനിലെ കറാച്ചിയിലുള്ള World federation of Islamic Missions എന്ന സംഘടന ബാല്യകാലത്ത് ഞാൻ കേട്ട പ്രഭാഷണത്തിന്റെ ആനന്ദവും പുളകവും എന്നിൽ തിരിച്ചു കൊണ്ടു വന്ന അതേ പേരിലുള്ള ഒരു ലഘുകൃതി പ്രസിദ്ധീകരിച്ചു. ഭാവി തലമുറകൾക്കായി, ഖുർആനും ശാസ്ത്രവിജ്ഞാനത്തിന്റെ ശാഖകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മൗലാനാക്ക് പറയാനുള്ള തിൽ നിന്നും ചില വാക്കുകൾ ഞാനിവിടെ പുനരാവിഷ്കരിക്കട്ടെ.

## ശാസ്ത്രവിജ്ഞാനം ആർജ്ജിക്കാനുള്ള അനുശാസനങ്ങൾ

വിശുദ്ധ ഖുർആൻ പ്രപഞ്ചത്തിന്റെ ശാസ്ത്രീയ പഠനത്തിനായി ചെലുത്തുന്ന ഊന്നൽ ലോക മതസാഹിത്യത്തിലെ അതുല്യമായൊരു പ്രതിഭാസമാണ്. ആവർത്തിച്ചു കൊണ്ട്, അത് നമുക്ക് ചുറ്റും സംഭവിക്കുന്ന പ്രകൃതിയിലെ അത്യധികം വൈവിധ്യമുള്ള പ്രതിഭാസങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ശാസ്ത്ര വിജ്ഞാനങ്ങൾക്കായുള്ള അന്വേഷണം അവരുടെ മതപരമായ കർത്തവ്യമാണെന്ന് അത് ആവർത്തിച്ചു അനുശാസിക്കുന്നു. പ്രകൃതിയിലെ എല്ലാ വസ്തുക്കളും മനുഷ്യന്റെ സേവനത്തിന് വേണ്ടിയുള്ളതാണെന്നും അത് അവന്റെ ആവശ്യത്തിന് വേണ്ടി ഉപയോഗപ്പെടുത്തണം എന്നുമുള്ള ഖുർആൻ അവതരിക്കുന്നതിന്ന് മുമ്പുള്ള ലോകത്തിന് അജ്ഞാതമായ മഹത്തായ സത്യം ആവർത്തിച്ചു കൊണ്ട്, അത് ഊന്നിപ്പറയുന്നു. മനുഷ്യജീവിയുടെ ഘടനയും കൃത്യവും, ജന്തുക്കളുടെ വിഭജനവും കൃത്യങ്ങളും, സസ്യങ്ങളുടെ രൂപം, ഘടന, കൃത്യങ്ങൾ, സസ്യങ്ങളുടെ വിഭജനവും വർഗ്ഗീകരണവും, ഇവയെയെല്ലാം കുറിച്ച് പഠിക്കാൻ അത് നമ്മോട് അനുശാസിക്കുന്നു. ഇവയെല്ലാം ജീവശാസ്ത്രത്തിന്റെ ചിന്താ വിഷയങ്ങളാണ്.

പ്രകൃതിയുടെ ക്രമത്തെക്കുറിച്ചും, ഊർജ്ജബാധിതമായ പദാർത്ഥത്തിന്റെ പൊതുധർമ്മങ്ങളെക്കുറിച്ചും പഠിക്കാൻ അത്





നമ്മോട് അനുശാസിക്കുന്നു. ഇവ ആധുനിക ഊർജ്ജതന്ത്രത്തിന്റെ ചിന്താവിഷയങ്ങളാണ്.

മൗലിക, സങ്കര പദാർത്ഥങ്ങളുടെ ധർമ്മങ്ങളും, അവയുടെ സമ്മിശ്രണത്തിന്റെ നിയമങ്ങളും അവ തമ്മിൽ പരസ്പരമുണ്ടാവുന്ന പ്രവർത്തനങ്ങളും പഠിക്കാൻ അത് നമ്മോട് അനുശാസിക്കുന്നു. ഇവ ആധുനിക രസതന്ത്രത്തിന്റെ ചിന്താവിഷയങ്ങളാണ്.

അത് ഭൂഗോളത്തിന്റെ ധാതുപ്രകൃതി, ഘടന എന്നിവയെക്കുറിച്ചും, അവ കൂട്ടിച്ചേർക്കപ്പെട്ട വിവിധ പാറനിരകളെക്കുറിച്ചും, അവയുടെ ജൈവവും അജൈവവുമായ പദാർത്ഥങ്ങളിൽ സംഭവിക്കുന്ന വ്യത്യാസങ്ങളെക്കുറിച്ചും പഠിക്കാൻ നമ്മോടനുശാസിക്കുന്നു. ഇവ ആധുനിക ഭൂഗർഭശാസ്ത്രത്തിന്റെ ചിന്താവിഷയങ്ങളാണ്.

ഭൂമിയുടെ പൊതുവായ വിസ്തൃത വിവരണത്തെക്കുറിച്ചും കടലുകൾ, പുഴകൾ, പർവ്വതങ്ങൾ, സമഭൂമികൾ പോലുള്ള അതിന്റെ ഭൗതിക വിഭജനങ്ങളെക്കുറിച്ചും അവ ഓരോന്നിലും ഉള്ള ധാതുക്കളെക്കുറിച്ചും സസ്യ മൃഗാദികളെക്കുറിച്ചും അതിലെ രാഷ്ട്രീയ വിഭജനങ്ങളെക്കുറിച്ചും പഠിക്കാൻ അത് നമ്മോട് അനുശാസിക്കുന്നു. ഇവ ആധുനിക ഭൂമിശാസ്ത്രത്തിന്റെ ചിന്താ വിഷയങ്ങളാണ്.

രാപകലുകൾ മാറിമാറി വരുന്നതിന്റെ കാരണങ്ങളെക്കുറിച്ചും, ഋതുക്കളുടെ വ്യതിയാനം, ഗ്രഹങ്ങളുടെ ചലനങ്ങൾ, മറ്റു ആകാശ സംബന്ധമായ പ്രതിഭാസങ്ങൾ എന്നിവയെക്കുറിച്ചും പഠിക്കാൻ അത് നമ്മോട് അനുശാസിക്കുന്നു. ഇവ ആധുനിക ജ്യോതിശാസ്ത്രത്തിന്റെ ചിന്താവിഷയങ്ങളാണ്.

കാറ്റുകളുടെ ചലനങ്ങൾ, മേഘങ്ങളുടെ രൂപവൽക്കരണവും പരിണാമവും, മഴയുടെ ഉത്പാദനം എന്നിവയെക്കുറിച്ചും അതുപോലുള്ള ഇതര പ്രതിഭാ സങ്ങളെക്കുറിച്ചും പഠിക്കാൻ അത് നമ്മോട് അനുശാസിക്കുന്നു. ഇവ ആധുനിക കാലാവസ്ഥാ പഠനത്തിന്റെ ചിന്താവിഷയങ്ങളാണ്.

ശാസ്ത്ര പഠനത്തിന്റെ മേഖലയിൽ മുസ്‌ലിംകൾ നൂറ്റാണ്ടുകളോളം ലോക നേതാക്കളായിരുന്നു. ക്രമേണ നേതൃത്വം അവരുടെ കൈകളിൽ നിന്നും വഴുതിപ്പോവാൻ തുടങ്ങി. മുസ്‌ലിംകൾ അവരുടെ നേതൃത്വവേഷത്തിൽ പരാജയപ്പെടുകയും ഭൗതികവാദികളായ യൂറോപ്യർ

മുസ്‌ലിംകൾ സൃഷ്ടിച്ച നേതൃത്വശൂന്യത നികത്താനായി മുന്നോട്ടു വരികയും ചെയ്തു.

തുടർന്ന് മൗലാനാ മുസ്‌ലിംകളുടെ സംഭാവനകളെ താഴെ പറയും പ്രകാരം രേഖടുത്തുന്നു.

"ഇസ്‌ലാം സൃഷ്ടിച്ച ധിഷണാപരമായ വിപ്ലവം അതിബൃഹത്തായ ഒന്നായിരുന്നു. മുസ്‌ലിംകൾ സ്പർശിക്കാതിരുന്ന, അവരുടേതായ ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കാതിരുന്നതുമായ ഒരു പഠന വിഭാഗവുമില്ല."

"സത്യത്തിൽ, ഇസ്‌ലാം മുസ്‌ലിംകളുടെ സമൂഹം ബുദ്ധിജീവികളുടെ സമൂഹമാവാൻ ഉദ്ദേശിക്കുന്നു. ശാസ്ത്രത്തിന്റെ സംസ്കരണവും മറ്റെല്ലാ പഠനരീതികളും ഇസ്‌ലാമിന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്നാണ്. മുസ്‌ലിംകളിലൂടെ അല്ലാതിരുന്നെങ്കിൽ യൂറോപ്പ് നവോത്ഥാനത്തിലേക്കുള്ള വഴി കാണുകില്ലായിരുന്നു, ആധുനിക ശാസ്ത്രയുഗം ഒരിക്കലും പുലരുകയില്ലായിരുന്നു. യഥാർത്ഥത്തിൽ യൂറോപ്പിൽ നിന്നും ശാസ്ത്രവിജ്ഞാനം കരസ്ഥമാക്കിയ രാഷ്ട്രങ്ങൾ, പരോക്ഷമായി പൂർവ്വകാല മുസ്‌ലിം സമൂഹത്തിന്റെ ശിഷ്യന്മാരാണ്. ഒരിക്കലും തിരിച്ചു നൽകാനാവാത്തൊരു കടപ്പാടും ഒരിക്കലും വിസ്മരിക്കാനാവാത്ത കൃതജ്ഞതയും മാനവതക്ക് ഇസ്‌ലാമിനോടുണ്ട്."

വശ്യമായ വാഗ്വിലാസത്തിന്റെ ഉടമയായ മൗലാനാ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ മഹത്തരമായ വിശദീകരണത്തെ, ഈ വാക്കുകളാൽ സമാപ്തമാക്കുന്നു.

ഉപസംഹാരത്തിന് മുമ്പ് മുസ്‌ലിം സമൂഹം ഇസ്‌ലാമിന്റെ സൃഷ്ടിയാണെന്നും ഇസ്‌ലാം ദൈവീക വെളിപാടുകളിൽ വേരൂന്നിയതാണന്നും ഞാനുറപ്പിച്ചു പറയട്ടെ. ഇസ്‌ലാമിക വിശ്വാസവും അനുഷ്ഠാനവുമല്ലാതെ മറ്റു യാതൊന്നും ഒരു വ്യക്തിയെ മുസ്‌ലിമാക്കുന്നില്ല. ഒരു മുസ്‌ലിം തന്റെ ചുറ്റുമുള്ള പദാർത്ഥങ്ങളുടെ യാഥാർത്ഥ്യങ്ങളെക്കുറിച്ചന്വേഷിക്കേണ്ടത് മതപരമായ കർത്തവ്യമായി ഇസ്‌ലാം അനുശാസിക്കുന്നു. അത് കൊണ്ട് ശാസ്ത്രീയമായ അന്വേഷണം അവനെ അവന്റെ സ്രഷ്ടാവിലേക്ക് നയിച്ചേക്കാം. ഇസ്‌ലാമിലെ ശാസ്ത്രീയാന്വേഷണം ഒരവസാനമല്ല, പക്ഷേ ഉന്നതമായ ഒരു പരിസമാപ്തി നേടാനുള്ള മാർഗ്ഗമത്രെ. ഇത്





തന്നെയാണ് മാനവതയുടെ യഥാർത്ഥ അവസാനവും.

''ഞങ്ങൾ അല്ലാഹുവിൻെറ അധീനത്തിലാണ്. അവങ്കലേക്കു തന്നെ മടങ്ങേണ്ടവരുമാണ്"

*(വിശുദ്ധ ഖുർആൻ 2 : 156 )*

## എന്റെ അലസിപ്പോയ പ്രസംഗം

1934ൽ അധ്യാപകന്റെ ചുണ്ടിൽ നിന്ന് തന്നെ ഈ പ്രസംഗം കേൾക്കാനുള്ള അവസരം എനിക്കുണ്ടായി. മുപ്പതുകളുടെ അവസാനത്തിൽ ഒരു ലഘു കൃതിയായി പ്രസംഗം കൈയ്യിൽ വന്നു. ആദംസ് മിഷ്യൻ സ്റ്റേഷനിലെ ഒരു മുസ്‌ലിമിന്റെ കടയിൽ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ കുറച്ചു രൂപഭേദവും മാറ്റങ്ങളും വരുത്തിയ ശേഷം ഞാനത് മനഃപാഠമാക്കി. ഉത്സാഹിതനായ ഞാൻ ഇതേ വിഷയത്തിൽ വിദ്യാർത്ഥികളോടും അധ്യാപകരോടും പ്രഭാഷണം നടത്താനായി ആദംസ് കോളേജുമായി ഏർപ്പാട് ചെയ്തു. ആ സമയത്തെ എന്റെ ദൗത്യത്തിന്റെ വലുപ്പമെന്താണെന്ന് എനിക്കറിയില്ലായിരുന്നു, പക്ഷേ എന്റെ മുസ്‌ലിമായ യജമാനൻ എന്നെ രക്ഷപ്പെടുത്താൻ വരുമോ എന്നെ നിക്കറിയില്ലായിരുന്നു? എന്റെ ആദ്യത്തെ പൊതുപ്രസംഗം ഉപേക്ഷിച്ചില്ലെങ്കിൽ എന്നെ പിരിച്ചു വിടുമെന്ന് അയാൾ ഭീഷണിപ്പെടുത്തി. ഞാൻ പിൻവലിഞ്ഞു. എന്റെ മുതലാളി അല്ലാഹുവിന്റെ മുന്നറിയിപ്പിനെക്കുറിച്ച് അറിവില്ലാത്തവനായിരുന്നുവെന്നതിൽ സംശയമില്ല. എനിക്കും കൂടുതലൊന്നുമറിയില്ലായിരുന്നു. അപ്പോൾ ഈ താക്കീതിനാൽ നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിൽ ഞാനെന്ത് നിലപാടെടുക്കുമായിരുന്നുവെന്ന് എനിക്ക് പറയാൻ കഴിയില്ല.

قُلْ إِن كَانَ ءَابَآؤُكُمْ وَأَبْنَآؤُكُمْ وَإِخْوَٰنُكُمْ وَأَزْوَٰجُكُمْ
وَعَشِيرَتُكُمْ وَأَمْوَٰلٌ ٱقْتَرَفْتُمُوهَا وَتِجَٰرَةٌ تَخْشَوْنَ
كَسَادَهَا وَمَسَٰكِنُ تَرْضَوْنَهَآ أَحَبَّ إِلَيْكُم مِّنَ ٱللَّهِ
وَرَسُولِهِۦ وَجِهَادٍ فِى سَبِيلِهِۦ فَتَرَبَّصُوا۟ حَتَّىٰ يَأْتِىَ ٱللَّهُ

بِأَمْرِهِ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَـٰسِقِينَ

"(നബിയേ,) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രന്മാരും, നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുകളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവൻെറ ദൂതനെക്കാളും അവൻെറ മാർഗ്ഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവൻെറ കൽപന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല."

*വിശുദ്ധ ഖുർആൻ (9:24)*

ഭീരുവായ ഞങ്ങളുടെ സഹോദരന് നന്ദി. അത്രയും സ്ഥിരോത്സാഹത്തോടെ ഞാൻ ആസൂത്രണം ചെയ്ത, മനഃപാഠമാക്കി ആവർത്തിച്ചഭ്യസിച്ച, ക്രിസ്ത്യൻ മതപ്രചാരകന്മാരുമായും പരിശീലനം നടത്തുന്ന പുരോഹിതന്മാരുമായുമുള്ള എന്റെ ഏറ്റവുമാദ്യത്തെ പ്രസംഗം ഒന്നുമല്ലാതായി. ഒരുവേള, പൊതു പ്രസംഗത്തിലുള്ള എന്റെ തൊഴിൽ രംഗത്ത് ഞാൻ പത്ത് വർഷം പിന്നിലായത് പോലെ തോന്നി. ഇസ്ലാമിന്റെ സന്ദേശമെത്തിച്ചു കൊടുക്കുകയുമില്ല, അതിന് മുതിരുന്നവരെ തടയുകയും ചെയ്യുന്ന, മേൽ വാക്യത്താൽ ഗണിക്കാവുന്ന, ഭൗതിക പരിഗണനകളാൽ സംഭ്രാന്തരായ എന്റെ യജമാനനെ പോലുള്ള ദശലക്ഷക്കണക്കിന് ആളുകളുണ്ട്. എന്നിട്ടും അവരുടെ പെരുമാറ്റത്തിൽ അങ്ങേയറ്റം ഭക്തരാണെന്ന പൊങ്ങച്ചം പ്രകടിപ്പിക്കുന്നു. ഉപകരിക്കാത്ത അത്തരക്കാരെ വഴിപിഴച്ച പാപികളെന്ന് അല്ലാഹു വിശേഷിപ്പിക്കുന്നു.

## വെല്ലുവിളി ഏറ്റെടുക്കൂ

മേൽ പറഞ്ഞ പ്രസംഗത്തിൽ ജീവശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, ഭൂമിശാസ്ത്രം, കാലാവസ്ഥാപഠനം, എന്നീ വിഷയങ്ങളിലും മറ്റും നാം ആലോചിക്കാൻ വേണ്ടി മൌലാനാ ഖുർആനിക അനുശാസനത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആധുനിക കാലഘട്ടങ്ങളിൽ മൗറിസ് ബ്യുക്കായ്, കെയ്ത്ത് മൂർ, ശൈഖ്





സിംദാനി മുതലായ പണ്ഡിതന്മാർ വിശുദ്ധ ഖുർആനിന്റെ ശാസ്ത്ര സംബന്ധിയായ ദർശനങ്ങളെക്കുറിച്ച് എഴുതിയിട്ടുണ്ട്. അതിനുള്ള പരിധി അനന്തമാണ്. മഹത്തായ ഖുർആൻ വിജ്ഞാന സാഗരമാണ്.

വിശേഷ വൈദഗ്ധ്യം നേടിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് മുസ്‌ലിം ശാസ്ത്രജ്ഞർ മുപ്പതുകളുടെ മധ്യത്തിൽ മൗലാനാ സൂചന തന്ന വെല്ലുവിളികളേറ്റെടുക്കാൻ തയ്യാറാകേണ്ടിയിരിക്കുന്നു. എല്ലാ മേഖലകളിലുമവർ പിന്നാക്കം പോകേണ്ടതില്ല. ഓരോരുത്തർക്കും തന്റേതായ പ്രത്യേക വൈശിഷ്ട്യമാണാവശ്യം. അവരുടെ ആസക്തി ഉത്സാഹിപ്പിക്കാൻ ഇസ്ലാമിലെ യുവാക്കൾ വിവിധ ശാസ്ത്രവിഷയങ്ങളെ സംബന്ധിക്കുന്ന ലഘുപ്രബന്ധങ്ങളും ലേഖനങ്ങളും വിവരങ്ങളും കാംക്ഷിക്കുന്നു. ദൈവം ഇച്ഛിക്കുന്നെങ്കിൽ വിശ്വവിജ്ഞാന കോശങ്ങൾ തുടർന്നുണ്ടായേക്കാം.

ഖുർആനിക ശാസ്ത്രങ്ങളുടെ വ്യാഖ്യാനം മുസ്‌ലിം ശാസ്ത്രജ്ഞന്മാർക്ക് വിട്ടു കൊടുക്കേണ്ടിവന്നതിൽ ഞാൻ മാപ്പു ചോദിക്കണമെന്നില്ല. മുസ്‌ലിമല്ലാത്തവരെയും ദൈവത്തിന്റെ ഗ്രന്ഥത്തിൽ പ്രതിഷ്ടിക്കപ്പെട്ട ജ്ഞാനത്തിന്റെ ആഴങ്ങൾ പര്യവേഷണം നടത്താൻ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സാധാരണക്കാരനെന്ന നിലയിൽ എനിക്ക് യഥാർത്ഥമെന്ന് തോന്നിയ വിശുദ്ധ ഖുർആനിന്റെ അത്ഭുതകരമായ പ്രകൃതിയെക്കുറിച്ച്, ലളിതവും സാമാന്യ സ്വഭാവമുള്ളതുമായ വസ്തുതകളായി, ഞാൻ നിങ്ങളുമായി പങ്കുവെക്കാം.

അദ്ധ്യായം 3

## രേഖപ്പെടുത്തലിൽ പരമാതുല്യമായ ഖുർആൻ

ലോകത്ത് നിലവിലിരിക്കുന്ന എല്ലാ മതസാഹിത്യങ്ങളുടെയും കൂട്ടത്തിൽ വിശുദ്ധ ഖുർആൻ തീർത്തും അതുല്യമാണ്. അതിന്റെ രേഖപ്പെടുത്തലും സൂക്ഷിപ്പും അത്ഭുതകരമാണ്. കാരണം വിവരണത്തിൽ സാധാരണ മനുഷ്യമാതൃകയിൽ നിന്നും വിഭിന്നമായി അത് നിലകൊള്ളുന്നു.

ഹ്രസ്വവീക്ഷണമുള്ളവരും ശത്രുതയുള്ളവരും അത് പരസ്പര ബന്ധമില്ലാത്തതും അസംബന്ധവും ആണെന്ന് പറയുന്നു. മാതൃക ഖണ്ഢിതമായും വ്യത്യസ്തമാണ്. അത് അതുല്യമാണ്. അത് അത്ഭുതകരമാണ്. ഞാൻ സമർത്ഥിക്കുന്നതെന്തോ അത് തെളിയിക്കട്ടെ.

### മാനവ രചനാരീതി

എല്ലാ ഇതരമതഗ്രന്ഥങ്ങളും പണ്ടു പണ്ടൊരുകാലത്ത് കുറുക്കനും മുന്തിരിങ്ങയും, ചെന്നായയും ആട്ടിൻ കുട്ടിയും എന്നിങ്ങനെയുള്ള മാതൃകയിലാണ് തുടങ്ങുക. ഉദാഹരണങ്ങൾ ഇവയാണ്.

*(1 മുതൽ 5 വരെയുള്ള വാക്യങ്ങളെല്ലാം ഊന്നിയുള്ള ഉച്ചാരണം കൂട്ടിച്ചേർക്കപ്പെട്ടത്)*

1 IN THE BEGINNING (Once Upon a Time) God created the heaven and the earth …(Emphasis added)

*Genesis 1: 1 ( Bible)*





ആദിയിൽ (പണ്ടു പണ്ടൊരുകാലത്ത്) ദൈവം ആകാശവും* ഭൂമിയും സൃഷ്ടിച്ചു.

*ഉൽപത്തി ** 1 :1 ബൈബിൾ*

b IN THE BEGINNING (Once Upon a Time) was the word and the word was with God, and the word was God…..

*John 1: 1 – ( Bible)*

ആദിയിൽ (പണ്ടു പണ്ടൊരുകാലത്ത്) വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവം ആയിരുന്നു.

*യോഹന്നാൻ 1 :1 ബൈബിൾ*

c THIS IS THE GENEALOGY (The Origin, The Beginning) of Jesus Christ, the son of David, the son of Abraham…

*Mathew 1:1( Bible)*

അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശു ക്രിസ്തുവിന്റെ വംശാവലി: (ഉത്ഭവം, തുടക്കം)

*മത്തായി 1 :1 ബൈബിൾ*

2 NOW AFTER THE DEATH OF MOSES THE SERVANT OF THE LORD IT CAME TO PASS (So It Happened, Once Upon a Time), that the Lord spoke unto Joshua…..

*Joshua 1:1 ( Bible)*

യഹോവയുടെ ദാസനായ മോശെയുടെ മരണശേഷം (പണ്ടു പണ്ടൊരു കാലത്ത്, ഇങ്ങിനെ സംഭവിച്ചു)യഹോവ നൂന്റെ മകനായി മോശെയുടെ ശുശ്രൂഷകനായ യോശുവയോടു അരുളിച്ചെയ്തു:

*യോശുവ 1 :1 ബൈബിൾ*

3 NOW AFTER THE DEATH OF JOSHUA IT CAME TO PASS(So it Hppened, Once Upon a Time), that the children of Israel asked the Lord……

*Judges 1:1 ( Bible)*

യോശുവയുടെ മരണശേഷം യിസ്രായേൽ മക്കൾ: (പണ്ടുപണ്ടൊരു

* ബൈബിളിലെ ആദ്യവചനം ആകാശവും ഭൂമിയും എന്ന് ഏകവചനത്തിൽ വിവരിക്കുന്നു. വിശുദ്ധ ഖുർആനിൽ ഭൂമി എപ്പോഴും ഏകവചനമായും ആകാശങ്ങൾ എന്ന് ബഹുവചനമായും വിവരിക്കപ്പെടുന്നു. പരിചിന്തനാർഹമായൊരു കാര്യമാണിത്.

** ഉൽപത്തി എന്ന പദം തന്നെ ആരംഭം എന്നർത്ഥമാക്കുന്നു. ഇങ്ങനെത്തന്നെയാണ് എല്ലാ മനുഷ്യ കഥകൾ തുടങ്ങുന്നതും.

കാലത്ത്, ഇങ്ങിനെ സംഭവിച്ചു) എന്നു യഹോവയോടു ചോദിച്ചു.

*ന്യായാധിപന്മാർ 1 :1 * ബൈബിൾ*

4 NOW IT CAME TO PASS (So It Happened, Once Upon a Time) in the days when the judges ruled, that there was famine in the land………. (Emphasis added)

*Ruth 1:1 ( Bible)*

ന്യായാധിപന്മാർ ന്യായപാലനം നടത്തിയ കാലത്തു (പണ്ടു പണ്ടൊരു കാലത്ത്, ഇങ്ങിനെ സംഭവിച്ചു ) ഒരിക്കൽ ദേശത്തു ക്ഷാമം ഉണ്ടായി.

*രൂത്ത് 1 :1 ** ബൈബിൾ*

5 NOW THERE WAS A CERTAIN MAN (Once Upon a Time) of Ramathaimzophim, of the mount Ephraim

*Samuel 1:1 (Bible)*

എഫ്രയീം മലനാട്ടിലെ രാമാഥയീം സോഫീമിൽ എൽക്കാനാ എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു.

*1ശാമുവേൽ1:1*** ബൈബിൾ*

6 NOW IT CAME TO PASS (So It Happened, OnceUpon a Time) after the death of Saul…..(Emphasis added)

*2 Samuel 1: 1 (Bible)*

ശൌൽ മരിക്കയും പാർക്കയും ചെയ്ത ശേഷം (പണ്ടു പണ്ടൊരു കാലത്ത്) ഇങ്ങിനെ സംഭവിച്ചു) (ഊന്നിയുള്ള ഉച്ചാരണം കൂട്ടിച്ചേർക്കപ്പെട്ടത്)

*2ശാമുവേൽ1 :1 ബൈബിൾ*

7 NOW (Once Upon a Time) King David was old (Gone Cold) and stricken

* 52 വിഭാഗങ്ങളനുകൂലിക്കുന്ന സർവ്വശ്രേഷ്ഠരായ 32 ബൈബിൾ പണ്ഡിതന്മാരുടെ പിന്തുണയുള്ള RSV (Revised Standard Version)ന്റെ എഡിറ്റർമാർ ഇതിന്റെ ഗ്രന്ഥകർതൃത്വത്തെക്കുറിച്ച് അത് ദൈവമല്ല ഒരുപക്ഷേ ശാമുവേലാകാം എന്നാണ് വിധി നിർണ്ണയിച്ചത്.

** അവരുടെ വിധി വീണ്ടും വ്യക്തമായും അറിയില്ല. ശാമുവേൽ ആയേക്കാം. വളരെ വ്യക്തമായും ദൈവമല്ല.

*** ആശ്ചര്യമെന്തെന്നാൽ നവീകൃത പ്രാമാണിക പതിപ്പിന്റെ എഡിറ്റർമാർ ന്യായാധിപന്മാരുടെ പുസ്തകത്തിന്റെ ഗ്രന്ഥകർതൃത്വത്തെക്കുറിച്ച് ശാമുവേൽ ആയേക്കാം എന്നും രൂത്തിന്റെ പുസ്തകത്തെപ്പററി ശാമുവേൽ ആയേക്കാമെന്നും പറയുമ്പോൾ ശാമുവേലിന്റെ പുസ്തകത്തിലെത്തിയാൽ ഗ്രന്ഥകർത്താവ് അജ്ഞാതമെന്ന് പ്രഖ്യാപിക്കുന്നു.





in years, and they covered him with clothes, but he gat no heat

*1King 1:1 (Bible)*

ദാവീദ് രാജാവു വയസ്സു ചെന്നു വൃദ്ധനായപ്പോൾ അവനെ കമ്പിളി പുതപ്പിച്ചിട്ടും കുളിർ മാറിയില്ല.

*1 രാജാക്കന്മാർ 1:1 2 ബൈബിൾ*

8 NOW (Once Upon a Time) in the first year of Cyrus King of Persia…..

Book of Ezra 1: 1 (Bible)

യിരെമ്യാമുഖാന്തരം ഉണ്ടായ യഹോവയുടെ അരുളപ്പാടു നിവൃത്തിയാകേണ്ടതിന്നു പാർസി രാജാവായ കോരെശിന്റെ (പണ്ടു പണ്ടൊരു കാലത്ത്)

*എസ്രായുടെ പുസ്തകം 1: 1 ൈ ബബിൾ*

9 NOW IT CAME TO PASS (So It Happened Once Upon a Time) in the days of Ahsuerus……(Emphasis added)

Book of Esther 1:1 (Bible)

അഹശ്വേരോശിന്റെ കാലത്തു (പണ്ടു പണ്ടൊരു കാലത്ത്, ഇങ്ങിനെ സംഭവിച്ചു) (ഊന്നിയുള്ള ഉച്ചാരണം കൂട്ടിച്ചേർക്കപ്പെട്ടത്)

*എസ്ഥേറിന്റെ പുസ്തകം 1: 1 ബൈബിൾ*

10 NOW IT CAME TO PASS (So It Happened, Once Upon a Time) in the thirtieth year, in the fourth month, In the fifth day of the month….(Emphasis added)

*Ezekiel 1:1 (Bible)*

മുപ്പതാം ആണ്ടും നാലാം മാസം അഞ്ചാം തിയ്യതി (പണ്ടു പണ്ടൊരു കാലത്ത്, ഇങ്ങിനെ സംഭവിച്ചു) (ഊന്നിയുള്ള ഉച്ചാരണം കൂട്ടിച്ചേർക്കപ്പെട്ടത്)

*യെഹെസ്കേൽ 1: 1 ബൈബിൾ*

ഈ ഉദാഹരണങ്ങൾ നിങ്ങളെ ചിന്താക്കുഴപ്പത്തിലാക്കുകയും അന്ധാളിപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ, വേറെ ഏതിനും അതാവില്ല. പണ്ടുപണ്ടൊരുകാലത്ത് എന്ന അവസ്ഥ തീർച്ചയായും നിങ്ങളെ അലട്ടുന്നുണ്ടാകും. അവ സത്യമാണെങ്കിലും മനുഷ്യ നിർമ്മിത കഥകളോട് നിങ്ങൾക്ക് പ്രത്യേകാസക്തിയുണ്ടാവാം. രചനാരീതി, മാതൃക, ആഖ്യാനം എന്നിവയെക്കുറിച്ചാണ് ഞാൻ പറഞ്ഞു വരുന്നത്. മനുഷ്യർ ഇങ്ങനെയാണ് ചിന്തിക്കുന്നതും സംസാരി

ക്കുന്നതും എഴുതുന്നതും. അവരെ കുറ്റപ്പെടുത്തരുത്, കാരണം മനുഷ്യരെന്നും മനുഷ്യർ മാത്രമായിരിക്കും.!

മേലെയുള്ള പ്രസ്താവങ്ങളെല്ലാം ലോകത്തെ ക്രിസ്ത്യാനികളുടെ ഏറ്റവും ജനസമ്മതിയുള്ള പതിപ്പായ കിംഗ് ജേംസ് പതിപ്പിൽ (KJV) നിന്നുള്ളതാണ്. മേലെയുള്ള ഉദ്ധരണികളിൽ ഓരോ വാക്യത്തിലും 1 : 1, 1:1; അർത്ഥമെന്തെന്നാൽ ബൈബിളിലെ ഓരോ പുസ്തകത്തിലെയും പ്രഥമ അദ്ധ്യായത്തിലെ പ്രഥമ വചനമെന്നാണ്. അവയെല്ലാം തുടങ്ങുന്നത് ഇപ്പോൾ ഇപ്പോൾ എന്നിങ്ങനെയാണ്. ശ്രമിച്ചു നോക്കൂ, പുസ്തകങ്ങളുടെ പുസ്തകം എന്ന അദ്ധ്യായത്തിൽ ഇങ്ങനെയുള്ള എത്ര ആരംഭം കാണാമെന്ന് നോക്കൂ. എന്നിരുന്നാലും ബൈബിളിന്റെ ശബ്ദസൂചി നിങ്ങളെ സഹായിക്കില്ല. ഞാൻ ചെയ്തത് പോലെ നിങ്ങൾ ബൈബിളിലെ പേജുകൾ നോക്കേണ്ടിവരും.

## ശബ്ദസൂചികൾ സഹായിക്കില്ല

ഞാൻ രണ്ട് ബൈബിൾ ശബ്ദസൂചികൾ പരിശോധിച്ചു. അതിലൊന്ന് ക്രിസ്തീയ ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന അവാന്തര വിഭാഗമായ യഹോവ സാക്ഷികൾ പ്രസിദ്ധീകരിച്ചതാണ്. രണ്ടാമത്തേത് Youngs Analytical Concordances to the Bible ആയിരുന്നു. ഈ രണ്ടു ശബ്ദസൂചികളും 300,000ത്തിലധികം വിഷയ സംബന്ധമായ കുറിപ്പുകളുള്ളതായി അവകാശപ്പെടുന്നു. രണ്ടാമത്തേതിൽ 277ലധികം ഇപ്പോൾ (പണ്ടൊരു കാലത്ത്) എന്ന് ചേർത്തിട്ടുള്ളതിൽ മേൽ വിവരിച്ച ഒരു ഉദാഹരണം പോലുമില്ല. കാരണം* നിങ്ങൾക്കൂഹിക്കാവുന്നതേയുള്ളൂ.

ഇനിയും നിങ്ങളുടെ ക്ഷമയെ ഞാൻ പരീക്ഷിക്കുന്നില്ല. വിഷയവുമായി മുന്നോട്ടു പോകുകയാണ് നിങ്ങൾക്ക് വേണ്ടത് എന്നെനിക്ക് ബോധമുണ്ട്. എങ്കിൽ ശരി ഖുർആനിക വെളിപാടുകളെക്കുറിച്ചുള്ള നിങ്ങളുടെ ചരിത്രം ഇപ്പോൾ കേൾക്കട്ടെ!

അതൊരു റമദാൻ 27-ാം രാത്രിയായിരുന്നു. ഇസ്‌ലാമിന്റെ പ്രവാചകനായ മുഹമ്മദ് മക്കാ നഗരാതിർത്തിയിലെ ഹിറാഗുഹയിലാ

* അവരുടെ തന്നെ സ്വന്തം മാനദണ്ഡങ്ങൾക്കനുസൃതമായി ദൈവിക വചനങ്ങൾക്ക് മോശമായി യോജിക്കുന്ന അവ ബാലിശമായ അതിവാചകത്വത്തെ (പണ്ടു പണ്ടൊരു കാലത്ത്) പ്രതിനിധീകരിക്കന്നത് കൊണ്ട്.





യിരുന്നു. മനശ്ശാന്തിക്കും സ്വസ്ഥതക്കും ധ്യാനത്തിനുമായി ഹിറാ പർവ്വതത്തിൽ പോയി വിശ്രമിക്കുമായിരുന്നു. അദ്ദേഹം തന്റെ ജനതയുടെ മദ്യപാനം, പരസ്ത്രീഗമനം, വിഗ്രഹാരാധനകൾ, യുദ്ധങ്ങൾ, അവരുടെ കൊടിയ അനീതികൾ, ക്രൂരതകൾ എന്നീ പ്രശ്നങ്ങളെക്കുറിച്ചെല്ലാം ചിന്തിക്കുമായിരുന്നു. അത്രത്തോളമാകയാൽ മഹാചരിത്രകാരനായ ഗിബ്ബൺ, Decline and fall of the Roman Empire എന്ന അദ്ദേഹത്തിന്റെ കൃതിയിൽ രേഖപ്പെടുത്താൻ നിർബ്ബന്ധിതനായി. വിവേകമില്ലാത്ത മൃഗത്തെ (അറബിയെ) ഇതര മൃഗങ്ങളിൽ നിന്നും തിരിച്ചറിയാൻ മിക്കവാറും പ്രയാസകരമായിരിക്കുന്നു.

ഹിറായിലെ ഏകാന്തവാസി ഒരു പരിഹാരത്തിനായുള്ള തീവ്രാഭിലാഷത്തിലായിരുന്നു. അദ്ദേഹം ഒറ്റക്ക് തന്റെ ഏകാന്തവാസ സ്ഥലത്തേക്ക് പിൻവാങ്ങുക പതിവായിരുന്നു. പക്ഷേ ചിലപ്പോൾ തന്റെ പ്രിയപ്പെട്ട ഭാര്യ, ഉമ്മുൽ മുഅ്മിനീൻ (സത്യവിശ്വാസികളുടെ മാതാവായ) ഖദീജത്തുൽ കുബ്റായോടൊന്നിച്ചായിരുന്നു.

## ആദ്യത്തെ ഉൽബോധനം

ഒരു രാത്രി, ലൈലത്തുൽ ഖദറിന്റെ രാത്രിയിൽ (ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമെന്ന് ഖുർആൻ വിശേഷിപ്പിച്ച റമദാൻ മാസത്തിലുള്ള ഒരു രാത്രി) സൃഷ്ടികളുടെ മേൽ ദിവ്യമായ ശാന്തി നിലകൊള്ളുന്ന മുഴുവൻ പ്രകൃതിയും അതിന്റെ നാഥനിലേക്കുള്ള ഉത്കർഷത്തിലായിരുന്ന അവസ്ഥയിൽ ദാഹിക്കുന്ന ആത്മാവിന് വേണ്ടി ദൈവത്തിന്റെ പുസ്തകം തുറക്കപ്പെട്ടു.

ദൈവത്തിന്റെ മാലാഖയായ ജിബ്‌രീൽ അദ്ദേഹത്തിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ മാതൃഭാഷയിൽ അദ്ദേഹത്തോട് കൽപിക്കുന്നു. إِقْرَأْ (ഇഖ്റഅ്) എന്നാൽ ഉച്ചത്തിൽ വായിക്കുക ഉച്ചരിക്കുക, ആവർത്തിച്ചു ചൊല്ലുക, പ്രഖ്യാപിക്കുക! എന്നൊക്കെയാണർത്ഥം. മുഹമ്മദ് വളരെയധികം ഭയപ്പെട്ടു പോയി. ഈ ആഘാതം നേരിടാൻ അദ്ദേഹം അശേഷം ഒരുങ്ങിയിരുന്നില്ല. ഇത് ബിരുദ ദാനത്തിന്റെയോ പദവിചിഹ്നമായ മേലങ്കി അണിയിക്കുന്നതിന്റെയോ ചടങ്ങല്ല. വിറച്ചുകൊണ്ട് ഭീതിയോടെ അദ്ധേഹം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. (മാ അന ബി ഖാരിഇൻ) ഞാൻ വായിക്കാനറിയുന്നവനല്ല. മാലാഖ വീണ്ടും ഇഖ്റഅ് എന്ന് കൽപിച്ചു.

മുഹമ്മദി(സ)ൽ നിന്ന് വീണ്ടും അതേ പ്രതികരണമുണ്ടായി. ജിബ്‌രീൽ അദ്ദേഹത്തെ ദൃഢമായി ആശ്ലേഷിച്ചു കൊണ്ട് മൂന്നാമതായി ആജ്ഞാപിക്കുന്നു.

إِقْرَأْ بِاسْمِ رَبِّكَ الَّذِى خَلَقَ

“സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ  നാമത്തിൽ വായിക്കുക”

*വിശുദ്ധ ഖുർആൻ ( 96:1 )*

മുഹമ്മദിന് (സ) കൽപിക്കപ്പെട്ടത് ഉച്ചരിക്കുകയാണ് വേണ്ടതെന്ന് ബോധ്യമായി. ഇഖ്‌റഅ്  എന്നാൽ വായിക്കുക, ഉച്ചരിക്കുക, ആവർത്തിക്കുക, എന്നൊക്കെയാണ്. മുഹമ്മദ്(സ)യുടെ ആദ്യത്തെ സംബോധനത്തിൽ സൂറ: അലഖിലെ (വിശുദ്ധ ഖുർആനിലെ 96ാമത്തെ അദ്ധ്യായം) മേലെയുള്ള ആദ്യത്തെ വാക്യത്തിന്  ശേഷം നാല് വാക്യങ്ങൾ കൂടി ഉച്ചരിക്കപ്പെടുകയും ആവർത്തിച്ചു പറയപ്പെടുകയും പിന്നീട് വിശുദ്ധ ഖുർആന്റെ രൂപത്തിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്തു.

നിർത്തൂ, മിസ്റ്റർ  ദീദാത്ത്, നിങ്ങൾ കരയുന്നത് കേൾക്കാനായത് പോലെ തോന്നുന്നു. നിങ്ങളുടെ ഖുർആനിക വെളിപാടുകളെക്കുറിച്ച് ഞങ്ങളോട് പറയുന്ന ഈ കാര്യങ്ങൾ, മനുഷ്യന്റെ കൈകടത്തലുകൾക്ക് വിധേയമായിട്ടുണ്ട്  എന്ന് നിങ്ങൾ തെളിയിക്കേണ്ടിയിരിക്കുന്ന മറ്റനേകം ഉദാഹരണങ്ങളിൽ നിന്നും വ്യത്യസ്ഥമല്ല. അവയെല്ലാം ദൈവികേതരവും വ്യാജവുമായിരുന്നോ ?

അങ്ങനെതന്നെ, മനുഷ്യന്റെ ആത്മനിഷ്ഠമായ മനസ്സ് എങ്ങനെ ചിന്തിക്കുന്നു, സംസാരിക്കുന്നു, രേഖപ്പെടുത്തുന്നു എന്നതിനെക്കുറിച്ച് നിങ്ങൾക്ക് വ്യക്തമായിട്ടുണ്ട് എന്നതിൽ ഞാൻ സന്തോഷവാനാണ്. “ഖുർആനിക വെളിപാടുകളെക്കുറിച്ചുള്ള നിങ്ങളുടെ ചരിത്രം ഇപ്പോൾ കേൾക്കട്ടെ” എന്ന് നിങ്ങൾ ചോദിച്ചതിന് അതൊരു റമദാൻ 27ാം രാത്രിയായിരുന്നു എന്നു തുടങ്ങി “അനന്തരം വിശുദ്ധഖുർആന്റെ രൂപത്തിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്തു.” എന്നു ഞാൻ മറുപടി പറഞ്ഞു. പതിറ്റാണ്ടുകളായി വിശുദ്ധഖുർആനിൽ നിന്നും, പരമ്പരാഗത ഗ്രന്ഥങ്ങളിൽ നിന്നും, ചരിത്രത്തിൽ നിന്നും, പണ്ഡിതന്മാരുടെ നാവുകളിൽ നിന്നും മനസ്സിലാക്കിയ ഇവ എന്റെ സ്വന്തം വാക്കുകളാണ്.





ഖുർആനാകുന്ന വേദഗ്രന്ഥത്തിൽ മനുഷ്യരുടെ കൈയ്യാലുള്ള അത്തരം യാതൊരു കളങ്കവുമില്ല. ഇങ്ങനെയാണ് അത് സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. മുഹമ്മദി(സ)ന്ന് ആദ്യമായി അവതരിക്കപ്പെട്ട അഞ്ചു വാക്യങ്ങൾ നിങ്ങളുടെ വിമർശനാത്മകനിരീക്ഷണത്തിനും പഠനത്തിനുമായി താഴെ വിവരിക്കട്ടെ.

إِقْرَأْ بِاسْمِ رَبِّكَ الَّذِى خَلَقَ
خَلَقَ الْإِنسَانَ مِنْ عَلَقٍ
إِقْرَأْ وَرَبُّكَ الْأَكْرَمُ
الَّذِى عَلَّمَ بِالْقَلَمِ
عَلَّمَ الْإِنسَانَ مَا لَمْ يَعْلَمْ

“സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിന്റെ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.”

*വിശുദ്ധ ഖുർആൻ ( 96:1 – 5 )*

## അതുല്യമായ രേഖ

എല്ലാ ഖുർആനിക മൂലവാക്യത്തിലും അത് അറബിയിലുള്ളതാവട്ടെ പരിഭാഷയാവട്ടെ, ഈ മാതൃക പിന്തുടരുന്നു. അതിൽ സംശയിക്കാനൊന്നുമില്ല. മൂലവാക്യങ്ങളിലോ പരിഭാഷയിലോ ആദ്യത്തെ ഉദ്ബോധനം ലഭിക്കുമ്പോൾ അദ്ദേഹത്തിന് നാൽപത് വയസ്സായിരുന്നു  എന്ന്  മുഹമ്മദ്(സ) യെക്കുറിച്ച് നിങ്ങൾക്ക് കാണാൻ കഴിയില്ല. അദ്ദേഹം ഹിറാപർവ്വതത്തിലായിരുന്നു എന്ന് നിങ്ങൾക്ക് കാണാൻ കഴിയില്ല. അദ്ദേഹം മാലാഖയായ ജിബ്‌രീലിനെ കണ്ടു എന്നോ അദ്ദേഹം ഭയപ്പെട്ടു  അല്ലെങ്കിൽ ഇഖ്‌റഅ് എന്ന കൽപനയോട് അദ്ദേഹം എങ്ങിനെ പ്രതികരിച്ചുവെന്നോ നിങ്ങൾക്ക് കാണാൻ കഴിയില്ല. ആദ്യത്തെ അഞ്ചു വചനങ്ങൾക്കു ശേഷം മുഹമ്മദ് മൂന്ന് മൈൽ ദൂരമുള്ള മക്കാ നഗരിയിലെ വീട്ടിലേക്ക് ഓടി തന്റെ പ്രിയപ്പെട്ട പത്നി ഖദീജയോട് സംഭവിച്ചത് വിവരിക്കുകയും മഹതിയോട് അദ്ദേഹത്തെ

പുതപ്പിക്കാൻ പറയുകയും ചെയ്തു. ഇതൊക്കെയാണ് ഞാൻ "പണ്ടൊരു കാലത്ത്" ശൈലിയിൽ എന്ന് വിളിക്കുന്നത്. പരിശുദ്ധ ഖുർആൻ ഈ രീതിയിലുള്ള യാതൊന്നും വിവരിക്കുന്നില്ല. അത് വിവരണത്തിലും സൂക്ഷിപ്പിലും സമ്പൂർണ്ണമായും അതുല്യമാണ്. ചുരുക്കത്തിൽ അത് അത്ഭുതകരമാണ്.!

തുടർന്ന് എല്ലാത്തിന്റെയും ആരംഭം അതിന്റെ തുടക്കം മുതലാണെന്ന, ഏതെങ്കിലും മനുഷ്യ പരിശ്രമത്താലുള്ള സാഹിത്യകലയിൽ നിന്നും വിഭിന്നമായി, ഖുർആനിക ദിവ്യജ്ഞാനത്തിലെ ആദ്യത്തെ വാക്കും വചനവും വിശുദ്ധ ഖുർആനിലെ ആദ്യത്തെ അദ്ധ്യായവും, ആദ്യ വചനവുമല്ല. ദിവ്യഗ്രന്ഥകർത്താവായ, സർവ്വശക്തനായ ദൈവം അവന്റെ തിരഞ്ഞെടുക്കപ്പെട്ട ദൂതനായ മുഹമ്മദി(സ) നോട് നിർദ്ദേശിച്ചത് പ്രകാരം അത് വിശുദ്ധ ഖുർആനിലെ തൊണ്ണൂറ്റി ആറാമത്തെ അദ്ധ്യായമായി സ്ഥാനം പിടിച്ചിരിക്കുന്നു. ഭൂമിയിൽ ഒരു മതഗ്രന്ഥവും ഈ മാതൃക പിന്തുടരുന്നില്ല. എന്തു കൊണ്ടെന്നാൽ ആരോപണവിധേയമായ ഒരു ദിവ്യവെളിപാടും അത് വെളിപ്പെടുത്തപ്പെട്ടപ്പോഴുണ്ടായ ആദ്യ പരിശുദ്ധിയോടെ സംരക്ഷിക്കപ്പെട്ടിട്ടില്ല.

## കാനഡക്കാരനായ മനശ്ശാസ്ത്രജ്ഞൻ

സൂറ അലഖിലെ ആദ്യത്തെ അഞ്ചു വചനങ്ങളിലടങ്ങിയ (അദ്ധ്യായം96) നബിയോടുള്ള ആദ്യ ഉദ്ബോധനത്തെക്കുറിച്ചുള്ള എന്റെ ചിന്തകൾ കാനഡയിൽ നിന്നുള്ള ഒരു ചെറുപ്പക്കാരനുമായി പങ്കുവെക്കാനുള്ള അവസരമെനിക്കുണ്ടായി. ദക്ഷിണഗോളാർദ്ധത്തിലെ ഏറ്റവും വലിയ മസ്ജിദിലേക്ക് (ഡർബാൻ ജുമാമസ്ജിദ്) അദ്ദേഹത്തെ ഒരു മാർഗ്ഗനിർദ്ദേശക യാത്രക്ക് കൊണ്ട് പോവുകയായിരുന്നു. നർമ്മസല്ലാപം നടത്തുമ്പോൾ ഞാനദ്ദേഹത്തിന്റെ തൊഴിലിനെക്കുറിച്ചന്വേഷിച്ചു. മനശ്ശാസ്ത്രം മുഖ്യവിഷയമായി ബിരുദാനന്തര കോഴ്സ് ചെയ്യുകയാണെന്ന് പറഞ്ഞു. മനശ്ശാസ്ത്രമോ? ഞാൻ ചോദിച്ചു. ഉടനെ ചർച്ചാ വിഷയമായ അദ്ധ്യായത്തിലെ അഞ്ചു വചനങ്ങളിലേക്ക് ഞാനദ്ദേഹത്തിന്റെ ശ്രദ്ധതിരിച്ചു. അദ്ദേഹത്തിന്റെ സത്വര പ്രശ്നങ്ങളോ, ജനതയുടെ പ്രശ്നങ്ങളോ അല്ലാത്ത മുമ്പറിയാത്ത കാര്യങ്ങളെക്കുറിച്ച് വായിക്കുക, എഴുതുക, പഠിക്കുക തുടങ്ങിയ മുഹമ്മദ്(സ) യുടെ അനുഭവവും സന്ദേശവും എങ്ങനെ വിലയിരുത്തുന്നു എന്ന്





ഞാനദ്ദേഹത്തോട് ചോദിച്ചു. മനുഷ്യന്റെ ആത്മനിഷ്ഠമായ മനസ്സ് ശൂന്യതയിൽ നിന്നെന്ന പോലെ എങ്ങനെയാണ് ഈ വാക്യങ്ങളുരുവിടുക? അത് വിശദീകരിക്കൂ ഞാൻ പറഞ്ഞു. അത് സാധിക്കുന്നില്ലെന്ന് പറഞ്ഞ അദ്ദേഹം പ്രശ്നവുമായി മല്ലിടുകയാണെന്ന് സമ്മതിച്ചു. അങ്ങനെയാണെങ്കിൽ ആ മനുഷ്യനെയും അദ്ദേഹത്തിന്റെ വാക്കുകളെയും സമ്മതിക്കണമെന്ന് ഞാൻ പറഞ്ഞു. എന്നിട്ട് സൂറ നജ്മിലെ ആദ്യ വചനങ്ങൾ ഞാനുദ്ധരിച്ചു.

وَ النَّجۡمِ إذَا هَوَىٰ
مَا ضَلَّ صَاحِبُكُمۡ وَمَا غَوَىٰ
وَمَا يَنطِقُ عَنِ الۡهَوَىٰٓ
إِن هُوَ إلَّا وَحۡيٌ يُوحَىٰ
عَلَّمَهُ شَدِيدُ الۡقُوَىٰ

"നക്ഷത്രം അസ്തമിക്കുമ്പോൾ അതിനെ തന്നെയാണ്, സത്യം. നിങ്ങളുടെ കൂട്ടുകാരൻ വഴി തെറ്റിയിട്ടില്ല. ദുർമാർഗ്ഗിയായിട്ടുമില്ല. അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യ സന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു. ശക്തിമത്തായ കഴിവുകളുള്ളവനാണ് (ജിബ്രീൽ എന്ന മലക്കാണ്) അദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളത്."

*വിശുദ്ധ ഖുർആൻ (53 1 – 5 )*

മുഹമ്മദി(സ)നോട് ആവർത്തിച്ചുകൊണ്ട് ജനങ്ങളോട് പറയാനും കൽപിക്കപ്പെട്ടു.

قُلۡ إِنَّمَآ أَنَا۠ بَشَرٌ مِّثۡلُكُمۡ يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمۡ إِلَٰهٌ وَٰحِدٌ

"(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു."

*വിശുദ്ധ ഖുർആൻ (18:110)*

യുവ കാനഡാ സ്വദേശി സൗമ്യമായി ഈ വസ്തുതയെക്കുറിച്ച് ഞാനൊന്ന് കാര്യമായി ആലോചിക്കട്ടെ എന്ന് പ്രതികരിച്ചു.

വിശുദ്ധ ഖുർആനിലെ വസ്തുതകൾ നാം അഭ്യസിച്ചെങ്കിൽ മാത്രമേ ഏതു ശാസ്ത്രത്തിലെ വിദഗ്ദ്ധനുമായും നമുക്കൊരു സംവാദം സാധ്യമാവുകയുള്ളൂ.

## പത്രപ്രവർത്തനത്തിലെ അത്ഭുതം

തിരക്ക് പിടിച്ച പ്രവർത്തനകേന്ദ്രമായ I.P.C.Iയിൽ പത്രപ്രവർത്തകരും ദിനപത്രവിൽപനക്കാരുമടക്കം ധാരാളം ജനങ്ങൾ സംഭാഷണങ്ങൾക്കും ചർച്ചകൾക്കുമായി ആകർഷിക്കപ്പെടുന്നു. ഞാനുമായി കൂടിക്കാഴ്ച നടത്തുന്ന ആൾ പത്രപ്രവർത്തകനാണെന്ന് കണ്ടെത്തിയാൽ, വിശുദ്ധ ഖുർആൻ പത്രപ്രവർത്തനത്തിലെ അത്ഭുതമാണെന്ന് കാണിച്ചുതരാൻ ഞാനാഗ്രഹിക്കുന്നുവെന്ന് ഞാനയാളോട് പറയും. കേൾക്കുവാനാരും വിസമ്മതിക്കില്ല. പണ്ടു പണ്ടൊരു കാലത്ത് ശൈലിയിലും മാതൃകയിലും ഞാനയാളോട് മൂസാനബിയുടെ കഥ കൊണ്ട് തുടങ്ങും. അങ്ങനെയാകാതെ തരമില്ല.. നമുക്ക് മൂസയുടെയും ബൽറഷുകളുടെയും വിശദാംശങ്ങളുടെ ആധിക്യത്തിന്റെ സൗഖ്യം സഹിക്കാതെ തരമില്ല അഥവാ അദ്ദേഹത്തിന്റെ ബാല്യം, മാതാവ്, സഹോദരി (വിശുദ്ധ ഖുർആൻ 20:38 40,28:713) എന്നീ വിശദാംശങ്ങൾ ഒഴിവാക്കാം.

## നഗരത്തിലെ അത്യാഹിതം

മൂസാ(അ) കലഹിക്കുന്ന രണ്ടാളുകളുടെ ഇടയിലേക്ക് വന്നു. ഒന്ന് അദ്ദേഹത്തിന്റെ ഗോത്രത്തിൽപെട്ട ആളും മറ്റൊന്ന് അദ്ദേഹത്തിന്റെ ജനതയുടെ ശത്രുവുമായിരുന്നു. അദ്ദേഹം ഈജിപ്തുകാരനെതിരായി ജൂതനെ സഹായിക്കാൻ ചെന്നു. വഴക്കിനിടയിൽ പീഡകനെ വളരെ ശക്തമായി അടിച്ചത് മൂലം അയാൾ മരണപ്പെട്ടു.

മൂസാ(അ) പിന്നീടദ്ദേഹത്തിന്റെ രാജ്യത്ത് നിന്നും സിനായ് മരുഭൂമിയിലേക്ക് ഓടി രക്ഷപ്പെട്ടു. മദിയൻ നിവാസികളോടൊന്നിച്ച് താമസിക്കാൻ തുടങ്ങി. ഇവിടെ അദ്ദേഹം ദുരിതത്തിലായിരുന്ന രണ്ട് സ്ത്രീകളെ സഹായിച്ചത് കാരണം അവരുടെ പിതാവായ ജീത്രോ അദ്ദേഹത്തിന് ഒരു ജോലി നൽകി. എട്ട് വർഷത്തോളമുള്ള തന്റെ ഉടമ്പടി പൂർത്തിയാക്കിയ ശേഷം മൂസാ(അ)ക്ക് തന്റെ ഗ്രാമീണ ജീവിതാവസ്ഥയിൽ മടുപ്പ് തോന്നാൻ തുടങ്ങി. നഗരത്തിന്റെ തിക്കും





തിരക്കിനുമിടയിൽ രാജകീയതയുടെ നടുവിൽ വളർന്ന അദ്ദേഹം അസ്വസ്ഥനാവാൻ തുടങ്ങി. അദ്ദേഹത്തിനൊരു മാറ്റമാവശ്യമായി വന്നതിനാൽ അദ്ദേഹത്തിന്റെ ഭാര്യാ ബന്ധുക്കളിൽ നിന്നും സ്വതന്ത്രമാവാൻ വേണ്ടി അവരോട് സമ്മതം ചോദിച്ചു. ജീത്രോ വളരെ യുക്തിമാനും പ്രായോഗിക ബുദ്ധിയുള്ളവനുമായ മനുഷ്യനായിരുന്നു. ജീത്രോ മൂസാ (അ)ക്ക് അവധി അനുവദിച്ചു.

## മൂസാ (അ) ദേശാന്തരഗമനത്തിന്ന് മാതൃകയാകുന്നു

മൂസാ (അ) പരിപാലിച്ചിരുന്ന തന്റെ ഭാര്യാപിതാവിന്റെ കോലാടുകളിലും ചെമ്മരിയാടുകളിലും അദ്ദേഹത്തിനുള്ള പങ്കുമായി ഭാര്യാസന്തതികളോടൊപ്പം പുറപ്പെട്ടു.

കുറച്ച് നാളുകൾക്ക് ശേഷം കുടുംബത്തോടൊപ്പം സിനായിലെത്തി. അവസാനമായി അദ്ദേഹം താമസിച്ചിരുന്നവരുടെയടുക്കൽ നിന്നും അപ്പോഴേക്കും അദ്ദേഹം വഴി തെറ്റിയിരുന്നു. അദ്ദേഹം ചുമന്നിരുന്ന ഇടിച്ചുണക്കിയ ഇറച്ചി തീർന്നിരുന്നു. ജൂതരുടെ പുളിപ്പിച്ച റൊട്ടിയായ മാസോസ് വേണ്ടുവോളമുണ്ടായിരുന്നെങ്കിലും മാംസമായിരുന്നു പ്രശ്നം. അദ്ദേഹത്തിന് ഒരു കോലാടിനെയോ ചെമ്മരിയാടിനെയോ അറുക്കുന്നത് എളുപ്പമായിരുന്നെങ്കിലും തീയുണ്ടാക്കുകയെന്ന ശ്രമകരമായ കൃത്യമായിരുന്നു വിഷമകരം. സമാനമല്ലാത്ത രണ്ടു പദാർത്ഥങ്ങൾ ഉരച്ചു തീയുണ്ടാക്കാൻ അര ദിവസമെങ്കിലുമെടുക്കും. ആ കാലത്ത് തീപ്പെട്ടിയോ ലൈറ്ററുകളോ ഉണ്ടായിരുന്നില്ല എന്നതും വ്യക്തമാണ്. അദ്ദേഹം നീട്ടിക്കൊണ്ടു പോവുകയായിരുന്നു. കാര്യങ്ങൾ ഓരോ ദിവസവും ചെയ്യാതെ അദ്ദേഹത്തിന്റെ മാംസത്തിന്റെ പ്രശ്നം തീരുമെന്നദ്ദേഹം കരുതി വാഗ്ദത്തം ചെയ്യപ്പെട്ട അത്ഭുതമെവിടെ മിസ്റ്റർ ദീദാത്ത് ?

ഞാനിതുവരെയായി കഥയുടെ പശ്ചാത്തലമാണ് വിവരിച്ചത്. മേലെയുള്ളതും മറ്റുള്ളതുമെല്ലാം സുന്ദരമായ ഗദ്യത്തിൽ വെറും നാലു വാചകങ്ങളിലൊതുക്കുകയെന്നതാണ് അത്ഭുതം. സാഹസകൃത്യം അഭിനന്ദിക്കപ്പെടുന്നതിന് മുമ്പ് പത്രപ്രവർത്തനത്തിന്റെ അത്യുന്നതാവസ്ഥയെന്ന് എനിക്ക് തോന്നിയ വസ്തുതയിലേക്ക് താങ്കളുടെ ശ്രദ്ധ തിരിക്കാം.

## ദിനപത്രത്തിന്റെ പരസ്യം

എന്റെ ഓഫീസ് സ്ഥിതി ചെയ്യുന്ന ദർബാൻ നഗരത്തിൽ നിന്നും ഏകദേശം 30 കിലോമീറ്റർ ദൂരെയാണ് ഞാൻ താമസിക്കുന്നത്. ദർബാൻ നഗരവുമായി ബന്ധിപ്പിക്കുന്ന N2 (ഫ്രീവേ) പണിയുന്നതിന് മുമ്പ് കടൽ തീരത്തു കൂടിയുള്ള റോഡ് വഴിയായിരുന്നു നഗരത്തിലേക്ക് പതിവായി ഞാൻ പോയിരുന്നത്. ദർബാൻ കടൽ തീരത്തിന് മുൻവശമുള്ള അംഫി തീയേറ്റർ ഈ വഴിയിലായിരുന്നു. അംഫി തീയേറ്ററിന്റെ വിടവുള്ള ഭാഗത്ത് ഒരു പത്രവിൽപനക്കാരൻ പതിവായി രാവിലെയുള്ള നറ്റാൽ മെർക്കുറി ദിനപത്രം വിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു. വാങ്ങുന്നവരെ ആകർഷിക്കാൻ അയാളുടെയടുത്ത് ഓരോ ദിവസത്തെയും തലവാചകത്തിന്റെ പരസ്യപ്പലക ഉണ്ടാകുമായിരുന്നു. തുടരെത്തുടരെ പരസ്യം വായിച്ചപ്പോൾ ആ ദിവസം പത്രം വാങ്ങേണ്ടതില്ല എന്ന് ഞാൻ തീരുമാനിച്ചു. മധ്യ ദർബാനിൽ എന്റെ കാർ നിർത്തിയിട്ട് വേറെ പത്രവിൽപനക്കാരുടെയടുത്ത് കൂടെ കടന്നു പോയെങ്കിലും അവരിൽ നിന്നും ഞാൻ പത്രം വാങ്ങിയില്ല.

അങ്ങനെയുള്ള നിരവധി തീരുമാനമാറ്റങ്ങൾക്ക് ശേഷം എന്റെ മനംമാറ്റത്തിനുള്ള കാരണത്തെക്കുറിച്ച് ഞാൻ സ്വയം ചോദിക്കാൻ തുടങ്ങി. വിൽപനക്ക് ഒരേ പത്രം തന്നെയാണുള്ളതെങ്കിലും പരസ്യം വ്യത്യസ്തമാണെന്ന് ഞാൻ കണ്ടെത്തി. കടൽതീരത്ത് പരസ്യം യൂറോപ്യൻ ഇടപാടുകാരെയാകർഷിക്കാനാണെങ്കിൽ ഞാൻ പോയിരുന്ന വഴികളിലൊക്കെ ഏഷ്യൻ വംശജരെയാകർഷിക്കാനായിരുന്നു. ആഫ്രിക്കൻ അല്ലെങ്കിൽ വിവർണ്ണരുടെ പ്രദേശങ്ങളിലുള്ള പരസ്യം അവരെ പത്രം വാങ്ങാൻ പ്രേരിപ്പിക്കാൻ പാകത്തിലുള്ളതായിരുന്നു.

നിപുണനായ പത്രപ്രവർത്തകൻ എല്ലാ പ്രധാനപ്പെട്ട നാലു വംശങ്ങളെയും ഒരേ പോലെ ആകർഷിക്കാൻ കഴിയുന്ന ഒരൊറ്റ പരസ്യപ്പലക നിർമ്മിക്കുന്നവനായിരിക്കും.

അതായിരിക്കും ഏറ്റവും ശ്രേഷ്ഠമായ പത്രപ്രവർത്തനം.! എല്ലാ പത്രപ്രവർത്തകരും നിശ്ചയമായും ഈ നിഗമനം അംഗീകരിക്കുമായിരിക്കും. എങ്കിൽ ഇതിന്റെയടിസ്ഥാനത്തിൽ വിശുദ്ധ ഖുർആനെ നമുക്ക് അപഗ്രഥിക്കാം.





## സാർവത്രികമായ അപേക്ഷ

ഇസ്ലാമിലെ പ്രവാചകനായ മുഹമ്മദ് (സ) മദീനാ നഗരിയിൽ മുശ്രിക്കുകളാലും (ബഹുദൈവാരാധകരാലും മുനാഫിക്കുകളാലും (കപടവിശ്വാസികളാലും) ജൂതർ, ക്രിസ്തീയർ, മുസ്ലിംകൾ എന്നിവരാലും വലയം ചെയ്യപ്പെട്ടിരിക്കുന്നു. വിശുദ്ധ പ്രവാചകൻ ഈ വിവിധ ജനവിഭാഗങ്ങൾക്കും വാർത്തകൾ (ദിവ്യവെളിപാട്) പ്രക്ഷേപണം ചെയ്യേണ്ടതുണ്ട്. ഈ ഓരോ വിഭാഗത്തെയും ആകർഷിക്കാൻ അദ്ദേഹമെന്താണ് തന്റെ പരസ്യപ്പലകയിലെഴുതേണ്ടത്? തിരുനബിയോട് വിജ്ഞാപനം നടത്താൻ കൽപിക്കപ്പെടുന്നു.

وَهَلْ أَتَىٰكَ حَدِيثُ مُوسَىٰٓ

മൂസായുടെ വർത്തമാനം നിനക്ക് വന്നു കിട്ടിയോ?

ആശ്ചര്യമെന്താണെന്ന് നിങ്ങൾക്ക് ആലോചിക്കാമോ? ഉമ്മി (നിരക്ഷരൻ)ആയത് കൊണ്ട് മൂസാ(അ)യെക്കുറിച്ച് എന്തറിയാനാണെന്ന ഭാവേന മുഹമ്മദ്(സ) സ്വയം വിഡ്ഢിയാകാൻ ശ്രമിക്കുകയാണെന്ന നിഗമനത്തിൽ ക്രിസ്ത്യാനികളും ജൂതന്മാരും പിന്നെയുള്ളത് കേൾക്കാൻ കാത്തിരിക്കുകയാവും. മുസ്ലിംകൾ വിജ്ഞാനത്തിനായി ദാഹിക്കുമ്പോൾ അവർ മൂസാ(അ)യെക്കുറിച്ച് താങ്കൾക്കറിയാവുന്നതെല്ലാം പറഞ്ഞു തരാമോ എന്ന് തീവ്രമായി ആശിക്കുകയായിരിക്കും.

മുശ്രിക്കുകളും മുനാഫിക്കുകളും മൂസാ(അ) യെക്കുറിച്ചു മുസ്ലിംകളും, ക്യസ്ത്യനികളും ജൂതന്മാരും മ ടങ്ങിയ ത്രിതല ചർച്ച ആസ്വദിക്കാനായി മൗനത്തിലാണ്. എല്ലാവരും തീക്ഷ്ണമായും ശ്രദ്ധാലുക്കളാണ്. മുഹമ്മദ് (സ) തുടരുന്നു.

إِذْ رَءَا نَارًا

അതായത് അദ്ദേഹം ഒരു തീ കണ്ട സന്ദർഭം

നാടകീകരണം! നിങ്ങൾക്ക് രംഗം ഏകദേശം മനസ്സി ൽ കാണാം. മുഹമ്മദ് (സ) ടെലിഗ്രാഫിനെ (കമ്പിസന്ദേശം) പോലെ സംസാരിക്കുകയാണ്. ഭൂമിയിലെ ഏറ്റവും വലിയ ക്രിസ്തീയ ജൂത രാഷ്ട്രത്തിന് (കറുത്തരായ അമേരിക്കക്ക്) പരസ്യരംഗത്ത്

പരിപൂർണ്ണതയുടെ ഉന്നതിയിലെത്താൻ വെസ്റ്റേൻയൂനിയൻ ടെലിഗ്രാഫ് കമ്പനിയുടെ വാക്കുകളിൽ എഴുതരുത് ടെലിഗ്രാഫ് ചെയ്യുക എന്ന മുദ്രാവാക്യം ആവിഷ്ക്കരിക്കാൻ, എ.ഡി. 2000-ാം വർഷം ആകേണ്ടിവന്നു. അമേരിക്ക ക്കാരുടെ അതിവിശിഷ്ഠമായ ഈ സമ്മർദ്ദവിൽപനരീതി സ്വായത്തമാക്കാൻ മുഹമ്മദ്(സ) ഏത് പത്രപ്രവർത്തന പാഠശാലയിലാണ് പങ്കെടുത്തത്.? അദ്ദേഹത്താൽ തുടർന്ന് പ്രഖ്യാപിക്കപ്പെടുന്നു.

فَقَالَ لِأَهْلِهِ امْكُثُوٓا إِنِّيٓ ءَانَسْتُ نَارًا
لَّعَلِّيٓ ءَاتِيكُم مِّنْهَا بِقَبَسٍ أَوْ أَجِدُ عَلَى النَّارِ هُدًى

അപ്പോൾ തന്റെ കുടുംബത്തോട് അദ്ദേഹം പറഞ്ഞു: നിങ്ങൾ നിൽക്കൂ; ഞാൻ ഒരു തീ കണ്ടിരിക്കുന്നു. ഞാൻ അതിൽ നിന്ന് കത്തി ച്ചെടുത്ത് കൊണ്ട് നിങ്ങളുടെ അടുത്ത് വന്നേക്കാം. അല്ലെങ്കിൽ തീയുടെ അടുത്ത് വല്ല വഴികാട്ടിയെയും ഞാൻ കണ്ടേക്കും.

## ഷോർട്ട് ഹാന്റ് പറഞ്ഞെഴുതിക്കുന്നു

മിത്രങ്ങളുടെയോ ശത്രുക്കളുടെയോ ഏതെങ്കിലുമൊരു ഖുർആൻ പരിഭാഷയുമായി മേൽവചനം തുലനം ചെയ്യുക. താങ്കൾക്ക് വാക്കു കളുടെ ഇതേ പദപ്രയോഗമിതത്വവും വിനിയോഗവും കാണാം. മുഹമ്മദ് സംഗ്രഹിച്ചെഴുത്തിൽ അഭ്യാസം ചെയ്യുകയായിരുന്നില്ല. ദൈവത്തിന്റെ വാക്യങ്ങൾ മുഖ്യമാലാഖയായ ജിബ്രീലാകുന്ന മാധ്യമത്തിലൂടെ അദ്ദേഹത്തിന്റെ ഹൃദയത്തിലും മനസ്സിലും മന്ത്രിക്ക പ്പെട്ടത് പോലെ വ്യക്തമാക്കുകയായിരുന്നു. ക്രിസ്താബ്ദം ആറാം നൂറ്റാണ്ടിൽ വിശുദ്ധ പ്രവാചകൻ ഖുർആൻ ചൊല്ലിക്കൊടുക്കുമ്പോ ൾ അന്ന് അറബിക് ബൈബിളുണ്ടായിരുന്നില്ല എന്ന് നാമോർക്കണം.

നിങ്ങളിപ്പോൾ സ്വയമൊരു സൗമനസ്യം കാണിക്കുക. ഈ ഖുർ ആനിക വെളിപാടിനെ ബൈബിളിലെ രണ്ടാം പുസ്തകമായ പലായ നത്തിന്റെ പുസ്തകത്തിൽ ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും അദ്ധ്യായങ്ങളിൽ പ്രവാചകൻ മൂസാ (അ)യുടെ ജീവിതത്തിലെ ഇതേ വശവുമായി ചർച്ച ചെയ്യുന്ന കഥയുമായി താരതമ്യം ചെയ്തു നോക്കുക.





യാക്കോബിനോടുകൂടെ താന്താന്റെ കുടുംബ സഹിതം മിസ്രയീമിൽ വന്ന യിസ്രായീൽ മക്കളുടെ പേരുകൾ ആവിതു: രൂബേൻ, ശിമെയോൻ, ലേവി, യെ ഹൂദാ, യിസ്സാഖാർ, സെബൂലൂൻ, ബെന്യാ മീൻ, ദാൻ, നഫ്താലി, ഗാദ്, ആശേർ. യാക്കോബിന്റെ കടി പ്രദേശത്ത് നിന്നും ഉത്ഭവിച്ച ദേഹികൾ എല്ലാം കൂടെ എഴുപതു പേർ ആയിരുന്നു.

*പുറപ്പാട് ബൈബിൾ (1:1-15)*

## മൂസാ തയ്യാറെടുക്കുന്നു

വെറും താൽപര്യമുണ്ടാക്കുക മാത്രം!. ഇങ്ങനെയാണോ ദൈവം സംസാരിക്കുക? ബൈബിളിലെ ഈ അഞ്ചു വാക്യങ്ങൾ താഴെ പുനരാവിഷ്കരിക്കപ്പെട്ടിട്ടുള്ള ഖുർആനിലെ നാലു വാക്യങ്ങളുമായി തുലനം ചെയ്യുക.

ഖുർആനിക വ്യഖ്യാനം ഇങ്ങനെ തുടരുന്നു. മൂസാ (അ) സിനാ യിൽ തന്റെ കുടുംബവുമായി പരവശനായിരിക്കുമ്പോൾ രണ്ടു കാര്യ ങ്ങൾക്ക് വേണ്ടി മോഹിക്കുകയായിരുന്നു. അദ്ദേഹത്തിന് തന്റെ ഇറച്ചി പാചകം ചെയ്യാനുള്ള തീയും, മരുഭൂമിയിലെ ആതിഥ്യമര്യാദ യുള്ള ഏതെങ്കിലും സമൂഹത്തിന്റെയടുത്ത് എത്തിച്ചേരാനുള്ള വഴിയും ആവശ്യമായിരുന്നു. അല്ലാഹു അവന്റെ പദ്ധതി വെളിവാക്കുക യായിരുന്നു. കത്തുന്ന കൽക്കരിയാകുന്ന മിഥ്യാബോധത്തിൽ നിന്നും ആയിരമായിരം വർഷങ്ങളോളം മാനവതയുടെ ആത്മാവുക ളിലെരിയുന്ന ആത്മീയതയുടെ യാഥാർത്ഥ്യത്തിലേക്ക് ആനയിക്കുന്ന ദൗത്യത്തിലേക്കും മാനവതയുടെ മാർഗ്ഗദർശനത്തിനായുള്ള ശരിയായ വഴിയിലേക്കും മൂസാ (അ)യെ അവൻ പടുത്തുയർത്തുക യായിരുന്നു.

മൂസാ (അ) കണ്ട തീജ്വാല സാധാരണമായതായിരുന്നില്ല. അത് അദ്ദേഹത്തിന് എളുപ്പത്തിൽ തീകൊളുത്താനുള്ള ഒരു ഉപാധിയും അദ്ദേഹത്തിന് വിവരവും മാർഗ്ഗദർശനവും ലഭിക്കുന്ന ഇതര മനുഷ്യരുടെ സാന്നിദ്ധ്യത്തിന്റെ സൂചനയുമായിരുന്നു.

فَلَمَّآ أَتَىٰهَا نُودِىَ يَٰمُوسَىٰٓ
إِنِّيٓ أَنَا۠ رَبُّكَ فَٱخْلَعْ نَعْلَيْكَ إِنَّكَ بِٱلْوَادِ ٱلْمُقَدَّسِ طُوًى

അങ്ങനെ അദ്ദേഹം അതിനടുത്ത് ചെന്നപ്പോൾ (ഇപ്രകാരം) വിളിച്ചു പറയപ്പെട്ടു: "ഹേ; മൂസാ തീർച്ചയായും ഞാനാണ് നിന്റെ രക്ഷിതാവ്. അതിനാൽ നീ നിന്റെ ചെരിപ്പുകൾ അഴിച്ചു വെക്കുക. നീ 'ത്വുവാ' എന്ന പരിശുദ്ധമായ താഴ്‌വരയിലാകുന്നു."

മൂസാ(അ)യുടെ ആത്മീയ ചരിത്രം ഇവിടെ ആരംഭിക്കുന്നു. ഇതദ്ദേഹത്തിന്റെ ആത്മീയ ജനനമായിരുന്നു. ബൈബിൾ സംജ്ഞാ ശാസ്ത്ര പ്രകാരം ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്നാണ് ദൈവം അദ്ദേഹത്തിന്റെ ഈ നിയമനത്തെക്കുറിച്ച് ദാവീദ്(അ)നോട് പറഞ്ഞതെന്ന് ബൈബിൾ സങ്കീർത്തനങ്ങൾ 2:7 ൽ പറയുന്നു.

മൂലഗ്രന്ഥത്തിൽ ഹ്രസ്വമായ തുല്യോച്ചാരണ പദങ്ങളിൽ പ്രകാശി തമാകുന്ന മേലെയുള്ള മുഴുവൻ ഖുർആൻ വാകൃങ്ങൾക്കും ഏറ്റവുമുയർന്ന നിഗൂഢമായ അർത്ഥമാണുള്ളത്. താളം, മൂലവാക്യ ത്തിന്റെ അർത്ഥം, ഇവ രണ്ടും ഏറ്റവുമയർന്ന നിഗൂഢതയാണ് നിർദ്ദേശിക്കുന്നത്. എളുപ്പമുള്ള താരതമ്യത്തിനായി നാലു വാക്യങ്ങളൊന്നായി ഞാനിവിടെ പുനരാവിഷ്കരിക്കട്ടെ.

മൂസായുടെ വർത്തമാനം നിനക്ക് വന്നു കിട്ടിയോ? അതായത് അദ്ദേഹം ഒരു തീ കണ്ട സന്ദർഭം. അപ്പോൾ തന്റെ കുടുംബത്തോട് അദ്ദേഹം പറഞ്ഞു: നിങ്ങൾ നിൽക്കൂ; ഞാൻ ഒരു തീ കണ്ടിരിക്കുന്നു, ഞാൻ അതിൽ നിന്ന് കത്തിച്ചെടുത്ത് കൊണ്ട് നിങ്ങളുടെ അടുത്ത് വന്നേക്കാം. അല്ലെങ്കിൽ തീയുടെ അടുത്ത് വല്ല വഴികാട്ടിയെയും ഞാൻ കണ്ടേക്കും. അങ്ങനെ അദ്ദേഹം അതിനടുത്ത് ചെന്നപ്പോൾ (ഇപ്രകാരം) വിളിച്ചു പറയപ്പെട്ടു. ഹേ; മൂസാ! തീർച്ചയായും ഞാനാണ് നിന്റെ രക്ഷിതാവ്. അതിനാൽ നീ നിന്റെ ചെരിപ്പുകൾ അഴിച്ചു വെക്കുക. നീ ത്വുവാ എന്ന പരിശുദ്ധമായ താഴ്‌വരയിലാകുന്നു.

*വിശുദ്ധ ഖുർആൻ (20: 9 - 12)*

സീനാ പർവ്വതത്തിന്റെ തൊട്ട് താഴെയുള്ള താഴ്‌വരയാണ് തുവാ, പിന്നീട് അവിടെ നിന്നായിരുന്നു മൂസാ(അ) ക്ക് നിയമം ലഭിക്കേണ്ടി യിരുന്നത്. സമാന അജ്ഞേയ (യോഗാത്മക ദർശനപരമായ) അർത്ഥ പ്രകാരം ഈ എളിയ ജീവിതിലെ പരീക്ഷണങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന നമുക്ക് ദിവ്യമായ താഴ്‌വരയും സിനായ് പർവ്വതത്തിന്റെ ഉയരത്തോളം സ്വർഗ്ഗീയ സുഖവും ലഭിക്കുന്നു, അത്





ഗ്രഹിക്കാനുള്ള ഉൾക്കാഴ്ച നമുക്കുണ്ടെങ്കിൽ ബഹുമാനത്തിന്റെ അടയാളമായി പാദരക്ഷ അഴിച്ചു വെക്കേണമായിരുന്നു. സമാന ദർശനാർത്ഥത്തിൽ മൂസാ (അ) അദ്ദേഹത്തെ സർവ്വോന്നതനായ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടത് കൊണ്ട് കേവലം ഭൗതിക താൽപര്യങ്ങളും ഭൗതിക ലാഭം മാത്രം ലഭിക്കുന്ന എന്തുമായും വിട്ടു നിൽക്കേണ്ടിയിരിക്കുന്നു.

## നിങ്ങളെന്ത് നിർണ്ണയിക്കും?

ഐതിഹ്യങ്ങളാലും യക്ഷിക്കഥകളാലും പരിചിതമായ ഒരാൾ ക്കെങ്ങിനെ സ്വർഗ്ഗത്തിൽ നിന്നുള്ള വിശുദ്ധ മൃതസഞ്ജീവിനിയെ വിലയിരുത്താനാകും? കഴിഞ്ഞ നൂറ്റാണ്ടിലെ മഹാചിന്തകന്മാരിലൊ രാളും, സഹാനുഭൂതിയുള്ള വിമർശകനുമായ തോമസ് കാർലൈലിന് പോലും അതിന്റെ ഉൾക്കാഴ്ചയുള്ള മൂർച്ചയുള്ള സംക്ഷിപ്തതയുടെ യും സ്പഷ്ടതയുടെയും ആഴമളക്കാൻ സാധിച്ചിട്ടില്ല. ഖുർആൻ വായിച്ചതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു.

അസഹ്യപ്പെടുത്തുന്ന, ചിന്താക്കുഴപ്പത്തിലാക്കുന്ന, കൂട്ടിക്കല ർത്തപ്പെട്ട, ക്രമപ്പെടുത്താത്ത അസംസ്കൃത വസ്തു 'പിന്തുണക്കാൻ പറ്റാത്ത വിഡ്ഢിത്തം'

ബൈബിളിന്റെയും ഖുർആനിന്റെയും വിവരണം തുലനപ്പെ ടുത്തുമ്പോൾ നിങ്ങളുടെ നിർണ്ണയമെന്തായിരിക്കും?, ഇന്നൊരു അതികുശലനായ പത്രപ്രവത്തകൻ പത്രങ്ങൾക്കും, മാസികകൾക്കും വേണ്ടി ചെയ്യുന്ന അതേ പോലെ സ്വയം ഇടപെടുകയോ നിരൂപിക്കു കയോ ചെയ്യാതെ നേരിട്ടു വസ്തുതകൾ പറഞ്ഞെഴുതിക്കുന്ന മുഹമ്മദ് (സ) യുടെ അത്യുജ്ജലത തിരിച്ചറിയുന്നതിൽ പരാജയപ്പെട്ട ഒരു പത്രപ്രവർത്തകനെ ഞാനിനിയും കണ്ടെത്തേണ്ടതുണ്ട്. ഇത് ഒരത്ഭുതമല്ലാതെ മറ്റൊന്നുമല്ല. നിങ്ങൾ സമ്മതിക്കുമോ?

അദ്ധ്യായം 4

## അത്ഭുതമുളവാക്കുന്ന ടെലഗ്രാമുകളുടെ ഗ്രന്ഥം

വിശുദ്ധ ഖുർആനിനെ ടെലഗ്രാമുകളുടെ ഗ്രന്ഥം എന്ന് വിശേഷിപ്പിക്കുന്നത് ഉചിതമായിരിക്കും. താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങളായി, കമ്പിമാർഗ്ഗം സംബോധനം ചെയ്യുന്ന സന്ദേശങ്ങളുടെ രൂപത്തിലാണ് ഈ ഗ്രന്ഥം അവതരിച്ചിട്ടുള്ളത്.

### 1. മദ്യവും ഭാഗ്യവിനോദങ്ങളും

يَسْـَٔلُونَكَ عَنِ ٱلْخَمْرِ وَ ٱلْمَيْسِرِ قُلْ فِيهِمَآ إِثْمٌ
كَبِيرٌ وَمَنَـٰفِعُ لِلنَّاسِ وَ إِثْمُهُمَآ أَكْبَرُ مِن نَّفْعِهِمَا
وَيَسْـَٔلُونَكَ مَاذَا يُنفِقُونَ قُلِ ٱلْعَفْوَ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ
ٱلْأَيَـٰتِ لَعَلَّكُمْ تَتَفَكَّرُونَ

"(നബിയേ,) നിന്നോട് അവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തേക്കാൾ വലുത്. എന്തൊന്നാണവർ ചിലവ് ചെയ്യേണ്ടതെന്നും അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക: (അത്യാവശ്യം കഴിച്ച്) മിച്ചമുള്ളത്. അങ്ങനെ ഇഹപര ജീവിതങ്ങളെപ്പറ്റി നിങ്ങൾ ചിന്തിക്കുവാൻ വേണ്ടി അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചു തരുന്നു."

*വിശുദ്ധ ഖുർആൻ ( 2:219)*





### ഖുർആനും നബി വചനവും

ദൈവം സംസാരിക്കുന്നതിന്റെ ഒരൊറ്റ ഉദാഹരണമാണിത്!. ഉദാഹരണങ്ങളിനിയും കാണാം. ആത്മാർത്ഥതയുള്ള ഒരു സത്യാന്വേഷകനെ തൃപ്തിപ്പെടുത്താൻ ഇതിനേക്കാൾ എളുപ്പവഴി വേറെയുണ്ടോ? ഉത്തരം ഇല്ല എന്നാണ്. എന്നിട്ടും ധിക്കാരികളോട് ദൈവം താഴെയുള്ള വാക്യങ്ങളാൽ സമർത്ഥിക്കുന്നു.

"പറയുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാ കുമോ?"

*വിശുദ്ധ ഖുർആൻ (13 :16 )*

തീർച്ചയായും അല്ല !

ഇനി, മേൽവചനവും(2:219)താഴെയുള്ള ഹദീസും അദ്ദേഹത്തിന്റെ ചുണ്ടുകളുരുവിടുന്നത് കേട്ട അദ്ദേഹത്തിന്റെ കൂട്ടുകാരാൽ രേഖപ്പെടു ത്തപ്പെട്ടതാണെന്നത് മറക്കാതെതന്നെ, വീഞ്ഞ് അഥവാ ലഹരി പദാർത്ഥങ്ങൾ എന്ന വിഷയത്തെക്കുറിച്ചുള്ള സർവ്വശക്തനായ ദൈവത്തിന്റെ മേൽ വാക്യങ്ങൾ അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതനായ മുഹമ്മദ് മുസ്തഫാ(സ)യുടെ വചനങ്ങളുമായി താരതമ്യം ചെയ്യുക.

ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു: ഏതെങ്കിലും തരത്തിലുള്ള ലഹരിപാനീയങ്ങളുപയോഗിക്കുകയോ ഉത്പാദിപ്പിക്കുകയോ ചെയ്യുന്ന ഓരോരുത്തരുമായും ഏതെങ്കിലും വിധത്തിൽ കൂട്ടുകൂടുന്നവരെ അല്ലാഹുവിന്റെ ദൂതൻ ശപിച്ചിരിക്കുന്നു.

അദ്ധേഹം പറഞ്ഞു.

1.മദ്യം വാറ്റാൻ വേണ്ടി മുന്തിരിങ്ങ വളർത്തുന്നവൻ* ശപിക്കപ്പെട്ടവനാണ്.
2.അത് വിൽക്കുന്നവൻ ശപിക്കപ്പെട്ടവനാണ്.
3.അത് പിഴിയുന്നവൻ ശപിക്കപ്പെട്ടവനാണ്.
4.അത് കുപ്പിയിലാക്കുന്നവൻ ശപിക്കപ്പെട്ടവനാണ്.
5.അത് കുടിക്കുന്നവൻ ശപിക്കപ്പെട്ടവനാണ്. അല്ലെങ്കിൽ ഇതിന് സമാനമായ വാക്യങ്ങൾ പറഞ്ഞു.

വിശുദ്ധ പ്രവാചകൻ പറഞ്ഞു. ഏതൊക്കെ ലഹരി പദാർത്ഥ

* മദ്യം വാറ്റുന്നതും പുളിപ്പിക്കുന്നതുമാണ് ശാപം വിളിച്ചു വരുത്തുക. മറിച്ച് തിന്നാനും വിൽക്കാനും വേണ്ടി ഫവലൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് അല്ലാഹുവിൽ നിന്നും പ്രതിഫലം ലഭിക്കുന്ന ശ്രേഷ്ഠതയാർന്ന കർമ്മമാണ്.

ങ്ങൾ വലിയ അളവിൽ നിഷിദ്ധമാണോ അവയൊക്കെയും ചെറിയ അളവിലും നിഷിദ്ധമാണ്.

തിമോത്തിയോട് പോൾ പറഞ്ഞത് പോലെ ഒരു നുള്ളെന്നോ ഒരു പാനപാത്രമെന്നോ എന്ന ഒഴികഴിവൊന്നും ഇസ്ലാമിലില്ല.

"മേലാൽ വെള്ളം മാത്രം കുടിക്കാതെ നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണതയും നിമിത്തം അല്പം വീഞ്ഞും സേവിച്ചു കൊള്ളുക" (ബൈബിൾ)

*(1 തിമോത്തി 5:23)*

അല്ലെങ്കിൽ കീഴടക്കിയ ജനങ്ങളെ അടിമപ്പെടുത്താനും വശീകരിക്കാനും സോളമന്റെ ശുഭാപ്തി വിശ്വാസവും ഫലിതവും കലർന്ന ശുപാർശ പോലെ

"നശിക്കുമാറായിരിക്കുന്നവനു മദ്യവും മനോവ്യസനമുള്ളവനു വീഞ്ഞും കൊടുക്കുക. അവൻ കുടിച്ചിട്ടു തന്റെ ദാരിദ്ര്യം മറക്കയും തന്റെ അരിഷ്ടത ഓർക്കാതിരിക്കുകയും ചെയ്യട്ടെ".

*ബൈബിൾ (സദൃശ വാക്യങ്ങൾ 31 : 6 7)*

നമുക്ക് മറക്കാതിരിക്കാൻ ഖുർആന്റെ ലേഖന ശൈലിയും പ്രവാചകന്റെ മേൽ വചനങ്ങളും വീണ്ടും ശ്രദ്ധിക്കുക. എങ്കിൽ ഒരേ ചുണ്ടുകളാൽ വ്യക്തമാക്കപ്പെട്ടതാണെങ്കിലും രണ്ടും ശൈലിയിലും ഘടനയിലും ഉദാത്തതയിലും രണ്ടു ലോകങ്ങളിലേതാണെന്ന് നിങ്ങൾക്ക് അംഗീകരിക്കാതിരിക്കാൻ കഴിയില്ല. ഒരു ചോദ്യത്തിന് കമ്പിസന്ദേശം പോലെ മറുപടി പറയുന്ന മറ്റൊരു ഉദാഹരണമിതാ:

## 2. ചന്ദ്രക്കല

"(നബിയേ,) നിന്നോടവർ ചന്ദ്രക്കലകളെപ്പറ്റി ചോദിക്കുന്നു. പറയുക: മനുഷ്യരുടെ ആവശ്യങ്ങൾക്കും ഹജ്ജ് തീർത്ഥാടനത്തിനും കാല നിർണ്ണയത്തിനുള്ള ഉപാധികളാകുന്നു അവ."

*വിശുദ്ധ ഖുർആൻ 2:189*

ഇപ്പോഴുള്ളത് പോലെ കറുത്തവാവിനെക്കുറിച്ച് മുമ്പും ധാരാളം അന്ധവിശ്വാസങ്ങളുണ്ടായിരുന്നു. ആ രീതിയിലുള്ള അന്ധവിശ്വാസങ്ങളെല്ലാം അവഗണിക്കാൻ ഖുർആൻ നമ്മോടു കൽപിക്കുന്നു.





സമയമളക്കാനുള്ള ചന്ദ്രാധിഷ്ഠിത കലണ്ടറുകളുപയോഗിക്കുന്ന ഇടങ്ങളിൽ കറുത്ത വാവ് ജനങ്ങൾ ആകാംക്ഷയോടെ നിരീക്ഷിക്കുന്ന മഹത്തായ ചിഹ്നമാണ്. തീർത്ഥയാത്ര അടക്കമുള്ള മുസ്ലിം ആഘോഷങ്ങൾ നിശ്ചയിക്കപ്പെടുന്നത് കറുത്തവാവിന്റെ ദർശനത്തോടെയാണ്.

*എ. യൂസുഫ് അലി.*

സമാന ഭാവത്തിലുള്ള മറ്റൊരു കമ്പി സന്ദേശം

## 3. ദാനധർമ്മങ്ങൾ

"(നബിയേ,) അവർ നിന്നോട് ചോദിക്കുന്നു; അവരെന്താണ് ചെലവഴിക്കേണ്ടതെന്ന്. നീ പറയുക; നിങ്ങൾ നല്ലതെന്ത് ചെലവഴിക്കുകയാണെങ്കിലും മാതാപിതാക്കൾക്കും, അടുത്ത ബന്ധുക്കൾക്കും, അനാഥർക്കും അഗതികൾക്കും വഴിപോക്കന്മാർക്കും വേണ്ടിയാണത് ചെയ്യേണ്ടത്. നല്ലതെന്ത് നിങ്ങൾ ചെയ്യുകയാണെങ്കിലും തീർച്ചയായും അല്ലാഹു അതറിയുന്നവനാകുന്നു."

*വിശുദ്ധ ഖുർആൻ (2:215)*

ദാനധർമ്മങ്ങളിൽ മൂന്ന് ചോദ്യങ്ങളുയരുന്നു.

a) നാമെന്ത് കൊടുക്കണം ?

b) നാമാർക്ക് കൊടുക്കണം ?

c) നാമെങ്ങനെ കൊടുക്കണം ?

ഉത്തരമെന്തെന്നാൽ:

ഗുണകരമായതും,ഉപയോഗയോഗ്യമായതും, ഉപകരിക്കുന്നതും, വിലയേറിയതുമായ എന്തും നൽകുക എന്നാണ്. അത് സ്വത്താവാം, പണമാവാം, അത് കൈ കൊണ്ട് ചെയ്യുന്ന സഹായമാവാം, അതൊരു ഉപദേശമോ ഒരു നല്ല വാക്കോ ആവാം. നിങ്ങളെന്ത് നല്ല കാര്യം ചെയ്താലും അത് ദാനധർമ്മമാവാം. മറുവശത്ത് നിങ്ങളാവശ്യമില്ലാത്ത വസ്തുക്കളെറിഞ്ഞുകളഞ്ഞാൽ അത് ദാനധർമ്മമാവില്ല. അല്ലെങ്കിൽ ദ്രോഹിക്കാനുള്ള ഉദ്ദേശത്തോടെ എന്തെങ്കിലും കൊടുത്താൽ. ഉദാഹരണത്തിന് ഭ്രാന്തന് ഒരു വാൾ കൊടുക്കുക അല്ലെങ്കിൽ കെണിയിൽപ്പെടുത്തുക, അഴിമതിക്കാരനാക്കുക എന്നീ ഉദ്ദേശങ്ങളോടെ

ഔഷധമോ മിഠായിയോ പണമോ നൽകിയാൽ അത് ദാനധർമ്മമല്ല മിറച്ച് നാശം ഉദ്ദേശിച്ച് കൊണ്ടുള്ള ഒരു സമ്മാനമാണ്.

## നിങ്ങളാർക്ക് കൊടുക്കണം ?

ഒരു ചർച്ച ചെയ്യപ്പെടുന്ന ദാനത്തിലൂടെ മാലോകരുട പ്രശംസക്ക് വേണ്ടി കൊതിക്കുക എന്നത് പ്രലോഭകരമാവാം. പക്ഷേ,നിങ്ങളുടെ മേൽ ആദ്യത്തെ അവകാശമുന്നയിക്കുന്ന ആളുടെ ആവശ്യങ്ങളാണോ നിങ്ങൾ തീർത്ത് കൊടുത്തത്.? അങ്ങനെയല്ലെങ്കിൽ നിങ്ങൾ കടം നൽകിയവരെ ചതിക്കുന്നവനായിരിക്കും ! അത് ദാനധർമ്മമല്ല.!

ഓരോ ദാനവും അതിന്റെ നിസ്വാർത്ഥ സ്വഭാവം കൊണ്ടാണ് വിലയിരുത്തപ്പെടുന്നത്. ആവശ്യത്തിന്റെയോ അവകാശത്തിന്റെയോ അളവ് നിങ്ങൾ പരിഗണിക്കേണ്ട ഒരു ഘടകമാണ്. നിങ്ങളത് പരിഗണിക്കാതിരിക്കുന്നുവെങ്കിൽ അതിനു പിന്നിൽ സ്വാർത്ഥമായ എന്തോ ഉണ്ട്.

## എങ്ങനെ കൊടുക്കണം ?

അല്ലാഹുവിന്റെ വീക്ഷണത്തിൽ, അത് നമ്മുടെ എല്ലാ നാട്യങ്ങളെയും പ്രദർശനത്തെയും ആത്മാർത്ഥതയില്ലായ്മയേയും നിരോധിച്ചു.

*(എ.യൂസുഫ് അലി)*

മറ്റൊരന്വേഷണത്തിന്റെ ഉത്തരമായി മുഹമ്മദ് (സ)ക്ക് മറ്റൊരു ടെലഗ്രാം ലഭിച്ചു:-

## 4. ആത്മാവ്

“നിന്നോട് അവർ ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക; ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല.”

*വിശുദ്ധ ഖുർആൻ (17:85)*

വിശുദ്ധ ഖുർആൻ പാരായണം ഭൂമിയിലെ മറ്റേതൊരു ഗ്രന്ഥത്തിന്റേതിൽ നിന്നും വിഭിന്നമാണ്. അത് ചൊവ്വായും കാര്യപ്രസക്തമായും സംസാരിക്കുന്നു. ആയിരുന്നെങ്കിൽ എന്നോ, പക്ഷേ എന്നോ





ഉള്ള ശൈലിയിലല്ല. അത് വാക്ക് വ്യത്യാസപ്പെടുത്തി പറയുന്നില്ല വിഷയത്തെ പരോക്ഷമായി സമീപിക്കുന്നുമില്ല.

വിസ്തൃതമായ മുഴുവൻ വാല്യത്തിലും വെള്ളിത്തിരയ്ക്ക് വേണ്ടി അഥവാ സിനിമയ്ക്കായി ഒരു ബോക്സോഫീസ് ഹിറ്റിനോ അല്ലെങ്കിൽ Ten Commandments” “Samson and Delilah”, “David and Bethsheba പോലുള്ള റിക്കാർഡ് ഭേദിക്കുന്ന ഫിലിമുകളുടേത് പോലുള്ള തിരക്കഥയോ നിങ്ങൾക്കു കിട്ടില്ല. ഈ രംഗത്ത് വിശുദ്ധ ബൈബിൾ ഒരു തിരക്കഥാകൃത്തിനെ ആഹ്ലാദിപ്പിക്കുന്നതാണ്. സ്വർണ്ണപാത്രങ്ങളായി എളുപ്പത്തിൽ രൂപാന്തരപ്പെടുത്താൻ ഇവയെല്ലാം അവിടെയുണ്ട്.

ഇതിനിടയിൽ തന്നെ, നിങ്ങൾ വിശുദ്ധ ഖുർആൻ പരിശോധിച്ചാൽ മുഹമ്മദി(സ)ന്റെ പിതാവിന്റെയോ മാതാവിന്റെയോ പേര് പോലും കാണാൻ കഴിയില്ല എന്ന് എന്റെ വായനക്കാരെ അറിയിക്കട്ടെ.

നിങ്ങൾക്കദ്ദേഹത്തിന്റെ ഭാര്യമാരുടെയോ പുത്രിമാരുടെയോ അല്ലെങ്കിൽ പ്രിയപ്പെട്ട സഹചാരിമാരുടെയോ പേരുകൾ അതിൽ കണ്ടെത്താൻ കഴിയില്ല. എന്നിരുന്നാലും യേശുക്രിസ്തുവിന്റെ മാതാവായ മർയമിന് വേണ്ടി ഒരു പൂർണ്ണ അദ്ധ്യായം തന്നെ സമർപ്പിക്കപ്പെട്ടതായി നിങ്ങൾക്ക് കണ്ടെത്താമെന്നതാണ് ആശ്ചര്യകരം!

വിശുദ്ധ ഖുർആനിലെ 19ാം അദ്ധ്യായമായ സൂറ: മർയം. ഈസാ (അ) ഈ ദൈവിക ഗ്രന്ഥത്തിൽ ഇരുപത്തഞ്ചിലധികം സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെടുന്നു. പക്ഷേ, പ്രവാചകൻ മുഹമ്മദി(സ)ന്റേത് അഞ്ചു പ്രാവശ്യം മാത്രവും, കാരണം? യേശു(അ)വും അദ്ദേഹത്തിന്റെ മാതാവും മുഹമ്മദി(സ)നേക്കാളും മുഖ്യമാണോ? അല്ലേ അല്ല പിന്നെന്തിനാണീ ക്രമാതീതമായ പരാമർശം? യേശുവും മാതാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച ധാരണപിശകുകൾ നിലനിൽക്കുന്നതിനാലാണിത്. മാതാവിനും പുത്രനുമെതിരായി അനേകം വ്യാജ ആരോപണങ്ങളും, കുത്തുവാക്കുകളും വ്യംഗോക്തികളും ഉണ്ടായത് കൊണ്ട് അവരുടെ നിരപരാധിത്വം തെളിയിക്കപ്പെടേണ്ടതുണ്ടായിരുന്നു. അത് കൊണ്ട് വിളമ്പരത്തിന്റെ കഥയും കന്യാമറിയത്തിന്റെ കുറ്റമറ്റ ഗർഭധാരണവും യേശു(അ)വിന്റെ ജനനവുമെല്ലാം രേഖപ്പെടുത്തേണ്ടി വന്നു. ഇസ്ലാമിലെ പ്രവാചകന്റെ വംശാവലിയെ ആരുമൊരിക്കലും ചോദ്യം ചെയ്തില്ല. അത് കൊണ്ട് തന്നെ

പ്രവാചകന്റെ ജനനത്തെ ക്കുറിച്ചോ വംശാവലിയെക്കുറിച്ചോ ഒരു വാക്ക് പോലും മുഴുവൻ ഗ്രന്ഥത്തിലും പറയേണ്ടി വന്നിട്ടില്ല. ഖുർആൻ മുഹമ്മദി(സ)നെ ക്കുറിച്ചുള്ള ജീവചരിത്ര ഗ്രന്ഥമല്ല! ഇത് അവിശ്വാസികൾക്ക് മനസ്സിലാകാൻ പ്രയാസമുള്ള സംഗതിയാണ്.

കാലാന്ത്യം അഥവാ അവസാന നാൾ എന്ന വിഷയത്തെക്കുറിച്ച് വിശുദ്ധഖുർആനിൽ നിന്നുള്ള ഒരുദാഹരണം കൂടി നമുക്കറിയിക്കാം.

## 5 അന്തിമ സമയം

അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു; അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്. അതിന്റെ സമയത്ത് അത് വെളിപ്പെടുത്തുന്നത് അവൻ മാത്രമാകുന്നു. ആകാശങ്ങളിലും ഭൂമിയിലും അത് ഭാരിച്ചതായിരിക്കുന്നു. പെട്ടെന്നല്ലാതെ അത് നിങ്ങൾക്ക് വരുകയില്ല.

*വിശുദ്ധ ഖുർആൻ (7:187)*

മേൽ വചനം സുവിശേഷത്തിലെ മാർക്കോസ് : 13ാം അദ്ധ്യായം മുഴുവനുമായും താരതമ്യം ചെയ്യുന്നത് ഉചിതമായിരിക്കും. മേലെയുള്ള ഒററവചനത്തിന്റെ തീർപ്പിലെത്താൻ 37 വചനങ്ങളെ അതുപയോഗപ്പെടുത്തുന്നു. മനുഷ്യനിർമ്മിത ഗ്രന്ഥങ്ങളെ ദൈവിക വചനങ്ങളിൽ നിന്നും തിരിച്ചറിയാനുള്ള ഒരെളിയപരീക്ഷണം. വിശുദ്ധ ഖുർആൻ അലങ്കാരങ്ങളിൽ നിന്നും അനാവശ്യ വിശദീകരണങ്ങളിൽ നിന്നും വിമുക്തമാണ്.

അത് സമ്പൂർണ്ണമായും ഒരതുല്യഗ്രന്ഥമാണെന്നും അതിന്റെ വിവരണരീതി മനുഷ്യരുടെ ശൈലിയിലുള്ളതല്ലെന്നും തെളിയിക്കാൻ വേണ്ടി ദൈവികഗ്രന്ഥത്തിൽ നിന്നും ഇനിയും അനേകം ഉദാഹരണങ്ങൾ തരാൻ സാധിക്കും. പ്രതിപാദ്യ വിഷയത്തെക്കുറിച്ച് ഒരു വാല്യം തന്നെ രചിക്കാമെന്നതാണ് വസ്തുത. വിശുദ്ധ ഖുർആനിൽ നിന്നുള്ള ഒരുദാഹരണത്തോടെ അവസാനമായി നമുക്ക് ഈ അദ്ധ്യായം അവസാനിപ്പിക്കാം. അത് നാലു വചനങ്ങൾ മാത്രമുള്ള പ്രമാണയോഗ്യമായ ചെറിയ അദ്ധ്യായമാണ്. നാലു വചനങ്ങളും മേലെ കൊടുത്തിട്ടുള്ള അഞ്ചു വചനങ്ങളിലെ ഓരോ





വചനത്തിന്റെയും വാചക രീതിയിൽ കുറവാണ്. ആ ചെറിയ അദ്ധ്യായത്തിന്റെ ശരിപ്പകർപ്പ് താഴെ കൊടുക്കട്ടെ.

Ikhlas, or purity of faith

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

In the name of God, Most gracious, Most merciful
പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

قُلۡ هُوَ ٱللَّهُ أَحَدٌ

1. Say, He is God,[6296] The One and Only;[6297]
(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.

ٱللَّهُ ٱلصَّمَدُ

2. God, the Eternal, the Absoulte;[6298]
അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു

لَمۡ يَلِدۡ وَ لَمۡ يُولَدۡ

3. He begetteth not, Nor is He begotten;[6299]
അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും) സന്തതിയായി ജനിച്ചിട്ടുമില്ല.

وَ لَمۡ يَكُن لَّهُ كُفُوًا أَحَدٌ

4. And there is none Like unto Him.[6300]
അവന്ന് തുല്യനായി ആരുമില്ലതാനും

*വിശുദ്ധ ഖുർആൻ (112:14)*

എ.യൂസഫലിയുടെ സമ്പൂർണ്ണ ഇംഗ്ലീഷ് പരിഭാഷയിലെ മേൽ വചനങ്ങളുട പരിഭാഷയിൽ 6296 മുതൽ 6300 വരെയുള്ള നമ്പറുകൾ താങ്കൾക്ക് നിരീക്ഷിക്കാം. അതിൽ അദ്ദേഹത്തിന്റെ പണ്ഡിതോചിതമായ വ്യാഖ്യാനം കാണാം. നിങ്ങൾക്കദ്ദേഹത്തിന്റെ വിശദീകരണത്തോട് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. അവ ഒരിക്കലും തെററു പററാത്തവയല്ല. മേലെ കാണുന്ന അറബി മൂലവാ

ക്യമാണ് ദൈവവചനം. ഇംഗ്ലീഷിലുള്ളത് പരിഭാഷപ്പെടുത്താനുള്ള ഏററവും നല്ല മനുഷ്യ ഉദ്യമവുമാണ്.

ദൈവിക പ്രചോദനം, (ദിവ്യജ്ഞാനം) ദൈവവചനം എന്നീ നാം ചർച്ച ചെയ്യുന്ന വെളിപാടിന്റെ കോണിലൂടെയുള്ള എന്റെ നിരീക്ഷണം ഞാൻ വ്യക്തമാക്കാം.

## ദൈവശാസ്ത്രത്തിന്റെ അമ്ലപരീക്ഷണം

അല്ലാഹുവിന്റെ ദൂതന്റെ ആപ്തവചനമനുസരിച്ച്, അതിന്റെ മൂലഭാഷാ രൂപത്തിൽ മേലെയുള്ള നാലു വചനങ്ങൾ മുന്നു പ്രാവശ്യമുച്ചരിക്കുന്നത് കൊണ്ട് മുഴുവൻ ഖുർആനും പാരായണം ചെയ്ത ആത്മീയാനുഗ്രഹങ്ങൾ ലഭിക്കുമെന്നത് സാർവത്രികമായി അംഗീകരിക്കപ്പെട്ടതാണ്. എന്തുകൊണ്ടാണ് ഈ അദ്ധ്യായം ഇത്രയദികം അമൂല്യമായത്? മനുഷ്യനെ നിർവൃതിയിലേക്കും കണ്ണീരിലേക്കും നയിക്കുന്ന അനുകരിക്കാനാവാത്ത ആ സ്വരലയത്തിന്റെ സംഗീതമോ ശബ്ദമോ അല്ല, മതത്തിന്റെ അമ്ലപരീക്ഷണത്തിനുതകുന്ന അതിന്റെ സന്ദേശമാണ് അതിന് അത്യുദാത്തവും ഉന്നതവുമായ സ്ഥാനം നൽകുന്നത്.

ഈ നാലു ഹൃസ്വവചനങ്ങളുടെ ആലോചനാപരിധിയിൽ വരാത്ത ഒരു ദൈവസങ്കൽപമോ ഒരു ദൈവശാസ്ത്രമോ ഇല്ല. ദൈവത്തെക്കുറിച്ചുള്ള അറിവിൽ അവ ഉരകല്ലുകളാണ്. ഇതിലൂടെ താങ്കൾക്ക് ദൈവത്തെക്കുറിച്ചുള്ള ഏതൊരു വിശ്വാസവും അംഗീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം. അല്ലെങ്കിൽ തെറ്റും ശരിയും തിരിച്ചറിയാം. ഇത് നിസ്സംശയം രത്നവ്യാപാരികൾ സ്വർണ്ണം പരിശോധിക്കാൻ ഉപയോഗിക്കുന്ന ഉരക്കല്ലു പോലെയുണ്ട്. സ്നേഹിതനായ ഒരു രത്നവ്യപാരിയോട് ഒരു ഉരക്കല്ല് എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ചോദിക്കൂ, എങ്ങനെയാണ് ഖുർആനിക ഉരകല്ല് ഉത്ഭവിച്ചത്?

## ഹെഡ് കംപ്യൂട്ടറിൽ നിന്ന്

1975ന്റെ മധ്യത്തിൽ ഒരു പ്രഭാഷണ പര്യടനത്തിനായി എനിക്ക് സാമ്പിയയിലേക്ക് പോകേണ്ടതിനുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. ദർബ്ബനിലേക്ക് ഒരു വിമാന ടിക്കറ്റയച്ചതായും അത് നഗരമധ്യത്തിലെ സൌത്താഫ്രിക്കൻ എയർവേസിന്റെ ഹെഡ്ക്വാർ





ട്ടർസിൽ നിന്നും വാങ്ങണമെന്നും എന്നെ ഫോണിലൂടെ അറിയിച്ചു. ഞാൻ എയർവേസ് ഓഫീസിൽ പോയി ഇൻഫർമേഷൻ കൗണ്ടറിൽ ചെന്നു ഉത്തരവാദിത്തപ്പെട്ട ആളോട് ലുസാക്കയിൽ നിന്നും അയച്ച ടിക്കറ്റ് വാങ്ങാനാണ് വന്നതെന്നറിയിച്ചു. അദ്ദേഹമെന്നോട് ഓരോ കമ്പ്യൂട്ടർ ടെർമിനലിനു മുമ്പിലും ദൃശ്യത്തിനുള്ള ഓരോ സ്ക്രീനുമായി അർദ്ധവൃത്താകൃതിയിലിരിക്കുന്ന ഒരു ഡസനോളം മാന്യ സ്ത്രീകളിലൊരുവളെ കാണാൻ പറഞ്ഞു. അതിലധികം പേരും മറ്റിടപാടുകാരെ പരിചരിക്കുന്നത് കൊണ്ട് ഞാൻ ഏതാളെയാണ് കാണേണ്ടതെന്ന് ചോദിച്ചു. ഓഫീസർ ശുണ്ഠിയോടെ തന്റെ കൈയടിച്ചുകൊണ്ട് ഇരിക്കുന്ന സ്ത്രീകളുടെ ഭാഗത്തേക്ക് ചൂണ്ടിക്കൊണ്ട് ആരെയെങ്കിലും എന്ന് പരുക്കനായി പറഞ്ഞു.

അല്ലാത്തപ്പോഴൊക്കെ സൗമ്യനായ ഈ മാന്യവ്യക്തി എന്റെ ലളിതവും ശുദ്ധഗതിയോടെയുമുള്ള ചോദ്യത്തിന് എന്തിനിങ്ങനെ രൂക്ഷമായി പെരുമാറി എന്ന് എനിക്ക് മനസ്സിലായിരുന്നില്ല. ടിക്കറ്റ് രശീതികളടങ്ങുന്ന നീളമുള്ളൊരു ചെറുപുസ്തകം കൈപറ്റുന്നത് പ്രതീക്ഷിക്കുകയായിരുന്നു ഞാൻ. ഇത്തരം കാര്യങ്ങൾ ജീവിതത്തിൽ കുറച്ചു പ്രാവശ്യം കൈകാര്യം ചെയ്തതു കൊണ്ട് അങ്ങനെ ഉദ്ദേശിക്കുന്നതിൽ എനിക്ക് തെറ്റുപറ്റിയതായി തോന്നിയില്ല. എങ്ങനെയാണിതിലേതൊരു സ്ത്രീയുടെയടുത്തും എന്റെ ടിക്കറ്റുണ്ടാവുക? ഞാനത്ഭുതപ്പെട്ടുപോയി. ആ മനുഷ്യന്റെ രോഷത്താലുള്ള ശബ്ദം എന്നോട് സൂചിപ്പിച്ച പോലെ ഇനിയും വിവരമന്വേഷിക്കുകയല്ലാതെ മറ്റു നിർവ്വാഹമുണ്ടായിരുന്നില്ല.

എന്നെ സേവിക്കാൻ ഒഴിവുണ്ടെന്നു കണ്ട ആദ്യ സ്ത്രീയെ സമീപിച്ചു കൊണ്ട് പാവത്താനായിഞാനെന്റെ ദൗത്യത്തെക്കുറിച്ച് അവളോട് പറഞ്ഞു. ഒരു ടിക്കറ്റ് ഏറ്റു വാങ്ങാൻ ആളെ കാത്തിരിക്കുകയാണെന്ന് അവളെന്നെ അറിയിച്ചു. അവളെന്റെ പേര് ചോദിച്ചപ്പോൾ ഞാൻ യഥാക്ഷരം ഉച്ചരിച്ചു കൊടുത്തു. അതു പ്രകാരം അവൾ മുമ്പിലുള്ള കീബോർഡിൽ ടൈപ്പ് ചെയ്യാൻ തുടങ്ങി. ടൈപ്പ് ചെയ്യുന്നതോടൊപ്പം അവൾ സ്ക്രീനും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഞാൻ നിൽക്കുന്ന ഇടത്ത് നിന്നും എനിക്ക് ആ പദങ്ങൾ കാണാൻ കഴിഞ്ഞില്ല. അവൾ തലയാട്ടിക്കൊണ്ട് കിട്ടിയതായി വ്യഞ്ജിപ്പിച്ച് അതെ എന്ന് പറഞ്ഞു. ചൊവ്വാഴ്ച വൈകുന്നേരം എനിക്ക്

ദർബനിൽ നിന്നും ജോഹനാസ്ബർഗിലേക്ക് പോകണമെന്ന് ഞാനറിയിച്ചു. അവ ളെനിക്ക് 6 മണിക്കുള്ള ഫ്ളൈറ്റ് തന്നത് ഞാൻ സമ്മതിച്ച ശേഷം അവൾ കുറച്ചു പദങ്ങൾ കൂടി കീബോർഡിലടിച്ചു. അടുത്ത ദിവസം ഏകദേശം മൂന്ന് മണിക്ക് ലുസാക്കയിലെത്തി ച്ചേരാൻ എനിക്ക് ജോഹനാസ്ബർഗ് വിടണമെന്നും ഞാൻ കൂട്ടിച്ചേർ ത്തു. എന്റെ ആഗമനം ടി.വി. വാർത്തകളും പത്ര മാധ്യമങ്ങളും കവർ ചെയ്യേണ്ടിയിരുന്നത് കൊണ്ട് ആതിഥേയരിൽ നിന്നും എനിക്ക് കിട്ടിയ നിർദ്ദേശം അതായി രുന്നു. അവൾ കുറച്ചു പദങ്ങൾ കൂടി ടൈപ്പ് ചെയ്തു കൊണ്ട് എനിക്ക് ഗബ്രോൺ വഴിയാണോ അതല്ല മപൂട്ടോ വഴിയാണോ ലുസാക്കയിലേക്ക് പോകേണ്ടതെന്ന് ചോദിച്ചു. ഉദ്ദിഷ്ടസ്ഥാനത്ത് ബുധനാഴ്ച 3 മണിക്ക് എത്തിച്ചേരും വിധമാണെങ്കിൽ ഏതുവഴി യായാലും പ്രശ്നമല്ലെന്ന് ഞാൻ പറഞ്ഞു. അവൾ കീബോർഡിൽ വീണ്ടുമടിച്ച ശേഷം സ്ക്രീനിലെ സൂക്ഷ്മ പരിശോധനക്ക് ശേഷം പറഞ്ഞു. ക്ഷമിക്കണം, താങ്കൾ സാമ്പിയൻ എയർലൈൻസിലാണ് ബുക്ക് ചെയ്തിരിക്കുന്നത്, ആ രാജ്യത്ത് ദേശീയ അവധിയായത് കൊണ്ട് ഇന്ന് സാമ്പിയൻ എയർലൈൻ സുമായി സമ്പർക്കം പുലർ ത്താൻ പറ്റാത്തത് കാരണം താങ്കളുടെ ടിക്കറ്റ് വേറെ എയർലൈനി ലേക്ക് മാറ്റാൻ സാധ്യമല്ല. അത് കൊണ്ട് എന്നോട് അടുത്ത ദിവസം തിരിച്ചു ചെല്ലാൻ പറഞ്ഞു. വളരെ രസകരം!, ഞാൻ വിചാരിച്ചു. ടിക്കറ്റ് ഏറെക്കുറെ എന്റെ അടുക്കലെ ത്തിച്ചേർന്നെങ്കിലും എനിക്ക് വശമാക്കാൻ സാധിക്കാത്ത തിൽ ഞാൻ കഠിനമായും നിരാശപ്പെട്ടു. എന്നിട്ടും ടിക്കറ്റ് അവളുടെ മേശവലിപ്പിൽ തന്നെയുണ്ടെന്ന് ഞാൻ സങ്കൽപിച്ചു.

## അജ്ഞത ദുരീകരിക്കപ്പെടുന്നു

എന്റെ അമ്പരപ്പിനിടയിൽ ഞാൻ ചോദിച്ചു. എവിടെ നിന്നാണ് നിങ്ങൾക്ക് ഈ വിവരങ്ങളൊക്കെ കിട്ടിയത്? അത് ജോഹനാസ്ബർ ഗിലുള്ള ഹെഡ് കംപ്യൂട്ടറിൽ നിന്നാണ്, അവൾ പറഞ്ഞു. സമാനമായ എന്റ് ടെർമിനലുകളുള്ള രാജ്യത്തെ എല്ലാ ഇതര കംപ്യൂട്ടറുകൾക്കും ഒരു ബട്ടണമർത്തിയാൽ ആ കംപ്യൂട്ടറുമായി ബന്ധമുണ്ടാവുമെന്നും വിവരിക്കാൻ മാത്രം അവൾ ദയവ് കാട്ടുകയും ചെയ്തു. ജോഹനാ





സ്ബർഗിലേക്ക് ആറു മണിക്കുള്ള ഫ്ളൈറ്റിന്ന് അവൾ ബുക്ക് ചെയ്യാൻ ശ്രമിക്കുമ്പോൾ ഒരു സീറ്റു മാത്രം ബാക്കിയാവുകയും വേറെ ടെർമിനലുകൾ ആ സീറ്റിന് വേണ്ടി ശ്രമിച്ചു കൊണ്ടിരിക്കു കയും ചെയ്താൽ എന്താവുമെന്ന് ഞാനന്വേഷിച്ചു. ആ സെക്കന്റിലു ള്ള ആദ്യത്തേതിന് സീറ്റ് ലഭ്യമാവുകയും മറ്റുള്ളവക്ക് ലഭിക്കാതെ വരുകയും ചെയ്യുമെന്നവൾ പറഞ്ഞു. അവളോട് വളരെയധികം നന്ദി പറഞ്ഞ ശേഷം ഞാൻ എയർവേസ് കെട്ടിടത്തിൽ നിന്നും പുറത്ത് കടന്നു.

എന്റെ ഓഫീസിലേക്ക് തിരിച്ചു പോകുന്ന വഴിയിൽ എന്റെ മനസ്സ് ഭാവനകളാൽ മുഖരിതമായി. ഇങ്ങിനെയായിരിക്കും അത് സംഭവിച്ചത്. അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതനിലൂടെയുള്ള വഹ്യ് (മുഹമ്മദി(സ)ന്നുള്ള ദൈവത്തിന്റെ വെളിപാടുകൾ) ഹെഡ് കംപ്യൂട്ടറായ ലൗഹുൽ മഹ്ഫൂളിൽ (സംരക്ഷിത ഫലകം) നിന്നും വന്നു.

بَلْ هُوَ قُرْءَانٌ مَّجِيدٌ
فِى لَوْحٍ مَّحْفُوظٍ

“അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു. സംരക്ഷിത മായ ഒരു ഫലകത്തിലാണ് അതുള്ളത്.”

*വിശുദ്ധ ഖുർആൻ (85:21 - 22)*

ഈ ഫലകം മൂസാ(അ) പത്തു കൽപനകൾ എഴുതാനുപയോഗിച്ച കല്ലിനാലുള്ള ഫലകമല്ല. അത് സ്കൂളിലെ അദ്ധ്യാപകരുപയോഗി ക്കുന്ന ബ്ലാക്ക് ബോർഡ് എന്നോ ഗ്രീൻ ബോർഡ് എന്നോ വിളിക്ക പ്പെടുന്ന തരത്തിലുള്ളതുമല്ല. അത് ഒരു കംപ്യൂട്ടർ സ്ക്രീനിന്റെയോ സിലിക്കോൺ ചിപ്പിന്റെയോ ഫലകമല്ല. അത് ദൈവത്താൽ കാക്കപ്പെ ടുന്നതും സംരക്ഷിക്കപ്പെടുന്നതുമാണ്. അത് കല്ലിനാലോ ലോഹത്താലോ നിർമ്മിച്ചതല്ലാത്തത് കൊണ്ട് ഏതെങ്കിലും ഭൗതികമായ ധാരണയോടെ മനസ്സിലാക്കാനുള്ളതല്ല. അത് ആത്മീയമാണ്! എങ്ങനെയാണത് പ്രവർത്തിക്കുക എന്ന് നമുക്ക് ഊഹിക്കാൻ മാത്രമേ കഴിയൂ .

## നജ്റാനിലെ കൃസ്ത്യാനികൾ

ഇസ്ലാം മദീനയിൽ സുസ്ഥിര നിലയിലെത്തിച്ചേരും മുമ്പ് ദൈവദൂതന്റെ ഖ്യാതി അറേബ്യയിലാകമാനം വ്യാപിച്ചു. യെമനിലെ നജ്റാനിനടുത്തുള്ള അറബ് ക്രിസ്ത്യാനികളുടെയൊരു സമൂഹം, അറേബ്യയിലെ ഒരു അറബി ഇപ്പോൾ ദൈവികമായ ദിവ്യജ്ഞാനം ലഭിക്കുന്നതായി അവകാശപ്പെടുന്നതായും, അദ്ദേഹം ദൈവത്തിനു വേണ്ടി സംസാരിക്കുന്ന പ്രവാചകനാണെന്ന് സ്വയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും കേട്ടറിഞ്ഞു. ദൈവത്തെക്കുറിച്ചും മതത്തെക്കുറിച്ചു പൊതുവായും അദ്ദേഹത്തിനുള്ള അറിവ് പരീക്ഷിക്കാനും, അവരുടെ അറിവ് അദ്ദേഹത്തിന്റേതുമായി തുലനം ചെയ്യാനും ഒരു നിവേദക സംഘം മദീനയിലേക്ക് പുറപ്പെട്ടു.

അവരുടെ ആഗമനത്തിന് ശേഷം, പനയോലകളാൽ മേഞ്ഞ മേൽക്കൂരയുള്ള ലളിതമായൊരു കെട്ടിടമായിരുന്ന മസ്ജിദുന്നബവിയിലായിരുന്നു അവരെ താമസിപ്പിച്ചിരുന്നത്. കൃസ്ത്യാനികൾ ആ മസ്ജിദിൽ മൂന്നു ദിനരാത്രങ്ങൾ ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും അല്ലാഹു വിന്റെ ദൂതനുമായി ചർച്ചയിലേർപ്പെടുകയും ചെയ്തു. ആ സംവാദത്തിന്റെ വിശദാംശങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

സംവാദത്തിനിടയിൽ ക്രിസ്ത്യാനികളുടെ വക്താവ് മറ്റനേകം കാര്യങ്ങളോടൊപ്പം ചോദിച്ചു. ഇപ്പോൾ പറയൂ, മുഹമ്മദ്, ദൈവത്തെ പറ്റിയുള്ള താങ്കളുടെ സാമാന്യ സങ്കൽപമെന്താണ്? തയ്യാറാക്കിവെച്ചിട്ടുള്ള മറുപടി നമ്മുടെയടുത്തില്ലെങ്കിൽ നാമോരുത്തരും ചെയ്യാറുള്ളത് പോലെ മുഹമ്മദി(സ)ന്ന് അദ്ദേഹത്തിന്റെ അഭിപ്രായം സ്വരൂപിക്കാൻ, വാക്കുകൾക്കും ആശയങ്ങൾക്കും വേണ്ടി പരുങ്ങലിലായി ഒഴിഞ്ഞു മാറേണ്ടി വന്നില്ല, വാക്ക് വ്യത്യാസപ്പെടുത്തിപ്പറയേണ്ടിവന്നില്ല. മേൽ പറഞ്ഞതിന് സമാനമായി പറയുകയാണെങ്കിൽ എയർവേസ് ഓഫീസിലെ ആ മാന്യ വനിത ഹെഡ് കംപ്യൂട്ടറുമായി ബന്ധപ്പെടാൻ ചെയ്തത് പോലെ മുഹമ്മദ് (സ) അദ്ദേഹത്തിന്റെ ആത്മീയ ബട്ടൺ അമർത്തി. അദ്ദേഹം എല്ലാ ദിവ്യവെളിപാടുകളുടെ വിജ്ഞാനത്തിന്റെയും സിരാകേന്ദ്രമായ സംരക്ഷിത ഫലകത്തിലൂടെ അല്ലാഹുവിൽ നിന്നും ഉത്തരം തേടുകയായിരുന്നു. ഞാൻ വിവരിച്ചത് പോലെ സമാനമായിപ്പറഞ്ഞാൽ എന്റെ നാഥാ, ഞാനെന്തു പറയും? എന്നു



ചോദിച്ചപ്പോൾ ഉത്തരം വന്നു.

“(നബിയേ,)പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരുമില്ലതാനും.”

*വിശുദ്ധ ഖുർആൻ (112:1 –4)*

മേലെയുള്ള ധാർമ്മിക വിശുദ്ധിയുടെ പ്രമാണസൂത്രം ഉച്ചരിച്ചതിന് ശേഷം, സംഭാഷണം പതിവ് പ്രഭാഷണത്തിലേക്ക് തിരിഞ്ഞു. യോഗ്യനായ ഏതൊരു അറബിയും രണ്ടു പ്രഭാഷണത്തിലെയും ശബ്ദത്തിന്റെയും രൂക്ഷതയുടേയും വ്യത്യാസം മനസ്സിലാക്കാതിരുന്നിട്ടുണ്ടാവില്ല. മേലെയുള്ള വാക്യങ്ങൾ പ്രവാചകന്റേതല്ല, ദൈവത്തിന്റേ തായിരുന്നു. അവ സാഹിത്യപരമായി അദ്ദേഹത്തിന്റെ വാക്കുകളായി പുറത്തു വന്നു എന്നു മാത്രം. അത് അദ്ദേഹം പാരായണം ചെയ്തപ്പോൾ പ്രഭാഷകന് റേഡിയോയെന്ന പോലെ അദ്ദേഹം ദൈവത്തിന്റെ വക്താവാകുക മാത്രമായിരുന്നു. ഈ വസ്തുതകളാകുന്ന വിവരങ്ങൾ (ഡാറ്റ) സമാന സാഹചര്യങ്ങളിൽ ഒരു ദശകം മുമ്പ് അദ്ദേഹത്തിന്ന് സ്വന്തമായി ദൈവം നൽകിയ കംപ്യൂട്ടറായ അദ്ദേഹത്തിന്റെ മനോഹൃദയങ്ങളിലേക്ക് പ്രോഗ്രാം ചെയ്യപ്പെടുകയായിരുന്നു. ആ സന്ദർഭത്തിൽ ദൈവത്തിന്റെ വ്യക്തിത്വവും വംശാവലിയും എന്ന വിഷയത്തിൽ അദ്ദേഹത്തെ മറിച്ചിടാൻ വേണ്ടി ജൂതന്മാർ കുത്തുകയായിരുന്നു. കാത്തിരിക്കുന്ന മിശിഹാ (രക്ഷകൻ) ആയിരുന്ന യേശുവിന്റെ കാൽപാടുകൾ വിടാതെ പിന്തുടരുന്ന മുൻകാലത്തെ ഫാറിസികളെപ്പോലെ അവരായിരുന്നില്ല.

മേൽപറഞ്ഞത്, തന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതന്ന് വാക്കുകളുടെ പ്രചോദനത്താൽ ദിവ്യവെളിപാടുകൾ അയക്കപ്പെട്ടതിന്നും, അവന്റെ ദൂതനാലെങ്ങനെയാണ് അതിനെ പരിരക്ഷിക്കപ്പെട്ടതെന്നതിന്നും പരിപാലിക്കപ്പെട്ടതെന്നുള്ളതിനും അവന്റെ മാനവവക്താവ് എങ്ങനെ അതിനെ ഉപയോഗപ്പെടുത്തിയെന്നതിനും ആവർത്തിച്ചു ഉപയോഗപ്പെടുത്തിയെന്നതിന്നും പ്രവാചകൻ മുഹമ്മദി(സ) ന്റെ അനുയായികളായ നാം ഓരോ അവസരത്തിലുമുപയോഗപ്പെടുത്താൻ ആ സന്ദേശം എങ്ങനെയാണ് ഉൾക്കൊണ്ടിരുന്നത് എന്നതിനുമുള്ള

വിശിഷ്ടമായ ഉദാഹരണമാണ്.

ലോക മതസാഹിത്യത്തിൽ മേലുദ്ധരിച്ച ഈ കൊച്ചു അദ്ധ്യായ മായ സൂറഃ ഇഖ്ലാസിനോട് പോലും തുലനം ചെയ്യാവുന്ന യാതൊന്നുമില്ല. ഈ 112ാം അദ്ധ്യായം ദൈവ വചനത്തിന്റെ സത്തയും ദൈവശാസ്ത്രത്തിന്റെ അമ്ലപരീക്ഷണവും ആണെങ്കിൽ, നമുക്ക് ദൈവിക ഗുണങ്ങൾ കണ്ടെത്താവുന്നതും, മനുഷ്യരും രാഷ്ട്രങ്ങളും ദൈവത്തെ മനസ്സിലാക്കുന്നതിൽ ആവർത്തിച്ചു വീണ കെണികളിലകപ്പെടാതെ വിട്ടുമാറി നിൽക്കാനും ഉതകുന്ന ബാക്കി വരുന്ന ഖുർആനിക മൂലഗ്രന്ഥം അതിന്റെ വിശദീകരണവുമാണ്.





അദ്ധ്യായം 5

# ദൈവം ഗുണങ്ങളിൽ അതുല്യൻ

സർവ്വശക്തനായ ദൈവം അവന്റെ വ്യക്തിത്വത്തിലും കഴിവിലും തികച്ചും അതുല്യനാണ്. നമുക്കൂഹിക്കാൻ അല്ലെങ്കിൽ അറിയാൻ കഴിയുന്ന ഏതെങ്കിലും വ്യക്തിയോടോ വസ്തുവിനോടോ അവൻ തുലനം ചെയ്യപ്പെട്ടവനോ, തുലനം ചെയ്യപ്പെടാവുന്നവനോ അല്ല. മുൻ അദ്ധ്യായത്തിലെ അവസാനത്തെ വചനത്തിലുദ്ധരിച്ചത് പോലെ അവനെപ്പോലെ യാതൊന്നുമില്ല, ഊഹിക്കാവുന്ന യാതൊന്നും അവന് സാദൃശ്യമായില്ല. എന്നാണ് നാമുദ്ബോധിപ്പിക്കപ്പെടുന്നത്. പിന്നെങ്ങനെയാണ് നമുക്കവനെ അറിയാൻ കഴിയുക?. നമുക്കവനെ അവന്റെ ഗുണവിശേഷണങ്ങളിലൂടെ മനസ്സിലാക്കാം.

ദൈവത്തിന്റെ അന്തിമവും ആത്യന്തികവുമായ വെളിപാട് അഥവാ വിശുദ്ധ ഖുർആൻ അല്ലാഹ്! എന്ന ഏറ്റവും ശ്രേഷ്ഠമായ നാമത്തോടൊപ്പം ദൈവത്തിന്റെ തൊണ്ണൂറ്റിയൊമ്പത് ഗുണങ്ങൾ നമ്മെ അറിയിക്കുന്നു. അല്ലാഹു എന്ന അതിമനോഹരമായ കണ്ഠാഭരണത്തിന്റെ കൂടെ അണിയാവുന്ന പതക്കത്തിലെ മനോഹരമായ മുത്തുകളായി അസ്മാഉൽ ഹുസ്നാ (ഏറ്റവും സുന്ദരമായ നാമങ്ങൾ) എന്ന് വിളിക്കപ്പെടുന്ന ഈ തൊണ്ണൂറ്റി ഒമ്പത് പേരുകൾ ഖുർആനിലുടനീളം ചിതറിക്കിടക്കുന്നു.

ആ പതക്കത്തിലെ ഒരു മാതൃകാ ഖണ്ഡം ഇതാ:

هُوَ اللَّهُ الَّذِى لَآ إِلَـٰهَ إِلَّا هُوَ الْمَلِكُ الْقُدُّوسُ السَّلَـٰمُ
الْمُؤْمِنُ الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ سُبْحَـٰنَ اللَّهِ

الْحَكِيمُ



عَمَّا يُشْرِكُونَ
هُوَ اللَّهُ الْخَـٰلِقُ الْبَارِئُ الْمُصَوِّرُ لَهُ الْأَسْمَآءُ الْحُسْنَىٰ
يُسَبِّحُ لَهُ مَا فِى السَّمَـٰوَاتِ وَ الْأَرْضِ وَهُوَ الْعَزِيزُ
الْحَكِيمُ

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും, പരമ പരിശുദ്ധനും, സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും, പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ! സ്രഷ്ടാവും നിർമ്മാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന്ന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവ അവന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും."

*വിശുദ്ധ ഖുർആൻ (59:23– 24)*

## അതിസുന്ദര നാമങ്ങൾ

മേലുദ്ധരിച്ച രണ്ടു വാക്യങ്ങളിൽ വിശുദ്ധ ഖുർആനിൽ ചിതറിക്കിടക്കുന്ന തൊണ്ണൂറ്റിയൊമ്പത് ഗുണങ്ങളിൽ നിന്നുള്ള പതിമൂന്നെണ്ണം നാം കണക്കാക്കുന്നു. ഇസ്‌ലാമിനോട് ഏറ്റവും വിദ്വേഷമുള്ളവനും അസൂയാലുവുമായ ശത്രു പോലും, അതിന്റെ പരിഭാഷാരൂപത്തിൽ പോലും ഗുണങ്ങളും പദവിന്യാസവും സുന്ദരമാണെന്നും അതുല്യമാണെന്നും സമ്മതിക്കാൻ നിർബന്ധിതനാവും. മൂല ഭാഷയായ അറബിയിൽ അവയുടെ വാചകരീതിയും രചനയും തീർച്ചയായും അനുകരിക്കാനാവാത്തതും ഉദാത്തവുമാണ്.

പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് എങ്ങനെയാണ് ഒരു ഉമ്മിയ്യ് അഥവാ നിരക്ഷരൻ, അതും ഉമ്മിയ്യുകളുടേതായരാഷ്ട്രത്തിലുള്ളൊരു മനുഷ്യൻ, ദൈവത്തിന്റെ പ്രൗഢവും വർണ്ണശബളവുമായൊരു കാവ്യം രചിക്കുക? അറേബ്യയിലെ മരുഭൂമികൾക്ക് ചുറ്റുപാടും അന്ന് നിലനിന്നിരുന്നതാണെങ്കിൽ പോലും മുഹമ്മദി(സ)ന് കൂടിയാലോചിക്കാനുതകുന്ന സർവ്വവിജ്ഞാന കോശങ്ങളോ പ്രബന്ധങ്ങളോ ലഭിച്ചിരുന്നില്ല എന്നതും നാമോർക്കണം. പിന്നെവിടെ നിന്നാണ്





അദ്ദേഹത്തിന് ദൈവശാസ്ത്രത്തിന്റെ ഈ നിധികുംഭം ലഭിച്ചത് ? അദ്ദേഹം പറയുന്നു. അവയെല്ലാം എനിക്ക് ദിവ്യജ്ഞാനത്തിലൂടെ ദൈവം നൽകിയതാണ് എന്ന്. അങ്ങനെയല്ലാതെപിന്നെങ്ങനെയാണ് നാമതിനെ കണക്കാക്കുക ?

നമ്മുടെ പാണ്ഡിത്യമുള്ളവരിലേറ്റവും പാണ്ഡിത്യമുള്ള സ്നേഹിതന്മാരോട് നമുക്ക് വേണ്ടി ഏതാനും ദൈവക ഗുണവിശേഷണങ്ങൾ എഴുതിക്കൊണ്ടുവരാൻ പറയുക എന്നത് ഏറ്റവും നല്ലൊരു പരീക്ഷണമായിരിക്കും. അവരുടെ എല്ലാ ആർജ്ജിതമായ വിജ്ഞാനം കൊണ്ടും ദൈവശാസ്ത്രത്തിലെ പ്രൊഫസർമാർക്കും ഈശ്വരത്വത്തിന്റെ ഡോക്ടർമാർക്കും ഒരു ഡസൻ ഗുണങ്ങൾ പോലുമെഴുതാൻ കഴിയില്ല. ലോകോദ്ബുദ്ധരായ ആളുകൾ പറയും "നിങ്ങൾ നോക്കൂ, മുഹമ്മദ്, ഒരു പ്രതിഭാശാലിയാണ്. പ്രതിഭാശാലികൾക്ക് നമ്മെക്കാളും പത്തിരട്ടി കഴിവ് പ്രകടിപ്പിക്കാൻ കഴിയും." ഇതിനോട് നാം പ്രതികരിക്കേണ്ടത് ഇങ്ങനെയാണ്. "അതെ, പ്രതിഭാശാലികൾക്ക് നമ്മേക്കാൾ പത്തിരട്ടി കഴിവുണ്ടാകും. എന്നാൽ പ്രവാചകൻ നൽകിയ തൊണ്ണൂറ്റിയൊമ്പത് പേരുകളിൽ പിതാവ് എന്ന വാക്കില്ല എന്നതാണ് ആ ലിസ്റ്റിനെ അത്യത്ഭുതവും ദൈവീകവുമാക്കുന്നത്."

## സ്വർഗ്ഗസ്ഥനായ പിതാവ്

മനുഷരായ നമ്മുടെ ലിസ്ററിൽ, ആദ്യത്തെ അര ഡസൻ ഗുണങ്ങളിൽ പിതാവ് എന്ന പദമുരുവിടാൻ ഏതു വിഹിതം നൽകുന്നവനും ശ്രദ്ധിക്കാതിരിക്കില്ല. മുഹമ്മദിന്റെ ലിസ്റ്റി*ലുള്ള അത്ഭുതം ഈ തൊണ്ണൂറ്റിയൊമ്പതല്ല. അദ്ദേഹത്തിന്റെ ഖുർആനിൽ നിന്നും അദ്ദേഹം മാറ്റിനിർത്തിയ ഈ പ്രത്യേകമായ ഒന്നാണ്. പിതാവ് എന്ന പദം ഒരു ദൈവിക ഗുണമെന്ന നിലയിൽ ഇരുപത്തിമൂന്ന് വർഷത്തോളമുള്ള പ്രവാചക ജീവിതത്തിൽ അദ്ദേഹത്തിന് മുന്നിൽ ആടിക്കളിച്ചുവെങ്കിലും അദ്ദേഹമതിനെ വർജ്ജിച്ചു. മനപ്പൂർവ്വമോ അല്ലാതെയോ രണ്ട് ദശകത്തോളം അദ്ദേഹത്തിന്റെ ശബ്ദകോശത്തിൽ നിന്നൊഴിവാക്കിയത് കൊണ്ട്, അത് ഇസ്‌ലാമിക ദൈവശാസ് ത്രത്തിൽ നിന്നും പുറത്തായി.

നിങ്ങൾക്കെന്നോട് ചോദിക്കാനവകാശമുണ്ട്. ക്രിസ്ത്യാനികളുടെ കർത്താവിന്റെ പ്രാർത്ഥനയെക്കുറിച്ച് എന്ത് പറയുന്നു. വായിക്കൂ,

* ഇത് മുഹമ്മദിന്റെ ലിസ്റ്റല്ല. ഖുർആൻ അദ്ദേഹത്തിന്റെ സൃഷ്ടിയുമല്ല. ഞാനീ സാങ്കേതിക പദമുപയോഗിക്കുന്നത് അവിശ്വാസികളോട് സംസാരിക്കുന്ന ശൈലിയിലാണ്

മിസ്റ്റർ ദീദാത്ത്! സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയുടെ നാമം പവിത്രമായിരിക്കട്ടെ, അങ്ങയുടെ രാജ്യം വരേണമേ, സ്വർഗ്ഗത്തെപ്പോലെ ഭൂമിയെയും നീ ആക്കേണമേ.

അതിലെന്താണ് തെറ്റുള്ളത്? നിങ്ങൾ ചോദിക്കുന്നു. ഒന്നുമില്ല! പിന്നെന്തുകൊണ്ടാണ് മുസ്ലിംകൾ അതിനോട് അലർജി കാണിക്കുന്നത്? ഞാൻ നമ്മുടെ പ്രതിയോഗികളെപ്പോലെ മഞ്ഞപ്പിത്തം ബാധിച്ചവനല്ല. ക്രിസ്തീയ പ്രാർത്ഥന സുന്ദരമാണെന്ന് സമ്മതിക്കാമെങ്കിലും അതിൽ ചില പരിമിതികളുണ്ട്. ദൈവത്തിന്റെ നാമങ്ങൾ എന്റെ കുട്ടി ഈ പ്രാർത്ഥനയിലൂടെ ഒരിക്കലും പഠിക്കില്ല എന്ന് നിങ്ങൾക്ക് കാണാം. അവന്റെ പേരെന്ത്? പുതിയ നിയമത്തിലെ ഇരുപത്തേഴ് പുസ്തകങ്ങളിലും ദൈവത്തിന്റെ നാമം ഒരിക്കൽ പോലും കണ്ടെത്താൻ കഴിയില്ല!. ദൈവത്തിന്റെ പേരിന് പകരമായിട്ട് പിതാവ് എന്ന് നൽകിയിരിക്കുന്നു.

ഇത് അവന്റെ പേരല്ല! ഒരു വിശേഷഗുണത്തിന്റെ അർത്ഥമെന്ന നിലയിൽ നാഥൻ, ദൈവം, സൃഷ്ടികർത്താവ്, നിശ്ചയിക്കുന്നവൻ എന്നിവയിൽ നിന്നുള്ള വ്യത്യസ്തത എനിക്ക് അംഗീകരിക്കാനവില്ല. സ്വർഗ്ഗത്തിലെ സ്നേഹമയനായ പിതാവ് , നമ്മുടെ സ്വർഗ്ഗസ്തനായ പിതാവേ എന്നിത്യാദി....

നാം മുസ്ലിംകൾ പിതാവ് എന്ന പദത്തിന്റെ ആർജ്ജിത ലക്ഷ്യാർത്ഥമുള്ള പുതിയ സാരത്തെ അംഗീകരിക്കുന്നില്ല.

## ഒരേ ഒരു ഉളവായ പുത്രൻ

ക്രിസ്തീയ ദൈവശാസ്ത്രത്തിൽ പിതാവ് എന്ന ഈ ലളിതവും നിഷ്കളങ്കവുമായ പദം ഒരു നൂതനമായ അർത്ഥമാണാർജ്ജിച്ചിരിക്കുന്നത്. ക്രിസ്തീയത പ്രകാരം അദ്ദേഹത്താൽ മകൻ യേശു ഉളവാക്കപ്പെട്ടവനാണ്. അവരുടെ ചോദ്യോത്തര രൂപത്തിലുള്ള ഉപദേശ വിധികളിലവർ പറയുന്നത് യേശു ദൈവ പദവിയിലേറ്റവുമുയർന്ന ദൈവമാണ്. പിതാവിനാൽ ഉളവായവനും, ഉളവായവനാണ്, ഉണ്ടാക്കപ്പെട്ടവനല്ല. വാക്യങ്ങൾക്കെന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ, എന്താണ് ഇതിന്റെ വിവക്ഷ? വിശുദ്ധ ബൈബിൾ പ്രകാരം ദൈവത്തിനനേകം മക്കളുണ്ട്. ആദം, ഇസ്റായീൽ, എഫ്റേം, ദാവീദ്, ശൊലോമോൻ എന്നിത്യാദി.. പക്ഷേ, ഇവരെല്ലാവരും ആലങ്കാരിക





മായ മക്കളാണ്. സ്രഷ്ടാവ്, പരിപോഷകൻ എന്നീ നിലകളിൽ സർവ്വശക്തനായ ദൈവം ആലങ്കാരികമായി അവന്റെ മനുഷ്യരും മൃഗങ്ങളുമായ എല്ലാ സൃഷ്ടികളുടെയും പിതാവാണ്. പക്ഷേ യേശു അങ്ങിനെയല്ലെന്ന് ക്രിസ്ത്യാനികൾ പറയുന്നു. അദ്ദേഹം ഉളവായവനാണ്, ഉണ്ടാക്കപ്പെട്ടവനല്ല! ദൈവത്തിന് താഴ്ന്ന വർഗത്തിൽപെട്ട മൃഗങ്ങളുടെ ധർമ്മമായ ലൈംഗികത കൽപിക്കുന്ന ഇത് ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വെറുപ്പ് വരുത്തുന്ന പ്രസ്താവമാണ്.

## അർത്ഥങ്ങൾ മാറുന്നു

തുടക്കത്തിൽ ദൈവത്തിനു പകരം പിതാവ് എന്ന പദത്തിന് നിന്ദാപരമായ ഒരു പങ്കാളിത്തവുമുണ്ടായിരുന്നില്ല. പക്ഷേ പദങ്ങൾക്ക് സന്ദർഭങ്ങൾക്കനുസരിച്ച് അർത്ഥങ്ങൾ മാറുന്നു. ഞാൻ Comrade', 'gay' എന്നീ രണ്ടു പദങ്ങളുടെ ഉദാഹരണങ്ങൾ നൽകാം.

Comrade': യഥാർത്ഥത്തിൽ സുന്ദരവും കളങ്കമില്ലാത്തതുമായ ഒരു പദം, ഒരേ മുറി പങ്കുവെക്കുന്ന ഭടനെന്നോ കൂടെപാർപ്പുകാരനെന്നോ അർത്ഥമുള്ള പുരാതന ഫ്രെഞ്ചിൽ നിന്നുമുടലെടുത്ത വാക്ക് സ്നേഹിതൻ, കൂട്ടുകാരൻ അല്ലെങ്കിൽ പങ്കാളി എന്ന് സാരം. പക്ഷേ ഇന്ന് അതേ പദം commy അഥവാ കമ്മ്യൂനിസ്റ്റ് ആയി മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടിയുടെ മെമ്പറായി ഒരു കീടത്തെയോ ഇത്തിക്കണ്ണിയേയോ പോലെ നിരാകരിക്കേണ്ടുന്ന ഉത്പതിഷ്ണുവീക്ഷണമുള്ള വിധ്വംസകനും വിപ്ലവകാരിയുമായി അമേരിക്കക്കാർക്ക് ദുർഗന്ധസമാനമായിരിക്കുന്നു. യു.എസിലെ ഏതെങ്കിലുമൊരു വിഡ്ഢിയായ സുഹൃത്ത് നിങ്ങളെ കോമ്റേഡ് എന്ന് വിളിച്ചാൽ അത് നിങ്ങളുടെ തൊഴിലിനെയും ജീവിതത്തെയും അപകടത്തിലാക്കാൻ മതി.

Gay': ഈ പദത്തിലെന്താണ് തെറ്റ് ? ഒന്നുമില്ല ! എന്റെ പ്രാഥമിക വിദ്യാഭാസകാലത്ത് ഉത്സാഹം, അല്ലെങ്കിൽ ഉല്ലാസപ്രദമായ വികാരവിക്ഷോഭം പ്രകടിപ്പിക്കുക എന്നാണ് വിശേഷിപ്പിക്കപ്പെട്ടത്. ഒരു ആഹ്ലാദിക്കുന്ന വ്യക്തിയെയാണ് സൂചിപ്പിക്കപ്പെട്ടത്. ഞാൻ പഠിപ്പിക്കപ്പെട്ടു.

> Gentle lords and ladies gay on the
> mountain dawns the day"

പദ്യത്തിന്റെ ബാക്കി ഞാൻ മറന്നു. ഇവിടെ ഞാൻ മനസ്സിലാക്കിയത് gay എന്നാൽ സന്തോഷഭരിതം എന്നും ആനന്ദം എന്നുമാണ്. കുട്ടികൾ സ്കൂളിൽ പഠിക്കുന്ന ഈ നിരുപദ്രവകാരിയായ പദം കാലാന്തരത്തിൽ അതിന്റെ ഏറ്റവും പ്രാഥമികാർത്ഥത്തിൽ സ്വവർഗഭോഗി, എന്ന അശുദ്ധവും വൃത്തികെട്ടതുമായ ഒരർത്ഥമാർജ്ജിക്കുമെന്ന് ഞാനൽപംപോലുമൂഹിച്ചിരുന്നില്ല. ഇന്ന് Ladies gay എന്നാൽ സ്വവർഗ സംഭോഗശീലമുള്ള സ്ത്രീ എന്നാണർത്ഥം. തുല്യമാതൃകയിൽ ബഹുമാന്യ പദമായ പിതാവ് പിതാവിന്റെ ഒരേ ഒരു ഉളവായവൻ എന്ന വിശ്വാസത്താൽ മലീമസമായിരിക്കുന്നു.

## റബ് ആണോ അല്ല അബ് ആണോ ?

അതിന്റെ മത പദസഞ്ചയത്തിൽ നിന്നും ദൈവത്തിന് വേണ്ടി പിതാവ് (അബ്) എന്ന പദം മാറ്റിനിർത്തിക്കൊണ്ട് മുഹമ്മദി(സ)ലൂടെ സർവ്വശക്തനായ ദൈവം ഇസ്ലാമിനെ സംരക്ഷിച്ചിരിക്കുന്നു. നാഥൻ, പരിപോഷകൻ, പോഷകൻ, പരിണമിപ്പിക്കുന്നവൻ എന്നിങ്ങനെയെല്ലാം അർത്ഥമുള്ള റബ്ബ് എന്ന പദമടക്കം (ഈ പദം വിശുദ്ധ ഖുർആനിൽ ഒരു ഡസനോളം സന്ദർഭങ്ങളിൽ വരുന്നു) വിശുദ്ധ ഖുർആൻ ദൈവത്തിന്റെ തൊണ്ണൂറ്റിയൊമ്പതോളം വിശേഷഗുണങ്ങളെ പട്ടികയിൽ ചേർക്കുന്നു എന്നത് അത്ഭുതകരമായ വസ്തുതയാണ്. പക്ഷേ, അതിലും എളുപ്പമുള്ള പദമായ അബ് അഥവാ പിതാവ് എന്ന് അറബിയിലും ഹീബ്രുവിലും അർത്ഥമുള്ള പദം അങ്ങനെ മുസ്ലിംകളെ ഒരേയൊരു ഉളവാക്കപ്പെട്ട പുത്രൻ! എന്ന ദൈവ ദൂഷണത്തിൽ നിന്നും സംരക്ഷിച്ചു കൊണ്ട്, ഒരിക്കൽ പോലുമുപയോഗിക്കുന്നില്ല. ആർക്കാണ് നാം ഈ അത്ഭുത കർമ്മത്തിനുള്ള ബഹുമതി നൽകേണ്ടത് ? അല്ലാഹുവിനാണോ അല്ല മുഹമ്മദി(സ)നാണോ? വിശുദ്ധ പ്രവാചകൻ ഏതു ബഹുമതിയെയും നിരാകരിക്കുന്നു. ഇതെല്ലാം വെളിപാടിലൂടെ അദ്ദേഹത്തിനു നൽകപ്പെട്ടതാണെന്നും നിങ്ങൾ കേൾക്കുന്ന ശബ്ദം അദ്ദേഹത്തിന്റേതല്ലെന്നും അവ ദൈവവചനങ്ങൾ അദ്ദേഹത്തിന് ചൊല്ലിക്കൊടുക്കപ്പെട്ടതാണെന്നും എല്ലായ്പോഴുമദ്ദേഹം പറയുന്നു.!





അദ്ധ്യായം 6

# തർക്ക പരിഹാരം

വിവിധ വീക്ഷണ കോണുകളിൽ നിന്നും വ്യാഖ്യാനിക്കാവുന്ന വിശുദ്ധ ഖുർആൻ മഹത്തായൊരത്ഭുത ഗ്രന്ഥമാണ്. ഒരു സാധാരണക്കാരനെ സ്വാധീനിച്ച പ്രകാരം ഞാൻ ലളിതമായ ചില വശങ്ങളാണ് നിങ്ങളുമായി പങ്കുവെക്കാൻ ശ്രമിച്ചത്. ഈ ഗവേഷണത്തിന് ഒരന്ത്യമില്ല. ഞാനീ കർത്തവ്യത്തെ കൂടുതൽ പാണ്ഡിത്യമുള്ള എന്റെ സഹോദരന്മാരെയും നിപുണരായ ഇസ്ലാമിലെ പണ്ഡിതന്മാരെയും ഏൽപിക്കുന്നു. അവരുടെ സംരംഭം കാണാൻ എനിക്ക് ആയുസ്സുണ്ടാവട്ടെ. ഈ ചെറു പ്രസിദ്ധീകരണത്തിനുള്ള ഒടുവിലത്തെ ഉദാഹരണത്തോടെ ഞാനവസാനിപ്പിക്കട്ടെ.

## സ്വാസിലാന്റിലേക്കുള്ള ക്ഷണം

കുറച്ചു വർഷങ്ങക്ക് മുമ്പ് സ്വാസിലാന്റിൽ ഒരു തർക്കമുയർന്നു. സൊബൂസ രാജാവിന്ന് തന്റെ തെരഞ്ഞെടുക്കപ്പെട്ട രാജ്ഞി മരണപ്പെട്ടു. ഒരാൾക്ക് വീണ്ടും വിവാഹിതനാകുന്നതിന് മുമ്പ് കാത്തിരിക്കേണ്ട കാലാവധിയെത്രയെന്ന വിഷയത്തെക്കുറിച്ച് രാജ്യത്തെ ക്രിസ്തീയ ചർച്ചുകൾ വാചകക്കസർത്ത് തുടങ്ങി. രാജാവിന് എട്ട് ഭാര്യമാരോളം പിന്നെയുമുണ്ടായിരുന്നത് കൊണ്ട് അത് അത്ര ഗൗരവമേറിയ പ്രശ്നമായിരുന്നില്ല. അത്കൊണ്ട് ചർച്ചാവിഷയം ഭർത്താവ് മരിച്ചാൽ സ്ത്രീ എത്ര നാൾ കാത്തിരിക്കണം? എന്നതായി മാറി. കൊച്ചു രാജ്യത്ത് വാദപ്രതിവാദം ഉഗ്രമായപ്പോൾ പ്രശ്നം എല്ലാ വശത്ത് നിന്നും ചർച്ച ചെയ്യാൻ രാജ്യത്തെ എല്ലാ

വിഭാഗം ചർച്ചുകളുടെയും വൈദിക മേലധ്യക്ഷന്മാരുടെ ആലോചനാസഭ വിളിച്ചു ചേർക്കണമെന്ന് കൃപാലുവായ രാജാവ് ഉത്തരവ് നൽകി.

മൂസാ ബോർമാൻ എന്ന ഇസ്ലാം സ്വീകരിച്ച ഒരു സ്വാസി സഹോദരൻ അദ്ദേഹത്തിന്റെ മതശാഖയായ ഇസ്ലാമിനെക്കൂടി ചർച്ചയിലുൾപ്പെടുത്തണമെന്ന് രാജാവിനോട് ആവശ്യപ്പെട്ടു. അങ്ങനെ രാജാവിന്റെ അനുഗ്രഹത്താൽ എന്നെയും ചർച്ചയിൽ സംബന്ധിക്കാനുപചരിച്ചു.

ഒരു ദിവസം രാവിലെ രാജാവിന്റെ (ഗ്രാമത്തിൽ) ക്രിസ്തീയതയുടെ വിവിധ മതശാഖകളുടെ പ്രതിനിധികൾ വൈധവ്യത്തിന്റെ കാലാവധിയെക്കുറിച്ചൊരു സർവ്വസമ്മതമായ തീരുമാനത്തിലെത്താൻ സമ്മേളിച്ചു. പ്രാസംഗികർ ഓരോരുത്തരും അവരുടെ പ്രഭാഷണം അവതരിപ്പിച്ചു. സർവ്വശക്തനായ ദൈവം ആഫ്രിക്കക്കാരനെ പ്രാപ്തനാക്കിയിരിക്കുന്നു. ഒരോരുത്തരും ഭാവിയിലൊരു ബില്ലിഗ്രഹാമോ ജിമ്മി സ്വഗ്ഗാർട്ടോ ആയേക്കാം.!

ഓരോ പ്രഭാഷണത്തിനു ശേഷവും സദസ്യർ ഉത്സാഹഭരിതരായി കൈയ്യടിച്ചു. പിന്നാലെ വന്ന പ്രാസംഗികൻ തന്റെ മുൻഗാമിയുടേത് വെറും അസംബന്ധം എന്ന് സൂചിപ്പിച്ചു കൊണ്ട് പാലിഷ് (കഞ്ഞി) എന്ന് പറഞ്ഞു തള്ളിക്കളഞ്ഞും അത്യുച്ചത്തിൽ മുഴങ്ങുന്ന കൈയ്യടിക്കനുസരിച്ച് പ്രസംഗം നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ചെയ്തു. രാവിലെ മുതൽ വൈകുന്നേരം വരെ ഈ അഭ്യാസ പ്രകടനം നീണ്ടു നിന്നു. ഏകദേശം അഞ്ചു മണിക്ക് എന്റെ ഊഴം വന്നു. വിശുദ്ധ ഖുർആന്റെ പതിപ്പ് എന്റെ കൈയ്യിൽ വെച്ചു കൊണ്ട് ഞാൻ തുടങ്ങി.

പുനർവിവാഹത്തിന്, അവളുടെ ഭർത്താവിന്റെ മരണ ശേഷം ഒരു സ്ത്രീ ഏതുവരെ കാത്തിരിക്കണമെന്നതിനുള്ള ഉത്തരം കിട്ടാതെയുള്ള പരുങ്ങലിലാണ് നാം രാവിലെ മുതൽ രാത്രിവരെ: പഴയ നിയമമെന്ത് പറയുന്നു എന്ന് നാം കേട്ടു, പുതിയ നിയമമെന്ത് പറയുന്നു എന്നും നാം കേട്ടു., പക്ഷേ നമുക്കൊരു ഉത്തരമിതുവരെ കിട്ടിയില്ല. കാരണം നമ്മുടെ പ്രശ്നത്തിനുള്ള ഉത്തരം ഒടുവിലത്തെ നിയമത്തിലാണുള്ളത്.





## ഒടുവിലത്തെ നിയമം

ഒടുവിലത്തെ നിയമം ക്രിസ്തീയ പുരോഹിതന്മാർക്കും ധർമ്മോപദേശകർക്കും ഒരു പൊട്ടിത്തെറിക്കുന്ന ബോംബായിരുന്നു. ഒടുവിലത്തെ നിയമം എന്ന പ്രയോഗശൈലി അവരുടെ ജീവിതത്തിൽ ഒരിക്കലും അവർ കേട്ടിരുന്നില്ല. പുതിയതും പഴയതും, പഴയതും പുതിയതും ഉദ്ധരിക്കുന്നത് സഹായിക്കില്ല, കാരണം ദൈവത്തിൽ നിന്നും മാനവതക്കായുള്ള ഒടുവിലത്തെ നിയമത്തിലാണ് ഉത്തരമുള്ളത്. ഞാൻ ഗ്രന്ഥം എന്റെ തലയുടെ മേൽ ചുഴറ്റി കാണിച്ചു. എന്നിട്ട് വിശുദ്ധ ഖുർആനിലെ അദ്ധ്യായം 2ലെ 234ാം വചനത്തിന്റെ ഇംഗ്ലീഷ് പരിഭാഷ മാത്രം വായിച്ചു. എളുപ്പത്തിലോർമ്മിക്കാൻ പറ്റിയൊരു റെഫ്രൻസ് നമ്പറാണ് 2:234 വെറും 2234!

“നിങ്ങളിൽ ആരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചു കൊണ്ട് മരണപ്പെടുകയാണെങ്കിൽ അവർ (ഭാര്യമാർ) തങ്ങളുടെ കാര്യത്തിൽ നാലു മാസവും പത്തു ദിവസവും കാത്തിരിക്കേണ്ടതാണ്. എന്നിട്ട് അവരുടെ ആ അവധിയെത്തിയാൽ തങ്ങളുടെ കാര്യത്തിലവർ മര്യാദയനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല.”

ഞാൻ സദസ്യരോട് ചോദിച്ചു. നാലു മാസവും പത്തു ദിവസവും, നിങ്ങൾക്ക് വല്ല വ്യാഖ്യാനവുമാവശ്യമുണ്ടോ? അവരെല്ലാവരുമൊരുമിച്ച് വേണ്ട എന്ന് പറഞ്ഞു. പണ്ഡിതന്മാരായ പുരോഹിതന്മാരോട് നാലു മാസവും പത്തു ദിവസവും എന്ന കാലാവധിക്കു പിന്നിലുള്ള യുക്തിയെന്താണെന്ന് വിവരിച്ചു. അതിന് മുമ്പ് വരുന്ന വചനങ്ങളിൽ ദൈവത്തിന്റെ ഈ ഒടുവിലത്തെ നിയമത്തിൽ വിവാഹമോചനത്തിന് ശേഷം കാത്തിരിക്കേണ്ട സമയത്തെക്കുറിച്ച് നമ്മോട് പറയുന്നു.

“വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്ന് മാസമുറകൾ (കഴിയുംവരെ) കാത്തിരിക്കേണ്ടതാണ്.”

*വിശുദ്ധ ഖുർആൻ (2:228)*

സോപാധികമായി വേർപ്പെടുത്തപ്പെട്ട വിവാഹം ഒരു ചർച്ചാവിഷയമായി കലാശിക്കാൻ സാധ്യതയുള്ളത് കൊണ്ടാണത്. അതേയവ

സരത്തിൽ വൈധവ്യത്തിന്റെ അവസ്ഥയിൽ ഒരു മാസവും പത്തു ദിവസത്തെയും കാലാവധി കൂടുതലായി നിർദ്ദേശിക്കപ്പെടുന്നു. വളരെ യുക്തിയുക്തമെന്ന് എല്ലാവരും അംഗീകരിക്കുമെങ്കിലും ഇതിലെല്ലാമുള്ള അത്ഭുതമെന്താണ്? ഭർത്താവിന്റെ മരണശേഷമുള്ള നാലു മാസവും പത്തു ദിവസത്തെയും വിവാഹമോചനത്തിന് ശേഷമുള്ള മൂന്നു മാസത്തെയും കാലാവധി ഏതു വിവേകമുള്ള മനുഷ്യനുമൂഹിക്കാൻ കഴിയും. മുഹമ്മദിന്റെ ഊഹം മറ്റാരുടേതും പോലെ ഗുണകരമായത് തന്നെ. ഇത് സത്യമാണ്. പക്ഷേ, ആരോഗ്യ കരവും ഉപയോഗപ്രദവുമായ ഈ അദ്ധ്യാപനങ്ങളെല്ലാം മുഹമ്മദി (സ)ന്റെ സൃഷ്ടിയല്ല എന്നതിനുള്ള തെളിവ് നാലു മാസവും പത്തു ദിവസവും എന്ന കാലാവധിയെത്തുടർന്നുള്ള വചനങ്ങളിലുണ്ട്: “(ഇദ്ദയുടെ ഘട്ടത്തിൽ) ആ സ്ത്രീകളുമായുള്ള വിവാഹാലോചന നിങ്ങൾ വ്യംഗമായി സൂചിപ്പിക്കുകയോ മനസ്സിൽ സൂക്ഷിക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്കു കുറ്റമില്ല. അവരെ നിങ്ങൾ ഓർത്തേക്കുമെന്ന് അല്ലാഹുവിന്ന് അറിയാം.

പക്ഷേ, നിങ്ങൾ അവരോട് മര്യാദയുള്ള വല്ല വാക്കും പറയുക എന്നല്ലാതെ രഹസ്യമായി അവരോട് യാതൊരു നിശ്ചയവും ചെയ്തുപോകരുത്. നിയമപ്രകാരമുള്ള അവധി (ഇദ്ദ) പൂർത്തിയാകുന്നത് വരെ (വിവാഹ മുക്തകളുമായി) വിവാഹബന്ധം സ്ഥാപിക്കാൻ നിങ്ങൾ തീരുമാനമെടുക്കരുത്.”

*വിശുദ്ധ ഖുർആൻ (2:235)*

## ദൈവത്തിന്റെ കൈവിരലടയാളം

കാത്തിരിക്കേണ്ട നിശ്ചിത സമയം കഴിയാതെ വിവാഹബന്ധ ത്തിലേർപ്പെടാൻ തീരുമാനമെടുക്കരുത്. ഇത് മുഹമ്മദി(സ)ന്റെ സാമർത്ഥ്യമല്ല. ഇത് സർവ്വജ്ഞാനിയായ ദൈവത്തിന്റെ വിവേകമാണ്. എല്ലാം അറിയുന്ന സ്രഷ്ടാവിന് അവന്റെ അടിമകളുടെ ദൗർബല്യ ങ്ങളറിയാം. മനുഷ്യൻ അവന്റെ ദുരാഗ്രഹം കൊണ്ടും അത്യാർത്തി കൊണ്ടും പാവപ്പെട്ടവളും വ്യഗ്രമനസ്കയുമായ വിധവയെ ന്യായര ഹിതമായി വഞ്ചിക്കും. അവൾക്കവളുടെ നട്ടെല്ലായ അവളുടെ ആഹാര സമ്പാധകനെ ഏതാണ്ട് നഷ്ടപ്പെട്ടതേയുള്ളൂ. അവൾക്ക്





അനേകം കൊച്ചു കുട്ടികളെ തീറ്റിപ്പോറ്റാനുണ്ട്. ഒരു പക്ഷേ അവളുടെ അഴക് നഷ്ടപ്പെട്ട് വിവാഹ കമ്പോളത്തിൽ അവളുടെ മൂല്യമിടി ഞ്ഞിരിക്കാം. അവളേതു വൈക്കോലിലും ചാടിപ്പിടിച്ചേക്കാം. അവളുടെ വൈകാരികതയുടെയും അസ്വസ്ഥതയുടെയുമവസ്ഥയിൽ ഒരു ക്രൂരൻ വിവാഹാഭ്യാർത്ഥന നൽകിയാൽ അവളുടെ അരക്ഷിതാവസ്ഥയാലും തിടുക്കത്താലും അവൾ ഉടനടി സമ്മതിച്ചേക്കാം. അധിപനായ മനശ്ശാസ്ത്രജ്ഞൻ (മുഹമ്മദ്(സ) മനുഷ്യൻ വെയ്ക്കുന്ന എല്ലാ കെണികളെക്കുറിച്ചും പൂർണ്ണ ബോധവാനാണ്. അത് കൊണ്ടാണ് ഈ മുന്നറിയിപ്പ്. നിയുക്ത നിബന്ധനകൾ നിറവേറ്റപ്പെടുന്നത് വരെ ഉടമ്പടിയില്ല.

വിവാഹമോചനത്തിന് ശേഷമുള്ള ഇദ്ദയുടെ കാലാവധി മൂന്ന് മാസമാണ്. ഇവിടെ അവളുടെ മനോദാർഢ്യവും സമചിത്തതയും വീണ്ടെടുക്കാനാണ് 40 ദിവസം കൂടുതൽ നൽകപ്പെടുന്നത്. അതിന്നി ടയിൽ വിവാഹത്തിനുള്ള നിർദ്ദേശങ്ങൾ വന്നാൽ അവൾക്കത് അവളുടെ സ്നേഹിതകളുമായും ബന്ധുക്കളുമായും ശാന്തമായി ചർച്ച ചെയ്യാൻ സാധിക്കും. ധൃതിപിടിച്ച സമ്മതം മൂലമുണ്ടാകുന്ന ദീർഘ കാലം അനുഭവിക്കേണ്ട വേദനയാർന്ന സംഭവ വികാസങ്ങൾ പതിയിരിക്കുന്ന അപകടങ്ങൾ അത് കൊണ്ട് അവൾക്ക് ഒഴിവാക്കു കയും ചെയ്യാം.

പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് മരുഭൂമിയിൽ വെച്ച് മുഹമ്മദ് (സ) ഈ സങ്കീർണ്ണങ്ങളായ ശാഖകളെ വിചിന്തനം ചെയ്തു കണ്ടു പിടിക്കയായിരുന്നോ? ഹാ! കഷ്ടം, നിങ്ങൾ അദ്ദേഹത്തിനു വളരെ കൂടുതൽ അംഗീകാരം നൽകുന്നു. ഖുർആനിക വിവേകം അദ്ദേഹം ഉദ്ഭവിപ്പിച്ചതല്ല എന്നദ്ദേഹം വീണ്ടും വീണ്ടും ആവർത്തിക്കുന്നു.

“അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു.”

*(വി.ഖു : 53:4)*

എന്നിട്ടും അദ്ദേഹത്തിന്റെ സാക്ഷ്യത്തിൽ നിങ്ങൾ സംശയിക്കു ന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ വെല്ലുവിളി നിങ്ങൾ നേരിടുക. അദ്ദേഹത്തോടു പറയുവാൻ കൽപിക്കപ്പെടുന്നു.

قُل لَّئِنِ اجْتَمَعَتِ الْإِنسُ وَالْجِنُّ عَلَىٰ أَن يَأْتُوا
بِمِثْلِ هَٰذَا الْقُرْآنِ لَا يَأْتُونَ بِمِثْلِهِ وَلَوْ كَانَ بَعْضُهُمْ
لِبَعْضٍ ظَهِيرًا

"(നബിയേ,) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും."

*വിശുദ്ധ ഖുർആൻ (17:88)*

വിശുദ്ധ ഖുർആനെപ്പോലൊരു ഗ്രന്ഥമവതരിപ്പിക്കാൻ ലോകം വെല്ലുവിളിക്കപ്പെട്ടുവെങ്കിലും പതിനാലുനൂറ്റാണ്ടുകളായി അങ്ങനെയൊന്ന് ഉണ്ടാക്കപ്പെട്ടിട്ടില്ല. ഇന്ന് പതിനഞ്ച് ദശലക്ഷത്തോളമുണ്ടെന്ന് ആത്മപ്രശംസ ചെയ്യുന്ന, തങ്ങൾ ചെയ്തതിനെക്കാൾ നന്നായി മറ്റുള്ളവർ ചെയ്യുന്നത് കാണാൻ ആഗ്രഹമില്ലാത്ത അറബ് ക്രിസ്ത്യാനികൾ ക്രിസ്തീയ സുവിശേഷങ്ങൾ ഖുർആന്റെ ശൈലിയിൽ നിർമ്മിച്ചിട്ടുണ്ട്. അവർ വിശുദ്ധ ഖുർആന്റെ വാകൃങ്ങളും പദസമുച്ചയങ്ങളും മാത്രമല്ല രചനാരീതി പോലും മോഷ്ടിച്ചു കൊണ്ടാണ് സാഹിത്യചോരണം നടത്തിയിട്ടുള്ളത്. അക്കാര്യത്തിൽ ബിസ്മില്ലാഹ്!* പോലും അവർ മറന്നു പോയിട്ടില്ല. അവരുടെ അത്യാധുനിക നിർമ്മിതിയുടെ ഓരോ അദ്ധ്യായവും തുടങ്ങുന്നത് തന്നെ ഖുർആനിക വെളിപാടുകളുടെ ആദ്യ വചനം കൊണ്ടാണ്. നിങ്ങൾ വിശ്വസിക്കണമെങ്കിൽ അത് കാണേണ്ടിയിരിക്കുന്നു. അവരുടെ മനുഷ്യനിർമ്മിത വെളിപാടിന്റെ ഒരു കോപ്പിയിതാ:

*ഖുർആനിലെ ഓരോ അദ്ധ്യായവും തുടങ്ങുന്നത് പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ എന്ന ഈ സൂത്ര വാക്യത്തോടെയാണ്)






باب السكينة (٢٧)
مقدسية

بسم الله الرحمن الرحيم

(١) قل يا أيها الذين آمنوا إن كنتم تؤمنون بالله حقا
فآمنوا بي ولا تخافوا إن لكم عند الله جنات نزلا (٢)
فلأسبقنكم إلى الله لأعدها لكم ثم لآتينكم نزلة أخرى (٣)
وإنكم لتعرفون السبيل إلى قبلتي المثلى فقال له توما
الحواري مولانا إنا لا نعلم من ذلك علما (٤) فقال له
عيسى أنا هو الصراط إلى الله حقا ومن دوني لا تستطيعون
إليه سبيلا (٥) ومن عرفني فكأنما عرف الله وهأنكم منذ

ഖുർആൻ അനുകരിക്കാനാവാത്തതാണെന്നതിന് തെളിവ് ആവശ്യമാണെങ്കിൽ ഇവിടെയിതാ മറ്റൊരു തെളിവ്. നിങ്ങളുടെ ശക്തിയനുസരിച്ച് ശ്രമിക്കുക. വെല്ലുവിളി ഇപ്പോഴും നിലനിൽക്കുന്നു. വിശുദ്ധ ഖുർആൻ മുഹമ്മദിന്ന്(സ) വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ വചനങ്ങളും അവ അത്ഭുതങ്ങളുടെ അത്ഭുതവുമാണ്. !

തീർച്ചയായും ഒരത്ഭുതം തന്നെയാണത് !

*റെവ. ബോസ്‌വോർത്ത് സ്മിത്ത് .*

*********